T61
C42

T61
C42

# സാഹിത്യവിഹാരം.

## ൧. കുഞ്ചൻനമ്പ്യാർ.

---

റാവുസാഹിബ് ഒ. എം. ചെറിയാൻ ബി. ഏ. എൽ. റ്റി.

—:o:—

എസ്സ്. ആർ. ബുക്കഡിപ്പോ,
തിരുവനന്തപുരം.

—:o:—

"ശ്രീരാമവിലാസം" പ്രസ്സ് — കൊല്ലം.

കാപ്പി ൪൦൦൦

൧൧൦൭.

---

പ്രകാശകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

[വില ചക്രം — ൧൦ൽ.

# വിഷയവിവരം.


| | | മുതൽ | വരെ. |
|---|---|---|---|
| ൧. | മുഖവുര | i | ...... iv |
| ൨. | ദമയന്തീസ്വയംവരം | | ...... ൨൭ |
| ൩. | ധ്രുവചരിതം | ൨൮ | ...... ൪൦ |
| ൪. | ത്രിപുരദഹനം | ൪൧ | ...... ൬൮ |
| ൫. | കൃഷ്ണാർജ്ജുന വിജയം | ൭൦ | ...... ൯൮ |


—:0:—

# മുഖവുര.

സാഹിത്യസംബന്ധമായ പല ആശാകുസുമങ്ങൾ, എന്റെ മനസ്സിൽ അങ്കുരിച്ച്, വളൎന്നും വളരാതെയും വാടിവരണ്ടിട്ടുണ്ട്. അവയിലൊന്നു മലയാളസാഹിത്യപാരായണത്തിലേയ്ക്കു സംസ്കൃതാനഭിജ്ഞന്മാരെ ക്ഷണിക്കണമെന്നുള്ളതാണ്. സംസ്കൃതപരിചയം സാധാരണ കുറവായ കൃഷകന്മാർ, കച്ചവടക്കാർ, മുതലായവർ സാഹിത്യപാരായണംനിമിത്തം ഉണ്ടാകാവുന്ന ആനന്ദലോകത്തെ പ്രായേണ ഇനിയും പരിചയിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. രാമചരിതകൎത്താവു് അല്ലെങ്കിൽ കണ്ണശ്ശപ്പണിക്കരുടെകാലംമുതൽ, വള്ളത്തോൾ നാരായണമേനോൻ അല്ലെങ്കിൽ ഉള്ളൂർ പരമേശ്വരയ്യർവരെയുള്ള സൂരികളുടെ കൃതികളിൽ അടങ്ങുന്ന അമൂല്യവും, സ്പൃഹണീയവും ആയ ഭണ്ഡാഗാരം, ഓരോ മലയാളിയുടേയും സ്വത്തുതന്നെ. സ്വഭാവോന്നമനം സാധിക്കുന്നതിൽ സാഹിത്യത്തിനുള്ള പ്രവേശനത്തെ വിമർശിക്കണമെന്ന്, ഇവിടെ ഉദ്ദേശിക്കുന്നില്ല. അതു എത്രയും വിപുലമായ ഒരു വിഷയമാണ്. എന്നാൽ സ്വഭാവോന്നമനം സാധിക്കുന്നതിനു സാഹിത്യത്തെ ശക്തമാക്കത്തക്കവണ്ണം, ഗ്രന്ഥവിഷയം പഠിതാവിന്റെ ഹൃദയത്തെ സ്പർശിക്കുന്ന അവസരങ്ങളുടെ അനുഭവൈകവേദ്യമായ മാധുൎയ്യത്തെ അനുഭവിക്കുവാൻ ഇടയാകാത്ത ജഡന്മാർ—ജഡന്മാർതന്നെ. സ്വാധീനത്തിൽ വന്നാപലഹാരം കയ്പുചേൎന്നതായിരിക്കാമെന്നും, മെത്തവിരിച്ച കട്ടിൽ മക്കുണോപദ്രവം ഉള്ളതായിരിക്കാമെന്നും, ഭ്രമിച്ച് അജ്ഞന്മാർ ഉപേക്ഷിക്കുന്നതുപോലെ —മലയാളഭാഷാരസാസ്വാദനത്തിനു സംസ്കൃതപരിചയം ഒഴിച്ചുകൂടാത്ത ആവശ്യമാണെന്നു നിശ്ചയിച്ച്,പലരും മലയാളസാഹിത്യത്തെ വർജിക്കുന്നതായി അറിയാം. പ്രസ്തുത ഭ്രമത്തിനു പല കാരണങ്ങളും പറയാനുണ്ട്, എന്നിരുന്നാലും, മലയാളം ദിവസംപ്രതി എന്നതുപോലെ സ്വതന്ത്രമാവുന്നുണ്ട് എന്നുള്ളതു്, ഇപ്പോൾ പരക്കെ സമ്മതിക്കപ്പെടുന്ന ഒരു വാസ്തവമാണ്. ആയതിനാൽ കേവലം മലയാളികളുടെ മനസ്സ്, സാഹിത്യപാരായണത്തിലേയ്ക്കു് അധികം നീങ്ങാവുന്നതും, ആയതുകൊണ്ടുകൂടെയും ഭാഷാസ്വാതന്ത്ര്യം പൂൎവ്വാധികം സിദ്ധമാകുന്നതും ആണ്.

സംസ്കൃതാനഭിജ്ഞന്മാരെ സാഹിത്യപാരായണത്തിലേക്കു ക്ഷണിക്കണമെന്നുള്ളഉദ്ദേശ്യത്തെമുൻനിറുത്തി "സാഹിത്യവിഹാരം" എന്ന പേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധംചെയ്യണമെന്നു ഉദ്ദേശിച്ച്, അതിൽ ഒന്നാമത്തെ ലക്കമായി "കുഞ്ചൻനമ്പ്യാർ" എന്ന ഈ ഗ്രന്ഥത്തെ അവതരിപ്പിച്ചുകൊള്ളുന്നു. സംസ്കൃതത്തെ ആവശ്യത്തിൽ കവിഞ്ഞു ആശ്രയിക്കാതെ മലയാളത്തിൽ സ്വതന്ത്രവിഹാ

രം ചെയ്യാൻ കഴിഞ്ഞ ഒരു മഹാകവിയാണ് കുഞ്ചൻനമ്പ്യാർ എന്നുള്ളത് സാഹിത്യാഭിമാനം അല്പമെങ്കിലും ഉള്ള എല്ലാവക്കും അറിയാവുന്നതാണ്. കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിൽ അടങ്ങിയ രസം അനുഭവിക്കുന്നതിനു സംസ്കൃതാനഭിജ്ഞത ഒരു പ്രതിബന്ധം അല്ലെന്ന്, ഞാൻ ഉപദേശിച്ചവഴിക്കു തിരിഞ്ഞ ചിലർ, തുള്ളലുകളിൽ പലശീലുകൾ മനഃപാഠം ചൊല്ലിക്കൊണ്ടും ചിരിച്ചു ചിരിച്ചു വയറു നൊന്തുകൊണ്ടും, പില്ക്കാലങ്ങളിൽ എന്നോടു കൃതജ്ഞത പ്രദർശിപ്പിച്ചിട്ടുണ്ട്. മലയാളരാജ്യത്തിന്റെ കുഗ്രാമങ്ങളിൽ ഇന്നും കണ്ടുപോരുന്ന വീട്ടുവഴക്കുകൾ, നാട്ടുവഴക്കുകൾ, വിനോദസമ്പ്രദായങ്ങൾ, ജീവിതസമ്പ്രദായങ്ങൾ മുതലായവയെ പുരാണകഥാസൂത്രങ്ങളിൽ ബന്ധിച്ചു കഥകളായി രൂപപ്പെടുത്തിയിരിക്കുന്ന കുഞ്ചൻനമ്പ്യാരെ പരിചയപ്പെടാതിരിക്കുന്ന ഒരു മലയാളി, ലഘുലഭ്യവും, വിസ്താരമേറിയതും ആയ ഒരു സൌഭാഗ്യസാമ്രാജ്യത്തെയാണ് പരിചയപ്പെടാതിരിക്കുന്നത്. കഥാഗതിക്കു രസവിച്ഛേദം ഭവിക്കാതെയും, രസം കുറഞ്ഞ ഭാഗങ്ങളെന്ന് എനിക്കു തോന്നിയവയെ ലളിതമായ ഗദ്യത്തിൽ എഴുതിച്ചേർത്തും, തീർത്തിട്ടുള്ള ഈ ഗ്രന്ഥം, കുഞ്ചൻനമ്പ്യാരെ സംബന്ധിച്ചിടത്തോളം, പലക്കും ഒരു പ്രവേശകമായിരിക്കുമെന്നു കരുതുന്നു.

സ്വഭാവോന്നമനം സംബന്ധിച്ച് സാഹിത്യത്തിനുള്ള പ്രവേശത്തെക്കുറിച്ച്, ഈ മുഖവുരയിൽ വിവരിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല, എന്നു മുകളിൽ പ്രസ്താവിച്ചുവല്ലൊ. എന്നാൽ ബാലബുദ്ധിയുടെ വളർച്ചയെ ശാസ്ത്രീയമായി അനുകൂലിക്കുന്നതിൽ, ഭാവനാപ്രധാനങ്ങളായ ഗ്രന്ഥങ്ങൾക്കുള്ള സ്ഥാനത്തെക്കുറിച്ച്, കുഞ്ചൻനമ്പ്യാരുടെ ഏതാനും കൃതികളെ സംക്ഷേപിക്കുന്ന ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ അല്പമെങ്കിലും പ്രസ്താവിക്കാതിരിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. വ്യക്തിബോധം, സ്മരണ എന്ന വ്യാപാരങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശക്തികൾ, കൌമാരത്തിൽതന്നെ മനുഷ്യബുദ്ധിയിൽ പ്രത്യക്ഷപ്പെടുന്നതാണ്. എന്നാൽ മനുഷ്യബുദ്ധി വളരുന്നതു് ആലോചനചെയ്യാൻ കഴിവുള്ള ഘട്ടത്തിൽ എത്തിച്ചേരുവാനാത്രേ. സ്മരണമുതലായ താഴ്ന്നപടികളിൽനിന്ന് ആലോചന എന്ന ഉയർന്നപടിയിൽ വിഹരിക്കുന്നതിന് കഴിവു ലഭിക്കണമെങ്കിൽ, സ്മരണാസംബന്ധിച്ച് അഭ്യാസം സിദ്ധിച്ചശേഷം ഭാവനചെയ്യുന്നതിൽ മനസ്സ് സ്വാതന്ത്ര്യവും സാമർത്ഥ്യവും സമ്പാദിക്കേണ്ടതാണ്. വ്യക്തിബോധം എന്നതു വർത്തമാനകാലത്തിൽ കാണുന്നതോ കേൾക്കുന്നതോ അനുഭവത്തിലിരിക്കുന്നതോ—ആയ ഒരു വ്യക്തിയെ മനസ്സിൽ ഗ്രഹിക്കുകയും സ്മരണ എന്നതു പദാർത്ഥങ്ങളുടെ അഭാവത്തിൽ തദ്രൂപവ്യക്തികളെ മനസ്സിൽ വരുത്തുകയും, ആകുന്നു എന്നു പറയാം. വ്യക്തിബോധവും, സ്മരണയും, രണ്ടും, പദാർത്ഥങ്ങളെ

സംബന്ധിച്ചവ മാത്രമാണ്. എന്നാൽ അനുഭവിച്ചവയും അനുഭവിക്കുന്നവയും അനുഭവിക്കുവാനുള്ളവയും ആയ പദാർത്ഥങ്ങളെ ഏകസമയത്തുതന്നെ, മനഃകേന്ദ്രത്തിൽ സ്ഥാപിച്ച് അന്യോന്യം തുലനം ചെയ്യുന്നതിനെയാണ് ആലോചന എന്നു പറയുന്നത്. അങ്ങനെ ആലോചന എന്ന വ്യാപാരത്തിൽ മനസ്സു ഏർപ്പെടണമെങ്കിൽ, സ്മരണകൾ വഴിയായി വരുന്ന പല ആശയങ്ങളെ ഭാവനനിമിത്തം അന്യോന്യം സംശ്ലേഷിപ്പിക്കുന്നതിനും വിശ്ലേഷിപ്പിക്കുന്നതിനും മനസ്സ് പരിചയിക്കേണ്ടതാണ് എന്ന് എല്ലാ ആദ്ധ്യാത്മികന്മാരും ഇപ്പോൾ സമ്മതിക്കുന്നുണ്ട്. ഭാവനകളാൽ കേവലം നീതമാകുന്ന മനസ്സോടുകൂടിയ ഒരുവൻ, ഒരു ചിത്തഭ്രമക്കാരനായോ ജീവിതായോധനത്തിൽ സ്ഥാനം സമ്പാദിക്കാത്തവനായോ കാണപ്പെടാം. എന്നാൽ മനസ്സിനാൽ നീതങ്ങളാവുന്ന ഭാവനകളെ പരിശീലനം ചെയ്യാത്ത ഒരുവൻ ബുദ്ധിമാനെന്ന പേരിനെ അർഹിക്കുകയോ യാതൊരു ജീവിതപന്ഥാവിലും, ഒരു നേതാവായിത്തീരുകയോ ചെയ്യുന്നതല്ല. ചവിട്ടുവണ്ടി എന്ന യാനപാത്രം കണ്ടുപിടിക്കുന്നതിനു മുമ്പുതന്നെ, ആ യന്ത്രത്തെ നിർമ്മിക്കുന്നതിന് ആവശ്യങ്ങളായ യാന്ത്രികോപായങ്ങൾ ശാസ്ത്രജ്ഞന്മാർ അറിയാതിരുന്നിട്ടില്ല. എന്നാൽ അറിയപ്പെട്ടിരുന്ന പല ഉപായങ്ങളുടെ ഒരു പ്രത്യേകരീതിക്കുള്ള സംഘടനം നിമിത്തം അറിയപ്പെട്ടിട്ടില്ലാത്ത ഒരു യാനപാത്രം നിർമ്മിക്കാമെന്നു നിർണ്ണയിച്ച ശാസ്ത്രജ്ഞൻ, വിവിധഭാവനകളെ സൃഷ്ടിച്ച് പരീക്ഷിച്ചിരിക്കണം. ഭാവനഎന്നത്, മനസ്സിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിൽ അങ്കുരിക്കുന്നതും, മനസ്സ് സ്വപരിണാമഘട്ടമായ ആലോചന എന്ന പടിയിൽ ചെന്നുചേരുന്നതിനു എത്രയും ആവശ്യമായിട്ടുള്ളതും ആകുന്നു എന്നുള്ളത് മനഃശാസ്ത്രം സംബന്ധിച്ച ഒരു സിദ്ധാന്തമാണ്. മനസ്സിന്റെ ഭാവനാവിഷയപ്രതീക്ഷയെ ബാലന്മാരിൽ പതിമ്മൂന്നുവയസ്സിനു മുമ്പായി വികസിപ്പിക്കേണ്ടതാകുന്നു. ബാലന്മാരുടെ വിദ്യാഭ്യാസത്തേയും മനഃപ്രബലതയേയും കുറിച്ച് താല്പര്യപ്പെടുവാൻ ആവശ്യമുള്ള അദ്ധ്യാപകന്മാർ, രക്ഷാകർത്താക്കന്മാർ മുതലായവർ ഈ സംഗതി ഓർത്തിരിക്കേണ്ടതത്രേ. ഭാവനയുടെ വികാസത്തെ പുരസ്കരിച്ച് വിദ്യാർത്ഥികൾ വായിക്കാവുന്നവയിൽവെച്ച്, മലയാളഭാഷസംബന്ധിച്ചു പറഞ്ഞാൽ, പ്രഥമസ്ഥാനത്തു നിൽക്കുന്നതു കുഞ്ചൻനമ്പ്യാരുടെ കൃതികളാണ് എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. കുഞ്ചൻനമ്പ്യാരുടെ ഭാവനകളുടെ ഗതി “ഒരേടംകവാടനിരോധ”മില്ലാത്തതും അദ്ദേഹത്തിന്റെ ഭാവനാവ്യാപാരത്തിന്റെ സന്ദർഭങ്ങൾ, നിരുപമമധുരങ്ങളും ആണ്. ഭാവനാപ്രേരകങ്ങളെ കാംക്ഷിക്കുന്ന കൌമാരഘട്ടത്തിലാണ് ഇംഗ്ലീഷ് മലയാളം മിഡിൽ സ്കൂളുകളിൽവായിക്കുന്ന വിദ്യാർത്ഥികളിൽ മിക്കവരുടേയും മനസ്സ്

നില്ക്കുന്നതു്. ആയതിനാൽ അത്തരം പാഠശാലകളിൽ കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾക്കു് ഇപ്പോൾ ഉള്ളതിൽ അധികം പ്രവേശം ഉണ്ടാകുന്നതും, നല്ല തുള്ളക്കാർ തുള്ളിക്കാണ്മാൻ ഇടയാകുന്നതും ഫലപ്രദായകമായിരിക്കുമെന്നുള്ളതിനു്, യാതൊരു സംശയവും ഇല്ല.

"സാഹിത്യവിഹാരം" എന്ന ഈ ഗ്രന്ഥം മൂലം, കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളുടെ പാരായണം മലയാളരാജ്യത്തു സ്വല്പമെങ്കിലും അധികമാവാൻ ഇടയായാൽ എനിക്കു കൃതാൎത്ഥതയുണ്ടു്. നമ്പ്യാരുടെ കൃതികൾ പൊതുവെ വായിച്ചു രസാസ്വാദനം ചെയ്യണമെന്നുള്ളവർ മി. പി. കെ. നാരായണപിള്ള ബി. എ. ബി. എൽ. പ്രസിദ്ധം ചെയ്തിട്ടുള്ള കുഞ്ചൻനമ്പ്യാർ എന്ന വിമൎശനകൃതികൂടെയും വായിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും. കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ എഴുതിയിരിക്കുന്നതു്, ഓട്ടൻ, ശീതങ്കൽ, പറയൻ എന്ന രീതികളിലാണല്ലോ. ഓരോന്നിന്റെയും മാതൃകയായി ദമയന്തീസ്വയംവരം, ധ്രുവചരിതം, ത്രിപുരദഹനം എന്ന കൃതികളും, ഓട്ടൻ രീതിയിൽത്തന്നെ എഴുതപ്പെട്ടിരിക്കുന്ന കൃഷ്ണാൎജ്ജുനവിജയവും ആണു് ഈ ഗ്രന്ഥത്തിൽ സംക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. ദമയന്തീസ്വയംവരംവരെയുള്ളമാത്രം കഥ തുടൎന്നിട്ടുള്ളതിനാലാണു്, നളചരിതംഎന്ന പേരിനെ ഒന്നാമത്തെ തുള്ളലിനു് ഈ ഗ്രന്ഥത്തിൽ സ്വീകരിക്കാത്തതു്. കൃഷ്ണാൎജ്ജുനവിജയം ഒരു പുരാണകഥയല്ല; നമ്പ്യാരുടെ ഒരു ഭാവനോൽഗമനം മാത്രമാണു്. കഥാഗതിയുടെ പൂൎവനിൎദ്ദിഷ്ടത ഒരു സ്വാതന്ത്ര്യവിഘാതഹേതുവായി നമ്പ്യാർ ഗണിച്ചിട്ടുള്ളതായി സാധാരണ തോന്നുവാൻ ഇടയില്ല എന്നിരുന്നാലും കഥാഗമനം പൂൎവനിൎദ്ദിഷ്ടമായ ഒരു മാൎഗ്ഗത്തൂടെ ആയിരിക്കണമെന്നുള്ളതു, കവിയുടെ സ്വാതന്ത്ര്യത്തെ പലേടങ്ങളിലും തടയുന്നതാണു്. കൃഷ്ണാൎജ്ജുനവിജയമാവട്ടെ തുള്ളൽ കാണുവാൻ പുറപ്പെടുന്ന അനേകരുടേയും മനസ്സിനു രുചിക്കണമെന്നും, മനസ്സിനെ കുളുൎക്കെ ആഹ്ലാദിപ്പിക്കണമെന്നും ഉള്ള ഒരു ലാക്കുമാത്രം വച്ചു കൊണ്ടു എഴുതിയിട്ടുള്ളതാകണമെന്നു കാണാം. കുട്ടികൾക്കും, സ്ത്രീകൾക്കും, വൃദ്ധന്മാൎക്കും എന്നും ഒരുപോലെ പ്രിയംകരനായ നാരദമുനി പല പ്രാവശ്യം രംഗപ്രവേശം ചെയ്യുന്നതു്, കൃഷ്ണാൎജ്ജുനന്മാർ തമ്മിൽ അഭിമുഖമായി നിന്നുകൊണ്ടു് അന്യോന്യം ഭയപ്പെടുത്തുകയും വീരവാദം ചെയ്യുകയും ചെയ്യുന്നതു, ചക്രാസ്ത്രങ്ങളുടത്തിടചേൎന്നാൽ ഉണ്ടാകാവുന്ന ബ്രഹ്മാണ്ഡ കലാപങ്ങളെ ഭയന്നു "നാന്മുഖൻ" സന്ധി പറയുവാൻ പുറപ്പെടുന്നതു് മുതലായ അനേക ഘട്ടങ്ങളും സാധാരണന്മാരുടെ മനഃസങ്കല്പങ്ങൾക്കു വളരെ ചേൎന്നവയും, നേരം പോക്കു വിഷയത്തിൽ ചക്രവൎത്തിപദം ഉള്ളവയും ആണു്.

൬ കൊല്ലം.
൨൭—൧—൧൧൦൭. } ഗ്രന്ഥകൎത്താ.

# ദമയന്തീസ്വയംവരം.

---

പണ്ട് നിഷധരാജ്യത്തു നളൻ എന്നു പേരായ ഒരു മഹാരാജാവുണ്ടായിരുന്നു. രൂപസൌന്ദൎയ്യംകൊണ്ടും, മഹാരാജോചിതഗുണങ്ങൾകൊണ്ടും, സാമ്രാജ്യവിസ്താരംകൊണ്ടും, അദ്ദേഹത്തോടു സമനായ ഒരു രാജാവ് അന്ന് വേറെ ഉണ്ടായിരുന്നില്ല. യൌവനാക്രമണത്തോടുകൂടെ നളൻ, രൂപലാവണ്യം തികഞ്ഞ ഒരു രാജകുമാരിയെ വിവാഹം ചെയ്താൽ കൊള്ളാമെന്ന് ആഗ്രഹിച്ചു. "വിദൎഭരാജാവായ ഭീമന് ദമയന്തി എന്നു ഒരു പുത്രിയുണ്ട്; സൌന്ദൎയ്യംകൊണ്ട് അവൾ ദേവന്മാരെയും വ്യാമോഹിപ്പിച്ചുവരുന്നു;" എന്നു പലരും, പ്രത്യേകിച്ചു ശ്രീനാരദനും പറഞ്ഞു അറിഞ്ഞിരുന്നതിനാൽ നളന്റെ പ്രണയം ആ വഴിക്കു തിരിഞ്ഞു. നാളുകൾ കഴിഞ്ഞതിനോടുകൂടെ അന്യവിഷയങ്ങളിൽ ബുദ്ധി പ്രസരിപ്പിക്കുന്നതിനു ഭൈമീചിന്തനിമിത്തം അദ്ദേഹം അശക്തനായി. ഏകാകിയായി ചിന്താമഗ്നനായി ഉദ്യാനത്തിൽ സമയം പോക്കുന്നതിൽ. അദ്ദേഹം ഉൽസുകനായിത്തീൎന്നു. നല്ല ചന്ദ്രികയുള്ള ഒരു രാത്രി അദ്ദേഹം ചിന്താഗ്രസ്തനായി ഉദ്യാനത്തിൽ നടക്കവേ, ഒരു കുളത്തിൽ ഒരു താമരയിലയിൽ ഒരു അരയന്നം ഉറങ്ങുന്നതുകാണ്മാൻ ഇടയായി. ആ പക്ഷിയുടെ സൌന്ദൎയ്യം കണ്ട് അദ്ദേഹം വിസ്മയിച്ചുപോയി.

"പങ്കമകന്നൊരുതങ്കംപൊന്നിനൊ-
ടങ്കംപൊരുതുമൊരംഗപ്രഭയും,
കുങ്കുമനിറമാം ചിറകും കൊക്കും
പങ്കജരുചിരം ചരണദ്വയവും,"

ആരെയും ഭ്രമിപ്പിക്കുവാൻപോരുന്നവയായിരുന്നു. സാവധാനത്തിൽ നളൻ അതിനെ പിടിച്ചു. അദ്ദേഹത്തിന്റെ കൈ തന്റെ ശരീരത്തിൽ മുറുകിയഉടനെ, അരയന്നം ഉണൎന്നു, തനിക്കു മരണം അടുത്തു എന്നു ഭയന്ന്, മഹാരാജാവിനോട്ട് ഇങ്ങനെ അപേക്ഷിച്ചു.

"അപരാധത്തെ ചെയ്യാത്തവനെ-
ക്കൃപകൂടാതെ വധിച്ചെന്നാകിൽ
നൃപതേ! നിന്നുടെ നാടും ധനവും
സപദിനശിക്കുമതോൎത്തീടേണം
പക്ഷികളെക്കൊലചെയ്തൊരുമാംസം
ഭക്ഷിപ്പാനൊരു രുചിയുണ്ടെങ്കിൽ
ഇക്ഷിതിയിൽ പല കുക്കുടമുണ്ടതു

ഭക്ഷിച്ചാലും മതിവരുവോളം
മാനത്താങ്ങു പറന്നുനടക്കും
ഞാനെന്തൊരുപിഴചെയ്തു നിങ്കൽ
മാനുഷ കുലാവരമകുടമണേ! നീ
ഹാനിനമുക്കുവരുത്തീടൊല്ലാ;
എല്ലും തോലും ചിറകും കൊക്കുമി-
തെല്ലാം നീക്കി നറുക്കിക്കണ്ടാൽ
തെല്ലുഭുജിപ്പാനുണ്ടെന്നും വരു-
മില്ലെന്നും വരു മെന്നുടെ മാംസം.
എന്നുടെ മാതാവിന്നു വയസ്സൊരു-
മുന്നൂററുപതിലിപ്പുറമല്ല;
എന്നു വരുമ്പോഴവരുടെ ദുഃഖമ-
തെന്നു ശമിക്കും നിഷധനരേന്ദ്ര!
എന്നുടെ പിടയും, തനയന്മാരും,
നമ്മുടെ കുലവും ബന്ധുജനങ്ങളും,
അമ്മയ്യ,മച്ഛൻ,മൻജന്മാരും
കർമ്മബലാലിതുകാലമൊട്ടങ്ങും
അനാഥരുണ്ണികൾ പണിയും നമ്മുടെ
കണ്ണീർകളുർമിഴികാന്തയുമിപ്പോൾ
എന്നുടെ വരവും നോക്കിപ്പരിചിനൊ-
ടുന്നതശിഖരിലിരുന്നീടുന്നു.
അയ്യോ!നരവര!സാഹസമിങ്ങനെ
ചെയ്യരുതേ;ദുരിതംവരുമെന്നാൽ
പൊയ്യല്ലൊരുപൊഴുതരുതിതു പരിഭവ-
മിയ്യൽകണ്ടാക്കെ നടക്കമൊരെങ്കൽ,
കൊന്നാൽപാപം തിന്നാൽപോമുട-
നെന്നൊരു വലുതാം മൂഢതയുണ്ടേ
നിന്നുടെകരളിലതഴകല്ലേതും
മന്നിൽമികച്ചൊരു ബുധനല്ലേ നീ?

മഹാരാജാവ് അരയന്നത്തിന്റെ പ്രലപനംകേട്ടു മനസ്സലിഞ്ഞു, ഉടൻ അതിനെ കൈകളിൽനിന്നു വിടിത്തി ഇപ്രകാരംപറഞ്ഞു. അല്ലയോ പക്ഷിശ്രേഷ്ഠ! യാതൊരു ദുഷ്ടവിചാരവും എനിക്കില്ല. കനകമയമായ നിന്റെ ശരീരംകണ്ട് എനിക്കു വലിയ കൗതുകം തോന്നി പിടിച്ചു; എന്നു മാത്രമേയുള്ളൂ. ഇത്ര സൗന്ദര്യം നിറഞ്ഞ ഒരു പക്ഷിയെ ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ല. യഥേഷ്ടം പൊയ്ക്കൊള്ളുക!! അങ്ങനെ സ്വാതന്ത്ര്യം ഉടനേതന്നെ ലഭിച്ചതിനാൽ അരയന്നം അത്യന്തം സന്തുഷ്ടനായി.

'ഒന്നുകുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു
ചിറകിനകത്തുകടിച്ചു കിടക്കും
ചെറുപേൻകൊത്തുകകളിച്ചകൾ പുഴവും
തിരവിയകൊക്കുകൾകൊണ്ടുകടിപ്പുതു
കൊറുകൊറെയങ്ങുകൊറിച്ചതുടങ്ങി.
ഒരുകാൽകൊണ്ടുശിരസ്സിൽപരിചൊട്ടു
ചൊറുകിത്തത്തി നടന്നുതുടങ്ങി.
നരവരനാകിയ നളനുടെ മുമ്പിൽ
തരസാനിന്നുപറാഞ്ഞുതുടങ്ങി.'

"അല്ലയോ നളമഹാരാജാവേ! അവിടത്തെ ജീവകാരുണ്യവും നീതിബുദ്ധിയും, പ്രഭാവവും, എനിക്കും പതിന്നാലുലോകങ്ങളിലുള്ള എല്ലാവക്കും അറിയാവുന്നതത്രെ. ഞാൻ അല്പം പരിഭ്രമിച്ചുപോയി എന്നുമാത്രമേയുള്ളു. നാം തമ്മിൽ സംഘടിക്കുവാനും അവിടുന്നു എനിക്കു പ്രാണദാനം ചെയ്വാനും, ഇടയായതിനാൽ ഞാൻ അവിടത്തേക്കു ഒരു പ്രത്യുപകാരം ചെയ്യണമെന്ന് ഉദ്ദേശിക്കുന്നു. വിദർഭരാജാവായ ഭീമനെക്കുറിച്ചു, നിങ്ങൾ കേട്ടിരിക്കുമോ എന്നു എനിക്കു നിശ്ചയമില്ല. പുത്രഭാഗ്യം ലഭിക്കായ്കനിമിത്തം അദ്ദേഹവും ഭാൎയ്യയുംകൂടി രാജ്യം തൽക്കാലത്തേക്കായി ഉപേക്ഷിച്ച്, ദേവപ്രീതിയെ ഉദ്ദേശിച്ച് വനവാസം ചെയ്യുക ഉണ്ടായി. അവർ അങ്ങനെ വനവാസത്തിൽ കഴിയവെ, വാല്മീകിയുടെ പുത്രനായ ദമനമഹൎഷിയെ കാണുന്നതിനും പ്രീതിപ്പെടുത്തുന്നതിനും ഇടയായി. ആ ദമ്പതികളെ, ദമനൻ അനുഗ്രഹിച്ച്, മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിക്കുമെന്ന് ആശംസിക്കുകയും, നാട്ടിലേക്കു മടങ്ങി ക്ഷത്രിയകൎമ്മങ്ങളെ അനുഷ്ഠിച്ചുകൊള്ളുവാൻ നിർബന്ധിക്കുകയും ചെയ്തു. അവർ പിന്നെയും രാജധാനിയായ കുണ്ഡിനപുരത്തിൽ എത്തി. ഭീമൻ ഇപ്പോഴും വിദർഭരാജ്യത്തിന്റെ രാജാവായിവാഴുന്നു. അദ്ദേഹത്തിന്റെ മൂന്നു പുത്രന്മാർ, ദമൻ, ദാന്തൻ, ദമനൻ എന്നവരാണ്. നാലാമതായി ഒരു പുത്രിയും ജനിച്ചു. അവളുടെ പേർ ദമയന്തി എന്നാണ്. വിവാഹപ്രായം ആയിരിക്കുന്ന ദമയന്തി ലോകൈകസുന്ദരിയത്രെ. ഇന്ദ്രാദിദേവകളും ആ സ്ത്രീരത്നത്തെ കല്യാണം കഴിക്കുന്നതിനു ഉത്സാഹിച്ചു എന്നു വരാം. എന്നാൽ ആ ഭൂലോകമഹാലക്ഷ്മിയെ, അല്ലയോ നളമഹാരാജാവേ! അവിടുത്തേക്കു ഭാൎയ്യയായി ലഭിക്കുവാൻ ഞാൻ ഇപ്പോൾമുതൽ പരിശ്രമം ചെയ്യാം. പലപല മഹാരാജാക്കന്മാരും ദമയന്തീപാണിഗ്രഹണം ആഗ്രഹിച്ചു വരുന്നതായി എനിക്കറിവുണ്ട്. എന്നാൽ അവൾക്കു യോജിച്ച പുരുഷൻ അവിടുന്നല്ലാതെ മററാരുമല്ല. അവിടത്തെ ഭൎത്താവായി ലഭിക്കുമെ

കിൽ അതു് അവൾക്കും ഒരു ഭാഗ്യമെന്നാണു ഞാൻ കരുതുന്നതു്. അനുവദിക്കാമെങ്കിൽ, ഞാൻ ഇവിടെനിന്നു നേരേ കുണ്ഡിനപുരത്തേക്കു പോകാം."

ഈ വർത്തമാനം നളന്ന് ശ്രോത്രാമൃതമായിരുന്നു. നളന്റെ അനുവാദവും വാങ്ങി അരയന്നം ഉടനേതന്നെ അവിടെനിന്നു പുറപ്പെട്ടു. ഗമനം വളരെ ബദ്ധപ്പാടിൽ ആയിരുന്നു എങ്കിലും അരയന്നം വഴിയിൽ നടക്കുന്ന പല സംഭവങ്ങളേയും കാണാതിരുന്നില്ല.

നാട്ടുകൾകണ്ടു, വീട്ടുകൾകണ്ടു
കൂട്ടുകൾകണ്ടു, കോട്ടുകൾകണ്ടു,
വീട്ടുകളിൽചിലനായന്മാരുടെ
മൂഢതകൊണ്ടൊരുഘോഷംകണ്ടു,
അച്ചികളോട്ടു കലമ്പിച്ചില കല-
മെച്ചിലിലിട്ടു തകൎക്കുന്ന കണ്ടു,
കച്ചകൾ പുടവകളൊരുവൻ ചെന്നു
വലിച്ചു കീറിച്ചു തിരിച്ചതു കണ്ടു
ഇല്ലംകൊണ്ടുന്നവളെത്തല്ലി-
പ്പല്ലുകൊഴിഞ്ഞൊരു പണ്ടച്ചാരുടെ
തള്ളകയത്തൊരുലക്കയെടുത്ത
ച്ചെള്ളയ്ക്കൊന്നു ചിമുക്കിനകണ്ടു,
മററൊരിടത്തൊരുഘോഷംകണ്ടു
തെററെന്നവിടെച്ചെന്നരയന്നം
മുററത്തുള്ളൊരു തെങ്ങിൻമുകളിൽ
പററിച്ചെവിയുംപാൎത്തുവസിച്ചു.
നായർവിശന്നുവലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല.
ആയതുകണ്ടുകലമ്പിച്ചെന്നാ-
അായുധമുടനെ കാട്ടിലെറിഞ്ഞു;
ചട്ടിതിളയ്ക്കുംവെള്ളമശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു.
കെട്ടിയപെണ്ണിനെ മടിക്കൂടാതെ
കിട്ടിയവടികൊണ്ടൊന്നു പിടച്ചു,
ഉരുളികൾകിണ്ടികളൊക്കെയുടച്ചു,
ഉരലുവലിച്ചു കിണററിൽ മറിച്ചു,
ചിരവയെടുത്തഥ തീയിലെരിച്ചു,
അരകല്ലങ്ങു കുളത്തിലെറിഞ്ഞു,
അതുകൊണ്ടരിശം തീരാഞ്ഞവനാ-
പ്പുരയുടെചുററും മണ്ടിനടന്നു.'

അരയന്നം ഇങ്ങനെ കുണ്ഡിനപുരത്തിൽഎത്തി. ആ പക്ഷി ആകാശത്തുനിന്ന കൊട്ടാരത്തിൽ ഇറങ്ങിയ സമയം, ദമയന്തി ആളി മാരോടുകൂടി ഉദ്യാനത്തിൽ നടക്കുകയായിരുന്നു. പക്ഷിയുടെ സൗന്ദര്യംകണ്ടു മതിമറന്ന്, ദമയന്തിതന്നെ അതിനെ പിടിക്കുവാൻ ഉത്സാഹിക്കുകയും, സ്വയം പിടിച്ചുകൊള്ളാമെന്നുള്ള വിശ്വാസംമൂലം സഖികൾ അടുത്തുവരരുതെന്ന് ആജ്ഞാപിക്കുകയും ചെയ്തു. എന്നാൽ തൊട്ടു, തൊട്ടില്ല എന്നിങ്ങനെ നിന്നും, നടന്നും, ചാടിപ്പറന്നും, പക്ഷി ദമയന്തിയെ സഖിമാരിൽനിന്ന കുറേദൂരം നയിച്ചശേഷം ശ്രുതിമധുരമാകുംവണ്ണം ഇങ്ങനെ പറഞ്ഞു.

„കളഹംസം ഞാൻഅംബരചാരി
നളനുടെദൂതനതോർത്തീടേണം!
കളമൊഴി,നിന്നുടെ ചരിതംകേട്ടിഹ
പൊളിയല്ലരചൻ പരവശനായി
അയ്യോ!കഷ്ടമവസ്ഥയിതൊന്നും
നീയറിയാത്തതിനെന്തിഹബന്ധം
അവനുടെരൂപഗുണങ്ങൾനിനച്ചാൽ
ശിവശിവ! എന്നതുമാത്രംപറയാം.
ഭുവനം മൂന്നിലുമോത്തുവരുമ്പോൾ
അവനൊടുസമമിന്നവനേയുള്ളു.
ആണല്ലാതൊരു മലർശരനിപ്പോൾ
നാണംകെട്ടൊരു കോണിലൊളിക്കും
ഏണാങ്കൻപുനരംബുദപടലേ
നൂണുനടപ്പതു കാണുന്നീലേ?
നളനുടെമുഖവും ചന്ദ്രനുമോർത്താൽ
വളരെ വിശേഷം കാണ്മാനുണ്ട്:—
അളിനിറമായ കളങ്കംകൊണ്ടൊരു
വെളിവൊരുനേരവുമിന്ദുവിനില്ല;
ഒളിമിന്നീടുമൊരധരപ്രഭയാൽ
നളനുടെവദനമിതെത്രമനോജ്ഞം!
ഏററം പടകളിലൂററതയുള്ളൊരു
മാററാർപടയും മററങ്ങവനോടെ
ക്രൂററാർപടയും മുററും നളനുടെ
ചുററും നിന്നുടനേററുപിണങ്ങും.
മാററികളെല്ലാം, തോററു, ശരങ്ങളും,
ഏററുമറിഞ്ഞങ്ങേററം ഭയമൊടു
കാററത്തിളകിന പാററകൾപോലെ
തെററന്നടവികൾ പററീടുന്നു.

കെട്ടുംകെട്ടി,ക്കെട്ടിയപെട്ടും
കുട്ടികളും, ചില ചട്ടികളും, ചില,
പെട്ടികളും ചില പൊട്ടിയകലവും
ചട്ടുകവും ചില വട്ടികളും ചില
കൊട്ടുകളെന്നിവ കെട്ടിപ്പേറി,
കാട്ടിൽപലപല കോട്ടിൽനടന്നും.
പട്ടികൾപോലെ പട്ടിണിയിട്ടും,
കഷ്ടമനത്ഥപ്പെട്ടിടുന്നു.
അത്രപരാക്രമമുള്ളൊരു നളനാം
ധാത്രീപതികുലമകുടശിരോമണി
........................അതി
മാത്രംപരവശനായിസ്സരസിജ-
പത്രേ വീണു മയങ്ങീടുന്നു.
ഗാത്രംപോയിമെലിഞ്ഞീടുന്നു
മാത്രം ഭക്ഷണമെന്നതുമില്ല.
അത്രപകർന്നു നിഷധനരേന്ദ്രൻ
രാത്രിയിലൽപമുറക്കവുമില്ല.
നേത്രജലങ്ങൾ പൊഴിഞ്ഞുവഴിഞ്ഞത്തു
ഗാത്രം മുഴുവൻ മുഴുകീടുന്നു.
നളിനാസനനുടെ വാഹനമാകിന
കളഹംസാംഞാനംബുജനയനേ!
പൊളിവചനങ്ങൾ പറഞ്ഞിട്ടില്ലേ
കളമൊഴിയാളുത്തു കരുതുകിതെല്ലാം”.

അരയന്നത്തിന്റെ ഈ ദൂത്തു ദമയന്തിയെ ആനന്ദപരവശയാക്കി. നളമഹാരാജാവിന്റെ വിദത്വവും പ്രതാപവും സർവ്വോപരിസൗന്ദര്യവും അറിഞ്ഞിരുന്ന ദമയന്തി, മുമ്പേതന്നെ നളസമാഗമം ഹൃദയംകൊണ്ടു പ്രാർത്ഥിച്ചിരിക്കയായിരുന്നു. ഈശ്വരനെ ഹൃദയംകൊണ്ടു നമസ്കരിച്ചും, ലജ്ജകൊണ്ടു മുഖം നമിച്ചും, സന്തോഷംകൊണ്ടു മുഖം വികസിച്ചും, സർവ്വാംഗം രോമാഞ്ചംകൊണ്ടും, ദമയന്തി ഇങ്ങനെ മറുപടി പറഞ്ഞു:—

“കനക പയോരുഹമധുപാനം ചെ-
യ്തനവധി സുഖമൊടു സുരലോകങ്ങളിൽ
അനവരതം മരുവീടും നിന്നുടെ
കനിവു നിനച്ചഹമുരചെയ്യുന്നേൻ.
മനസിജസുന്ദരനാകിയ നളനെൻ-
മനസി കരേറി വസിച്ചീടുന്നു;

നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും!
നളനുടെ ഗളമതിൽ മാലയിടുന്നതി-
നെളുതായൊരുവഴി നിരുപിച്ചാലും
കനകം കോരിച്ചൊരിയുന്നവനെയു-
മനുരാഗം മമ മനമതിലില്ല.
എന്നുടെ പ്രാണനുമവനുടെ പ്രാണനു-
മിന്നുതുടങ്ങിയതൊന്നായ്വന്നു.
സുന്ദരനാകിയ നളനെ ക്കാണ്മാ-
നെന്നു നമുക്കിഹ സംഗതിയുള്ളു?
അന്നപ്പരിഷയിൽ മികവുള്ളവനേ!
നിന്നെയൊഴിഞ്ഞൊരു ഗതിയില്ലിഹ മേ.
എന്നുടെ വാർത്തകളൊന്നൊഴിയാതെ
മന്നവർമണിയോടറിയിച്ചാലും;
എന്നേക്കാൾ ഗുണമേറും തരുണികൾ
മന്നിൽ പലവിധമുണ്ടെന്നാലും,
എന്നെ വെടിഞ്ഞീടരുതെന്നരചനൊ-
ടിന്നു ഭവാൻ ചെന്നുരചെയ്യേണം.
ശരണം നീ, മമ നളനെവരുത്തി-
ത്തരണം വിരവൊടു മടികൂടാതെ,
മരണമെനിക്കു വരുന്നതും മുമ്പേ-
വരണം, നരപതി, വരണംചെയ്വാൻ."

തന്റെ ദൗത്യം വേണ്ടവണ്ണം സഫലമായതിനാൽ, അരയന്നം അധികം സന്തുഷ്ടനായി, എങ്കിലും സംഗതിക്ക് ഇളക്കമുണ്ടാകരുതെന്നുദ്ദേശിച്ച്, ആ സമർത്ഥൻ വീണ്ടും ഇങ്ങനെ പ്രസ്താവിച്ചു.

"ഭൂമീപതിവരനായ നളങ്കൽ
പ്രേമമുറച്ചോ ശശധരവദനേ?
നിങ്കലുറപ്പുണ്ടെന്നതു വന്നാൽ
സങ്കടമഖിലമൊഴിക്കുന്നേൻ ഞാൻ
പങ്കജനയനേ! നളനരപാലനു
നിങ്കൽകനിവിനു കുറവില്ലേതും.
സ്ത്രീപുരുഷന്മാർക്കന്യോന്യം ഭുവി
രൂപഗുണങ്ങൾ തികഞ്ഞുവരുമ്പോൾ
സന്ധിപറഞ്ഞിഹ ചേർച്ചവരുത്തും
ബന്ധുക്കൾക്കൊരു ക്ലേശവുമില്ല.
നീറിലിരിക്കും വള്ളങ്ങൾക്കൊരു-

കാററുകണക്കെ, പിടിച്ചെന്നാകിൽ
തണ്ടുവലിക്കുന്നാളുകളെല്ലാം,
മിണ്ടാതവിടെയിരുന്നാൽപോരും
അമരക്കാരൻ തലതെററാതെ
കിമപി സഹായം ചെയ്താൽ കൊള്ളാം.
ചുട്ടുപഴുപ്പിച്ചീടിന കനകം
കൂട്ടിവിളക്കാമെന്നുവരുമ്പോൾ
തട്ടാനരുകിലിരുന്നതു തമ്മിൽ
കൂട്ടുകമാത്രം ചെയ്താൽ പോരും.
എന്നതുപോലെ, ഞാനമിതിങ്കൽ
സുന്ദരവദനേ! പണിചെയ്യുന്നേൻ.
ഇങ്ങനെ നിന്നുടെ ഹൃദയമറിഞ്ഞാൽ
ചങ്ങാതിക്കിനിയില്ലൊരു വികൃതി."

അരയന്നം അവിടെ നിന്നു പുറപ്പെട്ടു വീണ്ടും നിഷധരാജധാനിയിൽ എത്തി. അരയന്നത്തിൻെറ ഉദ്ദേശ്യസാദ്ധ്യത്തെക്കുറിച്ചും, സ്ഥിരോത്സാഹത്തെക്കുറിച്ചും, സംശയിച്ചും, ഭയപ്പെട്ടും, വ്യസനാക്രാന്തനായിരുന്ന നളമഹാരാജാവു്, വിവരം ഗ്രഹിച്ചതുനിമിത്തം, വളരെ വളരെ കൃതാൎത്ഥനായി എന്നു പറയേണ്ടതില്ലല്ലോ.

അഭിലാഷം അന്യോന്യം അറിഞ്ഞതിനാൽ നിഷധത്തിൽ നളനും, വിദൎഭത്തിൽ ദമയന്തിയും, സാമാന്യം തൃപ്തിഅടഞ്ഞു എന്നുതോന്നാം; എങ്കിലും അഭിവാഞ്ഛയെക്കുറിച്ചു് അന്യോന്യം അറിഞ്ഞതുമുതൽ ആ കാമിനീകാമുകന്മാർ, വിഘ്നങ്ങളെക്കുറിച്ചുള്ള ആശങ്കകൊണ്ടും താമസത്തെക്കുറിച്ചുള്ള മനസ്താപംകൊണ്ടും മുമ്പിലത്തേതിൽ അധികമായ ആധിക്കു യഥാൎത്ഥത്തിൽ അധീനരാകയാണു ചെയ്തതു്. ലഭിച്ചുകഴിഞ്ഞ കാൎയ്യങ്ങളെ നിസ്സാരമായി ഗണിക്കുകയും, ലഭിക്കാനുള്ളവയെ സംബന്ധിച്ചു് തൃഷ്ണാപാരവശ്യം അണയുകയും ചെയ്യുന്നതു്, ലോകസ്വഭാവമാണല്ലോ.

ഭൂലോകത്തിൽ സംഗതികൾ ഇങ്ങനെ നടക്കവെ, സ്വൎഗ്ഗത്തിൽ ഇന്ദ്രസഭയിൽ നടന്ന ഒരു വിശേഷംകൂടെ ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്. നാരദമുനിയും പൎവ്വതമുനിയുംകൂടെ ഇന്ദ്രസന്നിധിയിൽ ചെന്നു. ദേവേന്ദ്രൻ അവരെ ആചാരോപചാരങ്ങൾ ചെയ്തു് അഗ്രാസനങ്ങളിൽ ഇരുത്തി പല വൎത്തമാനങ്ങൾ പറഞ്ഞു തുടങ്ങി. എന്നാൽ പ്രധാനമായി അദ്ദേഹം പ്രസ്താവിച്ചതു ഭൂമിയിൽ യുദ്ധത്തിനു കുറവുകാണുന്നു എന്നും, യുദ്ധത്തിൽ മരിച്ചു് വീരസ്വൎഗ്ഗം പ്രാപിക്കുന്നവരെ സ്വീകരിച്ചു് ബഹുമാനിക്കുവാൻ ദേവന്മാരും ദേവസ്ത്രീകളും പുരാതനകാലങ്ങളിലെപ്പോലെ തയാറായിരി

ക്കുന്നു എന്നും, എന്നാൽ അതിഥികളായി അവിടെ ചെല്ലുന്നവരുടെ സംഖ്യ കുറഞ്ഞിരിക്കുന്നതു മനസ്താപത്തിനു കാരണമായിട്ടുണ്ട് എന്നും ആയിരുന്നു. അദ്ദേഹം തുടൎന്നു പറഞ്ഞു: – 'അന്യന്മാരുടെ ധനം ഇവിടെ ആരും കവൎന്നെടുക്കുന്നില്ല; സ്വജനങ്ങളെ മാത്രം ബഹുമാനിക്കുക, അന്യന്മാരെ നിന്ദിക്കുക എന്നിതുകളൊന്നും ഇവിടെ പതിവില്ലാത്തതാണ്. ദാനം ചെയ്യാൻ കല്പവൃക്ഷങ്ങളും, അതിഥികളെ കണ്ടാണ്, എന്റെ ആയിരം കണ്ണുകളും തൃപ്തിയടയുന്നതു. എന്നിരുന്നാലും, ഭൂലോകത്തുനിന്ന് ഇവിടേയ്ക്കു ആളുകൾ ഇപ്പോൾ അധികമായി വരാറില്ല. മനുഷ്യർ ഒക്കെയും അലസന്മാരോ ഭീരുക്കളോ ആയിപ്പോയി എന്നു കരുതാമോ? ഭൂലോകത്തിൽ ഇപ്പോൾ യുദ്ധം ഇല്ലെന്നായിട്ടുണ്ടോ? എന്തു വിശേഷമാണാവോ ഭൂമിയിൽ നടക്കുന്നതു്?

കലഹംകൊണ്ടു കാലയാപനം ചെയ്യുന്ന ആളെന്നു പ്രസിദ്ധനായ നാരദമഹർഷി സംഭാഷണസരണിയെ ഈ രീതിക്കു നയിച്ച് ഇന്ദ്രനെക്കൊണ്ട് ഇങ്ങനെ ചോദിപ്പിച്ചതാണോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും, യുദ്ധത്തെക്കുറിച്ചുള്ള പ്രസ്താവം ഉണ്ടായ ഉടനെ, അത്യധികം ഉത്സാഹഭരിതനായി, നാരദമഹർഷി ഇങ്ങനെ പറഞ്ഞു.

"സകല സുധാശന മകുടമണേ! നീ
സകല മഹീതല ചരിതം കേൾക്ക!
സകലവിദർഭനരേന്ദ്രൻ ഭീമൻ
സുഖമൊടു നഗരേ വാഴുംകാലം
കമലശരാസന ജയലക്ഷ്മിയതാം
ദമയന്തീസുകുമാരിയുമുളവായ്
ഈരേഴുലകിലുമവളെപ്പോലൊരു
നാരീമണിയെക്കാണ്മാനില്ല.
വാരിജഭവനിന്നഖിലചരാചര-
സാരമെടുത്തിന്നവളെത്തീർത്തു;
കൂരിരുൾകൊണ്ടവൾ പുരികുഴൽതീർത്തു;
വാരിരുഹംകൊണ്ടക്ഷികൾതീർത്തു;
വാരിജസായകശാപംകൊണ്ടുസ-
രോരുഹമിഴിതൻപുരികംതീർത്തു.
ബിംബഫലംകൊണ്ടധരംതീർത്തു;
കംബുവിനാൽഗളതലവുംതീർത്തു;
അരയാലിലകൊണ്ടുദരംതീർത്തു;

നാമമാലികയാൽ കരവും തീൎത്തു;
പുളിനംകൊണ്ടവരം ജഘനം തീൎത്തു;
നളിനംകൊണ്ടവരം തുടകരം ചമച്ചു;
ചെമ്പകമൊട്ടിന്നിരുളൊളികൊണ്ടുട-
നിമ്പമൊടംഗപ്രഭയും തീൎത്തു;
രംഭതിലോത്തമയെന്നിവരെല്ലാം
കുമ്പിടുമവളെക്കാണുന്നേരം;
ഇന്ദ്രാ! നിന്നുടെവല്ലഭയാകും
ഇന്ദ്രാണിക്കുമിളപ്പംതട്ടും;
ദമയന്തിയുടെ വിശേഷമതൊന്നേ
ദേശാദികളിൽ കേൾപ്പാനുള്ളൂ;
“ഇങ്ങു ലഭിക്കേണ മിങ്ങു ലഭിക്കേണ”
മെന്നിഹ സൎവ്വജനത്തിനു മോഹം
ആയതമിഴിയെ നിനച്ചു നൃപന്മാ-
രായുധവിദ്യകളൊക്കെ മറന്നു;
പടയെന്നുള്ള വിധങ്ങളിതൊന്നും
തടിയന്മാൎക്കും സമ്മതമില്ല.
തടിയുടെ ഭംഗി വരുത്തിത്തന്നെ
മുടിവാനുള്ളൊരു പെരുവഴികൂട്ടി.
ചലമിഴിയാൾക്കു മനസ്സിനിണങ്ങും
പലതരമോരോ കോപ്പുകൾ തീൎത്തും;
എന്തൊരുവസ്തുവിലഭിലാഷം ദമ-
യന്തിക്കുള്ളിലതറിവാനായി
സന്തതമാരുംബോധിക്കാതെ
ബന്ധുജനങ്ങളെ യാത്രയുമാക്കി
ഒരുവനവൾക്കുതരത്തിനുചേരും
തരിവള തീൎപ്പിച്ചങ്ങനെപാൎത്തു.
ഗ്രന്ഥികളെ ബഹുമാനമവൾക്കു-
ണ്ടന്തരമില്ലെന്നറിയുന്നേരം
ഗ്രന്ഥമഴിച്ചു പഠിച്ചുതുടങ്ങും
ചിന്തിച്ചൎത്ഥമുരച്ചുതുടങ്ങും;
സ്വരമുള്ളവനിൽ കൌതുകമെന്നാൽ
സരിഗമപധനിസഎന്നുതുടങ്ങും;
നാലുദിഗന്തരവാസികളാംക്ഷിതി-
പാലന്മാരുടെ തൊഴിലീവണ്ണം.
സംഗരമെന്നതുഭൂമിയിലെങ്ങും
സംഗതി വരുവാനിനിയെളുതല്ല.

യുദ്ധംകാണ്മാൻവകയില്ലാഞ്ഞു
ബുദ്ധിക്കൊരുതെളിവില്ലിഹ തെല്ലും
ഉദ്ധതമാകിന ദേവാസുരമാം
യുദ്ധമിദാനീമുണ്ടായ് വരുമോ?
ഇങ്ങു ഗ്രഹപ്പിഴയുള്ളൊരുകാലം;
നിങ്ങടെ കുറ്റമതല്ല സുരേന്ദ്ര!
ഞങ്ങളിദാനീം പോകുന്നു തവ
മംഗലമസ്തു! സമീഹിതമസ്തു!"

ഇതു് ഭൂലോകത്തിൽ നടക്കുന്ന കഥയാണല്ലൊ; പറഞ്ഞു പറഞ്ഞു ഭൂമിയിൽ എവിടെയും ദമയന്തിസ്വയംവരവർത്തമാനം പരന്നു. അച്ഛനായ ഭീമമഹാരാജാവു് ദമയന്തിയുടെ യൗവനത്തെ മനസ്സിലാക്കി വിവാഹത്തിന്നു് ഏർപ്പാടുകളെല്ലാം വിസ്തരിച്ചു നടത്തി. അദ്ദേഹത്തിന്റെ അറിവിൽപ്പെട്ട യൗവനയുക്തന്മാരായ സകല മഹാരാജാക്കന്മാർക്കും അദ്ദേഹം കത്തുകൾ അയച്ചു. ഇന്നാതീയതി സ്വയംവരം നടക്കുന്നതാണെന്നും, ആ തീയതിക്കു വന്നുചേരണമെന്നപേക്ഷയുണ്ടെന്നും, അനുരൂപനായ ഒരുവനെ രാജസദസ്സിൽവച്ചു് ദമയന്തി വരിച്ചുകൊള്ളുവാനാണു് ഏർപ്പാടെന്നും ഉള്ള വിവരങ്ങൾ കത്തുകളിൽ കാണിച്ചിരുന്നു. നളമഹാരാജാവിനു ലഭിച്ച കത്തു് ഇങ്ങനെയാണു്.

"ഭീമനരേശ്വരനെഴുതിയവടിവിതു,
സോമകുലേശ്വരനറിയണമെന്നാൽ,
ധനുമാസം പതിനാറാംതീയതി
ശനിവാരത്തേമകരംരാശി,
നമ്മുടെ മകൾ ദമയന്തിയതാകിയ
കന്യക തന്റെ വിവാഹമുഹൂർത്തം,
അതിനുഭവാനും മന്ത്രികൾനാലും
ചതുരംഗിണിയാം സേനയുമായി,
നിഷധപതേ! പതിനഞ്ചാംതീയതി
ഉഷസി കളിപ്പാനിവിടെ വരേണം
ശേഷമവസ്ഥകളെല്ലാം നമ്മുടെ
ദൂതൻപറയു" മിതേവമെഴുത്തു്.

ഈ ദിവസത്തെ പ്രതീക്ഷിച്ചു്, നളൻ കാലംകഴിക്കുകയായിരുന്നു എന്നുള്ളതു് ഇവിടെ പ്രസ്താവിക്കണമെന്നില്ലല്ലോ. വിവാഹംപ്രമാണിച്ചു്, ഒരു അന്യരാജ്യത്തേക്കു പുറപ്പെടേണ്ട രീതിയിൽ—വാഹനങ്ങൾ, ആയുധങ്ങൾ, കൂടാരങ്ങൾ, ചതുരംഗപ്പട, മന്ത്രിമാർ, പരിചാരകന്മാർ മുതലായവയോടുകൂടെ—ശുഭമുഹൂർത്തത്തിൽ നളമഹാരാജാവു് കുണ്ഡിനപുരത്തെ ലക്ഷ്യമാക്കി പുറപ്പെട്ടു.

കേവലം അപ്രതീക്ഷിതമായ ഒരു തല്ക്കാലപ്രതിബന്ധം വഴി മദ്ധ്യേ അദ്ദേഹത്തിനു സംഭവിച്ചു. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ എന്ന ദേവന്മാർ കുണ്ഡിനപുരത്തേക്കുള്ള യാത്രയിൽ മാർഗ്ഗമദ്ധ്യേ നളനെ കണ്ടുമുട്ടുന്നതിനിടയായി. സ്വർഗ്ഗലോകത്തും പ്രമാണികളായ അവർ നാലുപേരും ദമയന്തിയെമോഹിച്ചു പുറപ്പെട്ടിരിക്കുകയാണു്. ഇന്ദ്രസഭയിൽവച്ചു് നാരദൻ ദമയന്തിയെ പ്രശംസിച്ചു ചെയ്ത പ്രസംഗത്തിന്റെ ഒരു ഫലം ഇങ്ങനെയായിരുന്നു. അവർ നളനെ തടുത്തുനിർത്തി, അദ്ദേഹം അവൎക്കു ഒരു കാൎയ്യം സാധിച്ചുകൊടുക്കേണ്ടതുണ്ടെന്നു അറിവിക്കുകയും, അങ്ങനെ ഒരു ഉപകാരം ചെയ്യുവാൻ ഇടയാകുന്നതു് തനിക്കു ഒരു ഭാഗ്യമായി താൻ കരുതുന്നു എന്നു് അദ്ദേഹം മറുപടിപറയുകയും ചെയ്തു. സംഗതി അറിഞ്ഞപ്പോഴാണു് താൻ ക്ഷണത്തിൽ അനുകൂലിച്ചതിന്റെ ആബദ്ധ്യം അദ്ദേഹത്തിനു മനസ്സിലായതു്. നാലുപേരുടെയും പ്രതിപുരുഷനായി ഇന്ദ്രൻ ഇങ്ങനെയാണു കാൎയ്യം പ്രസ്താവിച്ചതു്. "ദമയന്തിയെ കല്യാണംകഴിക്കുവാനായിട്ടാണു് ഞങ്ങൾ പുറപ്പെട്ടിരിക്കുന്നതു്. ഇക്കാൎയ്യത്തിൽ ഞങ്ങളുടെ ബന്ധുവായി വൎത്തിച്ചു ഒരു സഹായം നിങ്ങൾ ചെയ്യുതരണം. അകമ്പടിക്കാരെയെല്ലാം ഇവിടെ താമസിപ്പിച്ചു, നിങ്ങൾ തനിച്ചു കുണ്ഡിനപുരത്തിലോളം ചെന്നു്, ഞങ്ങളിൽ ആരെയെങ്കിലും സ്വീകരിക്കത്തക്കവണ്ണം ദമയന്തിയെ നിങ്ങൾ വശംവദയാക്കണം." ആ അപേക്ഷകേട്ട സമയം, നളൻ സ്വല്പനേരത്തേക്കു സ്തംഭിച്ചുനിന്നുപോയി പിന്നെ അദ്ദേഹം യാതൊരു ചതിവും പ്രയോഗിക്കാതെ, ഇങ്ങനെ മറുപടിപറഞ്ഞു:—

"മട്ടലർമിഴിയെ വിവാഹംചെയ്വാൻ
അടിയനുമധുനാ വിടകൊള്ളുന്നേൻ.
കാന്തനെനിക്കവളെന്നിഹ ഞാനും,
കാന്തനെനിക്കിവനെന്നവളും
ചിന്തമൊടന്തഃകരണവിവാഹം
ഹന്ത! കഴിച്ചിതുപണ്ടേതന്നെ.
പൂന്തേൻമൊഴയൊടു സന്ധിപറഞ്ഞിഹ
സാധിപ്പിപ്പാനിങ്ങേളുതല്ല;
കൊതിയന്മാരെ ദൂതിനയച്ചാൽ
ചിതമായ്വരുമോ? വിബുധന്മാരേ!
അതിനെക്കാളുണ്ടൊരുവിഷമം,
അതുമുരചെയ്യാം മതിമാന്മാരേ!
മതിലുകളേഴ കടന്നു നടന്നേ,
മതിമുഖിതന്നുടെ ഭവനേ ചെല്ലൂ;
അതിനിടയിൽ ചിലകാവൽക്കാരു-

ങ്ങതിയായിട്ടു കയത്തുതടപ്പൻ.
അവരിൽ ചിലരെക്കൊലചെയ്യാതെ
അവിടെച്ചെന്നു കടപ്പാൻ വിഷമം.
കുത്തുകളടിയും വെട്ടും മുട്ടും
കൂടി വരുന്നൊരു നരനെക്കണ്ടാൽ
പെട്ടെന്നവിടെ വസിച്ചീടുന്നൊരു
മട്ടോൽമിഴിമാരോടിയൊളിക്കും;
കാവൽക്കാരറിയാതെ പതുക്കെ
കേവലമവളുടെ മുന്നിൽച്ചെല്ലാം.
എന്നാലും പുനരുണ്ടൊരുദോഷം,
ഇന്ദ്രാദികളതു ബോധിക്കേണം.
കളമൊഴിയാളെ കാണുന്നേരം-
ത്തിളകിപ്പോം മമ മാനസധൈര്യം.
നളനെന്നുള്ളതുമവരും ബോധിച്ചാൽ
തെളിവൊടു മാലയുമിടുമവളെന്നെ;
എന്നെത്തന്നെ വാഴ്ത്തുകയല്ലെ-
ന്നിന്നു കനിഞ്ഞോർത്തരുളീടേണം.
എന്നിവ പല പല ദുർഘടമുണ്ടു്,
എന്നതുകൊണ്ടു പറഞ്ഞീടുന്നു.
ദുസ്സാദ്ധ്യങ്ങളിലടിയനെ വിടുവാ-
നരുതാഹിക്കരുതമരന്മാരേ!"

എത്രയും ന്യായമായും വിനയപൂർവ്വമായും പറഞ്ഞ ഈ മറുപടി ഉന്മത്തന്മാരായിരുന്ന ഇന്ദ്രാദികൾക്കു് അശേഷം രുചിച്ചില്ല; അവർ അത്യധികം രോഷാകുലന്മാരായി. ആയിരം കണ്ണുകളും ഒരുപോലെ കലങ്ങിമറിയവെ, ഇന്ദ്രൻ ഇങ്ങനെ പറഞ്ഞു.

"ശഠതകളോരോന്നുരചെയ്യുന്നൊരു
കഠിനമനസ്സാം വടുവേ! കേൾനീ
സോമകുലത്തിൽ പിറവി ലഭിച്ചൊരു
ഭൂമിപതിക്കിഹ പൊളിപറയാമോ?
ഭീമാത്മജയാം കന്യകതന്നിൽ
പ്രേമംകൊണ്ടുപറഞ്ഞതിതെല്ലാം.
സാധിപ്പിക്കാമെന്നു പറഞ്ഞതു
ബോധിച്ചപ്പോളെളുതല്ലെന്നാം.
ഒരു നാഴികയുടെയിടയിൽ പല വാ-
ക്കുരചെയ്യുന്നതു ചിതമോ മൂഢ!
തിരിയാത്താളുകൾ ഞങ്ങളിതെന്നൊരു
പരിഹാസത്തിനു നീ തുനിയുന്നു;

മർത്ത്യാധമന്മാരു നീക്കംവന്നാൽ
ഇരിയാ നീയീഭൂമിയിലെങ്ങും.
സുന്ദരനാകിയ നമ്മെക്കണ്ടാൽ
സുന്ദരി വന്നിഹ മടിയിൽ കേറും,
എന്നിവ കണ്ടു ജളത്വം പറവാൻ
എന്തു പഠിച്ചെട മനുജകിശോര!
നളനെന്നല്ല നിനക്കിന്നു നാമം
ജളനെന്നുള്ളതു ബോധിച്ചാലും
നീയാരെന്നും ഞാനാരെന്നും
താനറിയാത്തവനെത്ര കുബുദ്ധി!"

യമൻ, മീശ പിരിച്ചുകൊണ്ടും ദണ്ഡും കയറുമെടുത്തുപിടിച്ചു കൊണ്ടും നിൽക്കുകയായിരുന്നു. ദേവേന്ദ്രൻ ശ്വാസം അടക്കിയ ഉടനെ അദ്ദേഹം പറഞ്ഞതു്:—

"എന്തു പറഞ്ഞെട! മനുജപ്പുഴുവെ!
ബന്ധുത ചെയ്വാനെളുതല്ലേന്നോ?
അന്തകനാകിയ നമ്മുടെ വാർത്തകൾ
ചിന്തിക്കാതെ പറഞ്ഞിട്ടുകയൊ
ചെമ്പുകിടാരം ചുട്ടു പഴുപ്പി-
ച്ചമ്പതുചോതന നെയ്യുതിളപ്പി-
ച്ചമ്പതുലക്ഷം കിങ്കരജനമു-
ണ്ടെൻപുരിതന്നിൽ വസിച്ചീടുന്നു
ദുഷ്ടതകാട്ടും മനുജരെയിന്നതി-
ലിട്ടു വറുത്തു പൊരിച്ചീടുന്നു.
ചേട്ടത്തങ്ങൾ പറഞ്ഞെന്നാൽ തവ
പെട്ടീടും ചിലസങ്കടമിപ്പോൾ.

വരുണൻ ആരംഭം മുതല്ക്കേ ഇളകി മറിഞ്ഞിരിക്കയാണ് ഇന്ദ്രനും യമനും പറഞ്ഞതിനെത്തുടർന്ന്, അദ്ദേഹവും ഇങ്ങനെ ഭയപ്പെടുത്തി.

"തരുണീമണിയിൽ കൊതികൊണ്ടല്ലേ
തരുണൻ നമ്മോടു പൊളിപറയുന്നു?
കോപമെനിക്കു മനസ്സിലുദിച്ചാൽ
ശാപമേരുവൻ, സംശയമില്ല.
ആപത്തൊന്നുവരുത്തിക്കൊണ്ടാൽ
താപമൊഴിപ്പാനെളുതല്ലേതും"

എരിഞ്ഞുനില്ക്കുന്ന അഗ്നിയുടെ വാക്കുകൾ എല്ലാറ്റിലും മൂർച്ച കൂട്ടുന്നവയായിരുന്നു.

"കശ്മലവൃത്തി പറഞ്ഞാൽ നിന്നെ

ഭസ്മമതാക്കും ഞാനുമിദാനീം."

നളന്റെ കഥ പറഞ്ഞല്ലിലായി. ജാഗ്രത്തിലും സ്വപ്നത്തിലും ഭാവനയാൽ പരിണയം ചെയ്തിരുന്ന സ്വഭാര്യയെ ഉപേക്ഷിക്കണമെന്നും, കൂടാതെ ആ സ്ത്രീയെ അനുനയവാക്കുകൾമൂലം അന്യന്റെ ഭാര്യയായി വശപ്പെടുത്തി കൊടുക്കണമെന്നും വന്നുകൂടിയാൽ ഒരുവനുണ്ടാകാവുന്ന ചിന്താപരമ്പരകളെ ഗണിക്കുവാൻ, അങ്ങനെ ഒരു ഘട്ടത്തിൽ പെട്ടിട്ടില്ലാത്ത അന്യന്മാൎക്കു കഴിയുന്നതല്ല. യാതൊരു കപടവും കൂടാതെയും, പരമാൎത്ഥമായും, താൻ പറഞ്ഞ ന്യായത്തിന്, ദേവന്മാർ ഓരോരുത്തരും ചെയ്ത പ്രത്യുക്തി, കേവലം യുക്തിഭംഗമായിട്ടുള്ളതാണെന്നു നളന്, പ്രത്യക്ഷമായിരുന്നു. എന്നാൽ ധൎമ്മാധൎമ്മവിചാരം ചെയ്യുന്നതിൽ കൎത്താക്കന്മാരായ ആ ദേവന്മാർ, ഇത്രയും യുക്തിഹീനമായി സംസാരിച്ചതിൽ നിന്ന്, അവരുടെ മനസ്സ് ആ കാൎയ്യത്തിൽ വളരെ ശക്തിയായി പ്രവേശിച്ചുപോയി എന്നും, ആ സന്ദൎഭത്തിൽ ധൎമ്മോപദേശം അവരോടു യുക്തമല്ല എന്നും, നളൻ ഉറച്ചു. അതോടുകൂടെത്തന്നെ ദമയന്തിയെ ഒരു ക്ഷണമെങ്കിലും മുൻകൂട്ടി കാണുവാൻ ഈ ദൗത്യം ഉപയോഗപ്പെടാമെന്നും, ദമയന്തിയുടെ മുഖസൗന്ദൎയ്യത്തെക്കണ്ടും, വാങ്മാധുരിയെ കേട്ടും, നിർവൃതി അടയാമെന്നും, നളനു വിചാരമുണ്ടാകാതിരുന്നില്ല. ഏതൊരു ദുരവസ്ഥയിലും ആശ്വാസമാർഗ്ഗം കാണുവാനുള്ള ഒരു ശക്തി, സങ്കടകാരണങ്ങളോടു ഇടപിണഞ്ഞിക്കിടക്കുന്ന മനുഷ്യജീവിതത്തിൽ ഒരു വിശ്രമമായി, ഈശ്വരൻ അറിഞ്ഞു നമുക്കു തന്നിരിക്കുന്നതാണെന്നു തോന്നും. ആ ദേവസന്ദേശം താൻതന്നെ ദമയന്തിക്കു നൽകാമെന്നു മനസ്സു ക്രമേണ നിശ്ചയിച്ചതിനോടുകൂടെ, വേറെയും ചില വികാരങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ വരാതിരുന്നില്ല. തന്നെക്കുറിച്ചു ദമയന്തിക്കു അനുരാഗമുണ്ടെന്നുള്ള കഥ ഒരു പക്ഷി പറഞ്ഞു മാത്രമാണു താൻ അറിഞ്ഞിരിക്കുന്നതു എന്നും, എന്നാൽ താൻ കേട്ടറിഞ്ഞിരിക്കുന്ന കഥയുടെ വാസ്തവത്തെ അഭിമുഖസംഭാഷണം കൊണ്ടു പരീക്ഷിച്ചറിയുവാൻ ഈ സന്ദൎഭത്തെ ഉപയോഗപ്പെടുത്താമെന്നും ഉള്ള രീതിക്ക്, അദ്ദേഹത്തിന്റെ മനസ്സു ഗമിച്ചു. ഇന്ദ്രാദികളുടെ അനുരാഗത്തെ ഗ്രഹിച്ചാൽ കേവലം ഒരു മനുഷ്യനായ തന്നെ ഉപേക്ഷിക്കുവാൻ ദമയന്തി ഉദ്ദേശിക്കുമോ എന്നും, ഇന്ദ്രൻ മുതലായ കാമുകന്മാർ ഉള്ള വിവരം അറിയാതെ, ദമയന്തി തന്നെ വരിക്കുവാൻ ഇടയാകുന്നതു, ആശാസ്യമല്ല എന്നും ആ ധൎമ്മാത്മാവ് ഉറച്ചു. മിന്നൽപ്പിണരുകൾ പോലെ ഓളം തല്ലിയ വിചാരതരംഗപരമ്പരകൾക്കു അങ്ങനെ വശംവദനായി ഒരു ക്ഷണനേരം സ്തബ്ധനായി നിന്നശേഷം, നളൻ ഇങ്ങനെ പറഞ്ഞു:—"ഞാൻ സമ്മതിച്ചു. മഹാന്മാരായ നിങ്ങളിൽ ഒ

ത്തന്നെ ദമയന്തി വരണം ചെയ്യുവാൻ ഞാൻ യഥാൎത്ഥമായി പരിശ്രമിക്കാം.”

ഇന്ദ്രാദികൾ നളനെ അനുഗ്രഹിച്ചു; എന്നുമാത്രമല്ല, ദമയന്തിയെ ഒഴിച്ചു് ആരും അദ്ദേഹത്തെ കാണുന്നതല്ല എന്നും, ദമയന്തി തന്നെയും ആൾ നളനാണെന്നു മനസ്സിലാക്കുകയില്ല എന്നും, അവർ നളന്നു് ഒരു വരവും കൊടുത്തു. പിന്നെ താമസമുണ്ടായില്ല. നായാട്ടു ചെയ്തുകൊള്ളുവാൻ അനുയായികളെ അനുവദിച്ചശേഷം, നളൻ കുണ്ഡിനപുരത്തേക്കു യാത്രയായി. അദ്ദേഹം കുണ്ഡിനപുരത്തെ സമീപിച്ചു് ഗോപുരങ്ങൾ, കിടങ്ങുകൾ, മതിലുകൾ, കോട്ടവാതിലുകൾ, ദ്വാരശിപായികൾ, തെരുവീഥികൾ, ഇതുകളെ അതിക്രമിച്ചു അന്തഃപുരപ്രദേശങ്ങളിലായി. ഇന്ദ്രാദികളുടെ വരം വിസ്മയംതന്നെ. അദ്ദേഹത്തിന്റെ പുറപ്പാടിനെക്കുറിച്ചു് ആരും ഒന്നും ചോദിച്ചില്ല അനേകം കന്യകമാർ അവിടെ ഉദ്യാനങ്ങളിലും കൊട്ടാരങ്ങളിലും ആടിയും, പാടിയും. സൌഭാഗ്യജീവിതത്തിന്റെ ആദർശങ്ങളായി വിളങ്ങുന്നു. നളൻ വീണ്ടും നടന്നു്, ലക്ഷണംകൊണ്ടു ദമയന്തീഗൃഹമെന്നു ഗ്രഹിച്ച ഒരു വലിയ മാളികയുടെ മുകളിലേക്കു ഗോവണി കയറി. അതാ കാണേണ്ടതു കണ്ടു. നക്ഷത്രങ്ങളുടെ മദ്ധ്യത്തിൽ ചന്ദ്രബിംബംപോലെ— ത്രിലോകങ്ങളിലും സൗന്ദര്യത്തിനു മാതൃകാകല്പയായ ദമയന്തി— മൂന്നുനാലു വിശ്വസ്തപരിചാരികമാരോടു കേളീസല്ലാപം ചെയ്തുകൊണ്ടിരിക്കുന്നു.

“ക്രൂരപെരുതേതൊരന്നം ചൊന്നതിൽ
ന്നൂറുമടങ്ങു മഹാഗുണമേറും,
അടിമലർത്തുടയിണകടിതടമോടും,
പടുകൊടിനട തലമുടി വടിവുകളും
മുടിയടിയുടലുകളുടമകളുടനതി
പടുതരമരചനകാണായ്വന്നു”

ദമയന്തി പെട്ടെന്നു എഴുനീററു. പരമസുന്ദരനായ ഒരു പുരുഷനെ, പുരുഷനിരോധം ചെയ്യപ്പെട്ടിരുന്ന തന്റെ കൊട്ടാരത്തിന്റെ മേൽത്തട്ടിൽ, ആളിമാരുടെ മദ്ധ്യത്തിൽ, കണ്ടതുകൊണ്ടു് ദമയന്തി അത്യധികം വിസ്മയിച്ചു എങ്കിലും ചേടിമാർ ആ മനുഷ്യനെ കാണുന്നില്ല എന്നു പ്രത്യക്ഷമായതുകൊണ്ടും, മററു സാഹചര്യങ്ങൾകൊണ്ടും അസാധാരണമായ ഏതെങ്കിലും ഇതിൽ ഉണ്ടു് എന്നു് ഊഹിച്ചറിഞ്ഞ ആ ബുദ്ധിശാലിനി, അബദ്ധമൊന്നും ഒന്നും പ്രയോഗിച്ചില്ല. ദമയന്തി നളനെ ഒരു കനകപീഠത്തിന്മേൽ ഇരുത്തി അസാധാരണമായ യാതൊന്നും അവിടെ നടന്നില്ല എന്ന മട്ടിൽ, വിനയപൂർവ്വം കുശലപ്രശ്നം ചെയ്ത ശേഷം. അദ്ദേഹം ആരാ

ണെന്നും, എന്തുകാര്യമായിട്ടാണ് വന്നിരിക്കുന്നത് എന്നും, മററും അന്വേഷിച്ചു.

നളൻ:—ഞാൻ ഒരു ദൂതനാണ്. ദൂതനായിരിക്കുന്ന സ്ഥിതിക്ക്, ഞാൻ ആരാണ് എന്നു പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. എൻെറ യജമാനന്മാർ നിങ്ങളുടെ അടുത്ത് ഒരു സന്ദേശം അറിയിക്കുവാനായി എന്നെ അയച്ചിരിക്കുകയാണ്. നിങ്ങളുടെ അച്ഛനായ ഭീമമഹാരാജാവു ഭൂതലത്തിൽ എവിടെയും ഉള്ള മഹാരാജാക്കന്മാരെ നിങ്ങളുടെ സ്വയംവരോത്സവം പ്രമാണിച്ചു ക്ഷണിച്ച വിവരം അറിഞ്ഞു അവർ ദേവലോകത്തുനിന്നു വന്നിരിക്കുന്നവരാണ്. ഞാൻ സംഗതി പ്രത്യക്ഷമായിപ്പറയാം.

'ഇന്ദ്രനുനിങ്കൽ കാംക്ഷതുടങ്ങി,
സുന്ദരി! നിന്നുടെ സുകൃതംതന്നെ,
എന്നതുമല്ല, പ്രേതാധിപനും,
പിന്നെദ്ദഹനനുമംഭോനിധിയും
എന്നിഹനാലുമഹാപുരുഷന്മാർ
നിന്നെനിനച്ചുമരിപ്പുറായി,
ഇന്നിതിലൊരുവനെ മാലയിടേണം
നിന്നുടെമനമതിലൊത്തതുപോലെ.
അമരാധിപനെ വരിച്ചെന്നാകിൽ
അമരസ്ത്രീകളുമമരും നിങ്കൽ;
ഗംഗാസലിലേ സ്നാനംചെയ്യാം,
ഗംഗാപുളിനേക്കളികളുമാടാം,
കല്പകപുഷ്പാകൊണ്ടുചമച്ചൊരു
തല്പംതന്നിൽ നിനക്കുശയിക്കാം
വരുണനെയോർത്താലവനെത്തന്നെ
വരണംചെയ്യണമെന്നുംതോന്നും;
തരണംവളരെ ദ്രവ്യമിതെന്നാൽ
വരുണനു ചെററും സംശയമില്ല;
തരുണിമണികളിഹ യമനെ വരിപ്പാൻ
കരുണ മനസ്സിലുദിച്ചെന്നാകിൽ,
മരണഭയംപുനരൊട്ടും വേണ്ടാ;
പെരിയ ത്ര്യവമൻകാലമിരിക്കാം;
തേജസ്സുള്ളജനങ്ങളിലത്രേ
തേൻമൊഴിമാർക്കനുരാഗമിരിപ്പൂ;
എന്നാലഗ്നിയെ മാലയിടേണം
നന്നായിട്ടവനുണ്ടുപ്രകാശം.
പൂന്തേൻമൃദുവാണീ! ദമയന്തീ!

ചിന്തിതമെന്തിഹ തേ.”
ഈമധുരോക്തികൾകേട്ടിട്ട്,
‘വളരെപ്പറയരുതെന്നോടുഭൂത!
കളിവചനങ്ങൾകുറച്ചാലുംനീ;
ഹൃദയംകൊണ്ടൊരുപുരുഷനെമുന്നം
സദയം ഞാനിഹ വരണംചെയ്തു.
അവനല്ലാതൊരു പുരുഷനെ ഞാനി-
ബ്ഭുവനംമൂന്നിലുമിച്ഛിച്ചീടാ.
പടുമതിയാം മമ വല്ലഭനിപ്പോൾ
ഝടിതി വരും മമവേളി കഴിപ്പാൻ
എന്നുടെ രമണനു ശരിയായിട്ടൊരു-
സുന്ദരനില്ല ജഗത് ത്രയവാടേ
നിന്നുടെ ചെവിയിൽ കേളാഞ്ഞതന്തേ!
കളമധുരാകൃതി നളനരപാലൻ
നളിനവിലോചനനളിരുചികേശൻ
തെളിവിൻ മുമ്പിൽ വരുന്നാളവൻടെ
ഗളമതിൽ മാലകരേററി വരിക്കും;
ഇന്ദ്രാദികളും ചന്ദ്രാദികളും
ചന്ദ്രമുഖന്മാർമററുള്ളവരും
കുന്നിച്ചീടിന പണമുള്ളവരും
സുന്ദരനെന്നു നടിക്കുന്നവരും
ഈരേഴുലകിതിലമരുംപുരുഷരി-
ലൊരുവനെനിക്കിഹ വരനാകേണ്ടാ,
വീരശിരോമണി നളഭൂപാലൻ
ചാരുഗുണാകരനെന്നുടെ കാന്തൻ
നളനുടെ രൂപം വഴിയാംവണ്ണം
നളിനദലത്തിൽ നഖം കൊണ്ടെഴുതി-
ത്തെളിവൊടു തന്നു കളഹംസം മമ
കളിയല്ലതു ഹൃദി മരുവീടുന്നു.
നിന്നുടെരൂപവുമെഴുതിയ രൂപവും
ഇന്നൊരുപോലെ തോന്നീടുന്നു,
എന്തൊരു കാരണമതിനെന്നുള്ളതു
ചിന്തിച്ചിട്ടതു കാണുന്നില്ല.
കോടിസഹസ്രം മദനന്മാരുടെ
കോടികലൻ ഭവാനെ ദ്യുതിസ
ചാടിച്ചവരുടെ മനതാരിങ്കലെ-
മൂഢതയോർത്താൽ ചിരിയാകുന്നു.

വാഗ്ദത്തമതുകൊണ്ടെന്തിന്നു വളരെ-
ദുസ്സാദ്ധ്യങ്ങൾ കഥിച്ചീടുന്നു
ഈശ്വരകൃപയുണ്ടെങ്കിലുടൻ നിഷ-
ധേശ്വരവരനേ വരണംചെയ്വാൻ
തെളിവൊടു ദേവന്മാരവർ മമ
പെരുകിന കൃപയൊടു വരമരുളേണം.
സുരവധുമാരുടെ നടുവിലിദാനീം
നരവധു ചേരുകയില്ല.
ഉച്ഛ്രിതകാഞ്ചനവളയുടെ നടുവിൽ
പിച്ചളവളയതുപോലെ,
മറിമാൻപിടകൾ തന്നുടെ ഇടയിൽ
കുറുനരി തൻപിടപോലെ,
അഴകിയഹരിണികളരികിൽ ചെല്ലും
കഴുതപ്പെൺകൊടിപോലെ,
നിഷധനരാധിപനെന്നുടെ രമണൻ
ഇഷുധരബാഹുമനോജ്ഞൻ
ഇതിലധികം മമ നിന്നോടു പറവാൻ
മതിബലമില്ല ഹദ്ദൂത!"

എന്നിങ്ങനെ ദമയന്തി മറുപടി പറഞ്ഞു. എങ്കിലും കൗതുകപുളകിതനായ നളൻ സ്വകൃത്യം ആവോളം നിറവേററുവാനാണ് ഉദ്യമിച്ചത്.

"അതിസുന്ദരനാമിന്ദ്രങ്കൽതവ
കൊതിയില്ലെന്നു പറഞ്ഞതു ഭോഷ്ക്
അണ്ടർകുലത്തിൽമികച്ചൊരുവമ്പനെ
വേണ്ടെന്നിനക്കെന്നുരചെയ്യാമോ?
കൊണ്ടൽകുഴൽമണിയാളേ! നിന്നുടെ
ചെണ്ടത്തം പുനരധികം തന്നെ
നളനെന്നല്ലൊരുപുരുഷൻഭോഷൻ
ജളനെന്നല്ലതുബോധിച്ചാലും
മനസി നളൻ നല്ലനെന്നു നിനച്ചി-
ട്ടനുദിനമങ്ങു വസിച്ചു നിനക്കും
അവനെക്കണ്ണിൽ കാണുന്നേരം
ഇവനോ എന്നൊരു നിന്ദയുമുണ്ടാം.
കൈയിൽകിട്ടിയകനകമുപേക്ഷി-
ച്ചയംകാരംവാങ്ങിച്ചീടുന്നു
അയ്യോ ഭോഷി നീയെന്തിങ്ങനെ
കാര്യാകാര്യം തിരിയാത്തവളോ

മംഗലശീലേന്ദ്രയുംനളനും
തങ്ങളിലൊട്ടുംചേരുകയില്ല
നല്ല മിന്നുന്ന കഷണ്ടിക്കാരൻ
മുല്ലപ്പൂമലർചൂടിയപോലെ,
കൊന്നപ്പൂവും മാറേറവുമൊന്നൊരു
പൊന്നും തമ്മിൽ ചേരുംപോലെ,
കാഞ്ചനമുട്ടകിൻ നടുവിലണിഞ്ഞൊരു
മഞ്ചാടിക്കുരുവെന്നതുപോലെ,
കുവലയമലരുടെ പരിമളസാരം
തവളകളറിവാൻ സംഗതി വരുമോ?
നല്ലൊരു പാട്ടും കൊട്ടും കേട്ടാൽ
കല്ലിനു ഭാവവികാരമതുണ്ടോ?
മൂഢനതാകിന നളനീചകയിൽ
പ്രൗഢതയില്ലതു ബോധിച്ചാലും.
സുരപതി വിരുതൻ നല്ലൊരു രസികൻ
സരസസുഖങ്ങളറിഞ്ഞൊരു വിരുതൻ
ഒരുവനെ മാലയിടേണമിതെന്നാൽ
പുരുഷോത്തമനാമിന്ദ്രനെ വേണം"

ഇത്രയുമായപ്പോഴേയ്ക്കു ചെവിരണ്ടും പൊത്തിക്കൊണ്ടു ദമയന്തി പറഞ്ഞു.

"മതി, മതി, നിന്നുടെകടുവചനാദികൾ
മതിതാപം മമ പെരുകിടുന്നു.
മതിമുഖനാകിയനളനരപാലനെ
അതിയായിട്ടു ദുഷിച്ചതുമതിമതി,
തിരിയെനടക്കാമിനിയുമൊരക്ഷര-
മുരിയാടുകിൽ ഞാനങ്ങുഗമിക്കും
പരിഹാസാദികൾപറയുന്നവരും
അരികിലിരുന്നതുകേൾക്കുന്നവരും
ദുരിതാനുഭവം സമമായ്‌വരുമെ-
ന്നുരചെയ്യുന്നുമുനിതിലകന്മാർ
ഇരുവരുതമ്മിൽചേർന്നുവരുമ്പോൾ
പരമാനന്ദമവർക്കുലഭിക്കും
മററുള്ളവരു പറഞ്ഞാലുംഹൃദി
പററുകയില്ലകലുഷവുമില്ല.
കുററം നളനുപറഞ്ഞെന്നാകില്ല-
മേററമവങ്കൽനമുക്കഭിലാഷം.
മററെന്തിനു വളരെപ്പറയുന്നു

പെററു പിറന്നൊരു ജനനിയുമെന്നെ-
പ്പോററി വളത്തൊരു ജനകൻതാനും
മറെറാരു പുരുഷനെ മാലയിടീപ്പാൻ
മുററും വന്നു പ്രയത്നം ചെയ്താൽ
തെറെറന്നിവിടെ മരിക്കും ഞാനതി-
ലേററം മറെറാരുപായവുമില്ല."

പിന്നെ നളൻ താമസിച്ചില്ല. തൻെറകൃത്യം സാധിച്ചു മടങ്ങുവാനായി വേണ്ട എല്ലാ ഉപായങ്ങളും പ്രയോഗിച്ചു എന്നുള്ള ഉത്തമവിശ്വാസത്തോടും, എന്നാൽ ദമയന്തിയുടെമനസ്സു നളനിൽതന്നെ ദൃഢമൂലമായിട്ടുണ്ടു എന്നു കണ്ടറിഞ്ഞതിനാൽ ഉണ്ടായ ആനന്ദലഹരിയോടും കൂടി നളൻ ദേവന്മാരുടെ സന്നിധിയിൽ എത്തി. വർത്തമാനം അറിയുവാൻ ഉല്ക്കണ്ഠയോടെ നിന്നിരുന്ന ദേവരാജാക്കന്മാരെ നോക്കി ഭയത്തോടും വിനയത്തോടുംകൂടി നളൻ വിവരം പ്രസ്താവിച്ചു. ദമയന്തിയുടെ മനോഗതിയെ തടുക്കുവാൻ തന്നെക്കൊണ്ടു സാധിച്ചില്ല എന്നും, അവൾ ഹൃദയംകൊണ്ട് ഒരുവനെ വരിച്ചതായി പ്രസ്താവിച്ചു എന്നും താൻ കഴിയുന്ന ഉത്സാഹം ചെയ്തു എന്നും സർവഹൃദയങ്ങളേയും കാണ്മാൻകഴിയുന്ന ദേവരാജാക്കന്മാർ തൻെറ ഉത്തമവിശ്വാസ്യതയെ മനസ്സിലാക്കി തൻെറ എല്ലാക്കുറവുകളേയും അവർ ക്ഷമിക്കണമെന്നും നളൻ ഉണർത്തിച്ചു ദേവന്മാർ കോപിച്ചില്ല. അവർ പരഹൃദയജ്ഞാനമുള്ളവരാണല്ലൊ. നാലുപേരും അവിടെത്തന്നെ അന്തർദ്ധാനം ചെയ്തു.

നളമഹാരാജാവും പരിവാരങ്ങളും ആഘോഷപൂർവം വീണ്ടും യാത്രതുടൎന്നു. സമയത്തിനു മുമ്പായിത്തന്നെ കുണ്ഡിനപുരത്തിൽ വിവാഹമണ്ഡപത്തിൽ അദ്ദേഹം എത്തി. കുണ്ഡിനപുരം അപ്പോൾ ഒരു ഭൂസ്വർഗ്ഗമായിരിക്കുകയാണു്. തെരുവീഥികളും ഗൃഹങ്ങളുംമേടകളും കെട്ടുകളും അതതുകാലങ്ങൾക്കു ചേൎന്ന പൂൎണ്ണപ്രാഭവങ്ങളോടുകൂടി പുതിയ നിറംകലൎന്ന് എവിടെയും ഹൃദയാകർഷമായിരുന്നു. പുരുഷന്മാരും സ്ത്രീകളും ഉടുത്തൊരുങ്ങി ചലനമുള്ള ആഭരണക്കെട്ടുകൾപോലെ ആടിയും പാടിയും നാടെങ്ങും പൊടിപാറവന്നു. സംഗീതകലയിൽ നാനാപ്രകാരേണ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരും ദേശാന്തരങ്ങളിൽനിന്നുവന്നുചേൎന്നിട്ടുള്ളവരുമായ സമൎത്ഥന്മാർ തങ്ങളുടെ വിദ്യാതപത്തെ പ്രകടിപ്പിക്കുകയും അന്യോന്യം മത്സരിക്കുകയും അപരന്മാർ ആകലാകുശലതാവിശാലതയേ അറിഞ്ഞും അറിയാതെയും അഭിനന്ദിക്കുകയുംചെയ്യുന്നു. അനേകമനേകം രാജ്യങ്ങളിൽനിന്നുവന്നിട്ടുള്ള രാജാക്കന്മാരുടെ അകമ്പടിക്കാർ, പരിചാരകന്മാർ, മുതലായവർ അവരവരുടെ ദേശനടപ്പനുസരിച്ച് മുഖപ്പകിട്ടും വേഷപ്പകിട്ടും കാണിച്ചുകൊണ്ടു് എവിടെയും കാണ്മാനുണ്ട്. കുതിര, ഒട്ടകം, പോത്തു്,

കാള, ആനമുതലായ മൃഗങ്ങൾ, ജീൻ മുതലായ ആസനങ്ങൾ വ ഹിച്ചിരിക്കുന്നതും, വിദർഭമഹാരാജപരിചാരകന്മാരാൽ നൽകപ്പെടുന്ന കൊട്ടത്തേങ്ങ, ശക്കരയുണ്ട, കദളിപ്പഴം, മലപ്പൊടി, പായസം ഇതുകളെ വാൎപ്പുകളിലും ചെമ്പുകളിലും വച്ചു ഭക്ഷിച്ചുകൊണ്ടിരിക്കുന്നതും, അതിഥികളായി വന്നിരിക്കുന്ന മഹാരാജാക്കന്മാരുടെയും മററു മാന്യന്മാരുടെയും ജന്മദേശങ്ങളുടെ വിവിധത്വത്തിനും, വിദർഭരാജാവിൻെറ അതിഥിസല്ക്കാരം സർവ്വതോമുഖമായ അന്വേഷണം, എന്നിതുകൾക്കും, ലക്ഷ്യങ്ങളായി കാണികളെ വിഭ്രമിപ്പിക്കുന്നു.

അംഗൻ, വംഗൻ, കലിംഗൻ, കേരളൻ, കാശ്മീരകൻ, കൎണ്ണാടകൻ, ചോളൻ, കുരുകുലൻ,തുളുരാജൻ, സിംഹളൻ, കുന്തളൻ മുതലായവരും, കാശി, കാമരൂപം, ചേദി, ചേരം, അയോദ്ധ്യ, സൌരാഷ്ട്രം എന്നിങ്ങനെയുള്ള അനേകമനേകം രാജ്യങ്ങളിൽനിന്നു വന്നുചേൎന്നിരിക്കുന്ന മഹാരാജപ്പെരുമ്പടയും, അവിടെ കാണ്മാനുണ്ട്. സ്വർഗ്ഗതുല്യമായ കല്യാണപ്പന്തലിൽ അമ്പത്താറു രാജാക്കന്മാരും, അപരന്മാരും അവരവരുടെ സവാംഗങ്ങളേയും ഭംഗിപിടിപ്പിച്ചും, പ്രേക്ഷകന്മാരുടെ കൗതുകത്തെ അപഹരിക്കുവാൻ തക്ക സമ്പ്രദായത്തിൽ, ഉടൽ ചാരിയും, തലചെരിച്ചും, കാലു വിറപ്പിച്ചും, മനോധർമ്മപ്രയോഗം ചെയ്തുകൊണ്ട്, കനകാസനങ്ങളിൽ ഇരിക്കുന്നു. ആ മഹാരാജാക്കന്മേർ എല്ലാപേരും ഭൈമീധ്യാനരതന്മാരും ഭൈമീപ്രീതിപ്രേക്ഷകന്മാരും ആണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. എന്നാൽ ഭൈമീപ്രീതിയെ സമ്പാദിക്കുവാൻ ഓരോരുവനും ഒരുങ്ങിയിട്ടുള്ളതു് അവനവൻെറ ബുദ്ധിയുടെ ഗതി അനുസരിച്ചായിരുന്നു

ഒരുവൻ:—"മന്നവർ പലരും പോരുന്നെന്തിന്
കന്യക നമ്മുടെ കൈക്കൽ പോരും
എന്നെപ്പോലെ സുന്ദരനായി-
പ്പിന്നെയൊരുത്തൻ ഭൂമിയിലില്ല'...

അന്യൻ:—ജാതിശ്രേഷ്ഠതയുള്ളജനത്തെ
കാതരമിഴിമാർകാമിച്ചീടും
ജാതിവലുപ്പം നിരുപിച്ചെന്നാൽ
ഏതുംകുറവുനമുക്കില്ലിപ്പോൾ'...

അപരൻ:—"ഇദ്ദിക്കിൽ പുനരെന്നിൽമികച്ചൊരു
വിദ്വാനില്ല, തികച്ചുരചെയ്യാം.
വിദ്വാനകിയ വരനെ വരിപ്പാൻ
ഉദ്യോഗിക്കും ഭമസോദരിയും...

നാലാമൻ:—'കവികളിലേററം കൌതുകമേറും

കുവലയമിഴിമാൎക്കില്ല വിവാദം
കവിതക്കാരിഹ പലരുണ്ടെങ്കിൽ
അവരിൽമികച്ചതു ഞാനിഹതന്നെ
വേറൊരുവൻ:—'അംഗനമാൎക്ക മനസ്സു തണുപ്പാൻ
സംഗീതത്തിനുശരിയല്ലൊന്നും
സംഗീതങ്ങടെ ഭംഗിവരുത്താൻ
ഇങ്ങൊരു കൂട്ടം വാസനയേറും'

ശരീരവും മനസ്സും ഒരുപോലെ കമ്പിച്ചിരുന്ന മഹാരാജപരമ്പര അടങ്ങിയ കനകാസനാരൂഢന്മാരുടെ ഇടയിൽ, സൎവ്വ പ്രകാരങ്ങളിലും തുല്യശരീരന്മാരായ അഞ്ചു നളന്മാർ, 'കോടിസഹസ്രം മദനന്മാരുടെ മോടി'യോടുകൂടിയവരായും ആ ഭൈമീകാമുകന്മാരുടെ അയസ്സ്യൂ പാത്രങ്ങളായും കത്തിച്ച വിളക്കുകൾപോലെ ശോഭിക്കുന്നുണ്ട്. നിഷധനളനെ പരിചയമുള്ള പലൎക്കും മററുള്ളവൎക്കും, ഈ പഞ്ചനളാവിൎഭാവം ഒരു അത്യത്ഭുതമായിരുന്നു.

സ്വയംവരണത്തിനുള്ള മുഹൂൎത്തം സമീപിച്ചുവരുന്നു. ആഗതന്മാരായ മഹാരഥന്മാരുടെ പൂൎവ്വചരിത്രത്തെക്കുറിച്ചുള്ള പരിചയക്കുറവും, അവരുടെ യോഗ്യതായോഗ്യതകളെ അറിഞ്ഞു് ഉചിതനായ പുരുഷനെ സ്വീകരിക്കുന്നതിനു കേവലം യുവതിയായ ദമയന്തിക്കുള്ള അപ്രാപ്തിയും ആലോചിച്ച്, അച്ഛനായ ഭീമൻ ചിന്താപരവശനായി. ആ സന്ദൎഭത്തിൽ ആ വിഷ്ണുഭക്തന്റെ സങ്കടനിവൃത്തിക്കായി സരസ്വതിതന്നെ അവിടെ എഴുന്നള്ളി, സന്നിഹിതന്മായിരിക്കുന്ന സകലയോഗ്യന്മാരേയും, സൎവ്വവിവരങ്ങളും ദമയന്തിക്ക് ഉപദേശിച്ചുകൊടുക്കാമെന്ന് ഭരമേററു. ദമയന്തിയും സരസ്വതിയും, വശംവദകളായ ഏതാനും ചേടികളും സൎവ്വാഭരണവിഭൂഷിതകളായി ആലവട്ടം, വെൺചാമരം, രത്നക്കുട, വീണാപ്രയോഗം, സംഗീതകോലാഹലം, ആനയമ്പാരി, കുതിരയകമ്പടി എന്നിതുകളുടെ സാഹചൎയ്യത്തോടുകൂടി കനകപ്പല്ലക്കുകളിൽ സദസ്സിൽ എത്തി

ഭൈമീപ്രാൎത്ഥനാനിരതന്മാരായി നിരനിരയായിരിക്കുന്ന മഹാരാജാക്കന്മാരുടെ മുമ്പിൽ ഓരോരുവനെ അഭിമുഖമാക്കി ഈ സുന്ദരിമാർ നീങ്ങിത്തുടങ്ങി.

സരസ്വതി—'അല്ലയോ സുന്ദരി! ഇതാ ഈ നരേന്ദ്രമണ്ഡലത്തിൽ ഒന്നാം കസാലയിൽ ഇരിക്കുന്നതു്, ഋതുപൎണ്ണമഹാരാജാവാണ്. ആകാശഗംഗയെ ഭൂമിയിലേക്കു കൊണ്ടുപോന്ന ഭഗീരഥൻ ഈ ഋതുപൎണ്ണന്റെ ഒരു പൂൎവ്വജനത്രെ. പതിന്നാലുലോകങ്ങളിലും പ്രസിദ്ധമായ ആ രാജവംശത്തിന്റെ ഇപ്പോഴത്തെ നായകനായ ഋതുപൎണ്ണൻ, സൌന്ദൎയ്യംകൊണ്ടു് സുപ്രസിദ്ധനും, രാജോചിതങ്ങ

ളായ എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു സൗഭാഗ്യവാനും ആണ്; ഇഷ്ടമുണ്ടെങ്കിൽ വരണംചെയ്യാം.'

ഋതുപർണ്ണന്റെ ഭാര്യാപദം ദമയന്തിക്ക് ആകർഷണീയമായി തോന്നിയില്ല, എന്ന് മുഖഭാവംകൊണ്ടു തെളിഞ്ഞതിനാൽ, സരസ്വതി നീങ്ങി അടുത്ത രാജസന്നിധിയിൽ എത്തി. 'ഇതു് വംഗരാജ്യത്തിന്റെ രാജാവാണ്. എത്രയോ പ്രതാപമേറിയ ഒരു മഹാരാജാവും ആയുസ്സിൽ ലഭിക്കാവുന്ന സകല സുഖങ്ങളേയും അനുഭവിച്ച് കാലം പോക്കുന്ന ഒരു മഹാനും ആണ് ഇദ്ദേഹം. ആൾ പരമസുന്ദരൻ; നോക്കിക്കാണാമല്ലോ. സ്ത്രീസ്വഭാവത്തെ പ്രീണിപ്പിക്കുന്നതിന് സഹജമായ വാസനയും സമ്പാദിതമായ പരിചയവും, ധാരാളം ഉള്ളവൻ; അപകടഭയമില്ലാത്തതും, സൗഭാഗ്യാവഹമായതും ആയ ഒരു ആയുസ്സിനെ ആഗ്രഹിക്കുന്ന യുവതി, വരിക്കേണ്ട ഒരു പുരുഷനാണ്.

ദമയന്തി മുന്നോട്ടു നീങ്ങി; മുമ്പേ സരസ്വതിയും പിറകേ തോഴിമാരും ഉണ്ട്.

സരസ്വതി:—'ഇതു് വാരാണസീന്ദ്രനാണ്. കാശിപട്ടണം പ്രസിദ്ധമാണല്ലോ. ഗംഗാനദിപ്രവാഹം നിമിത്തം പരിശുദ്ധമായ കാശി, ഭൂലോകസ്വർഗ്ഗമാണ്. സർവ്വപാപഹരമായ ഗംഗാസ്നാനം ഈ ഭാഗ്യവാനും, അദ്ദേഹത്തിന്റെ ഭാര്യയാകുവാനുള്ള ഭാഗ്യവതിക്കും, നിത്യവും നിഷ്പ്രയാസം ലഭിക്കും. പാമ്പ്, ജട, ചന്ദ്രൻ, ഫാലനേത്രം, തുമ്പ, ചാമ്പൽ, പുലിത്തോൽ, മൃഗചർമ്മം ഇതുകളെക്കൊണ്ട് അലംകൃതനായ സാക്ഷാൽ പരമശിവനെ, സ്വക്ഷേത്രത്തിൽ ഈ രാജാവ് നിത്യവും ദർശനം ചെയ്തുപോരുന്നു.

ഈ വിവരണത്തിങ്കൽ ദമയന്തി പ്രദർശിപ്പിച്ചതു്, ഭർത്തൃദർശനത്തിങ്കൽ ഉണ്ടാവാവുന്ന ലജ്ജയല്ല; ദേവസന്നിധിയിൽ ഉചിതമായ ഭക്തിയാണ്. ആ സുന്ദരീസംഘം മുന്നോട്ടുനടന്നു.

സരസ്വതി:—'ഇതു പ്രസിദ്ധനായ ഹേഹയമഹാരാജാവാണ്. കാർത്തവീര്യനെക്കുറിച്ച് അറിഞ്ഞിരിക്കുമല്ലോ; രാവണനെ ബന്ധനത്തിലാക്കിയ, കാർത്തവീര്യാർജ്ജുനൻതന്നെ: ആ മഹാരഥന്റെ വംശജനും അക്ഷീണപൗരുഷനും ആയ ഇദ്ദേഹം ഇന്നും അക്ഷൗഹിണീനാഥനാണ്. ഇദ്ദേഹത്തിന്റെ രാജധാനി നിർമ്മലജലത്തിനു പ്രസിദ്ധികേട്ട നർമ്മദാതീരത്തു സ്ഥിതിചെയ്യുന്നു. ശീതളമായും, കുസുമധൂളിവ്യാപ്തമായും അടിക്കുന്ന മന്ദാനിലൻ ഏററ് മണൽത്തിട്ടകളിൽ കേളീവിഹാരം ചെയ്യുവാനും, കൊട്ടാരങ്ങളിലുള്ള സുഖം ആയുസ്സിനെ അറിയുവാനും, ആഗ്രഹിക്കുന്നവർ നർമ്മദാതീരങ്ങളിലുള്ള വിന്ധ്യാചലപ്രാന്തങ്ങളെയാണ് ആഗ്രഹിക്കേണ്ടതു്.'

ഹേഹയമഹാരാജാവിനെ, അന്യനെ എന്നവണ്ണം ബഹുമാ

നിച്ച കൈക്രപ്പിദമയന്തിനാടനം. അദ്ദേഹത്തിൻെറ ഹൃദയവും സൗഭാഗ്യവും അടയാമെന്ന് അവൾ ആംഗ്യം കാണിച്ചതുപോലെയാണ ഷേഹയൻ ദമയന്തിയുടെ കൈക്രപ്പുകൾക്ക അത്ഥം നിശ്ചയിച്ചതു്.

സരസ്വതി:—'ഈ സിംഹാസനത്തിന്ന് അലങ്കാരഭൂതനായിരിക്കുന്നതു്, കേരളരാജാവാണ് അതിവിദുഷിയായ നീ ഈ വിദ്യാവിശേഷനെ കാണുക. വേദപാരംഗതനും, താക്കികനും, നീതിശാസ്ത്രജ്ഞനും, മീമാംസകനും, പ്രസിദ്ധകവിയും ആയ ഇദ്ദേഹത്തിന ഏതു വിദ്വത്സദസ്സിലും പ്രഥമസ്ഥാനമാണുള്ളതു്. സവ്വസമ്മതങ്ങളായ പല സാഹിത്യകൃതികൾ നിർമ്മിച്ച് തനിക്കും സ്വവംശത്തിനും അനശ്വരമായ കീത്തിയെ സമ്പാദിക്കുവാൻ ഇദ്ദേഹത്തിന കഴിയും.'

സരസ്വതിയും, ദമയന്തിയും, ആളിമാരും ഇങ്ങനെ മഹാരാജാക്കന്മാരെ കണ്ടും, അറിഞ്ഞും, ഉപചരിച്ചും, ബഹുമാനിച്ചും,—എന്നാൽ ദമയന്തീഹസ്തഗതമായ മാലയ്ക്കു പ്രയോഗം ഇല്ലാതെയും-ദീർഘസമയം കഴിഞ്ഞു. കണ്ടുകഴിഞ്ഞ മഹാരാജാക്കന്മാർ ക്ലേശസമുദ്രത്തിൽ ആണ്ടുകൊണ്ടും, സമീപവീക്ഷണം അഭിവാഞ്ഛിച്ചുകൊണ്ടിരുന്ന രാജാക്കന്മാർ അവരവരുടെ ഭാഗ്യപരീക്ഷാമുഹൂത്തം അടുത്തുവരുവാൻ ആഗ്രഹിച്ചുകൊണ്ടും, അടുത്തുവരുന്നതിനെ ഭയന്നുകൊണ്ടും, സരസ്വതീവിവരണം നടക്കുന്ന മുഹൂത്തങ്ങളിൽ ആശ, ഭയം, ലജ്ജ, രോഷംമുതലായ വികാരങ്ങൾക്ക തുടരെ അധീനരായിക്കൊണ്ടും ആ മഹാരാജസദസ്സ്, അത്യധികം ആകുലമായി ചമഞ്ഞു. ആ ദന്തിഗാമിനീസംഘം, മന്ദം മന്ദം നളപഞ്ചകമഞ്ചങ്ങളുടെ സമീപത്തിൽ വന്നുചേൻ.

അരയന്നം എഴുതിക്കൊട്ടത്തിരുന്ന ഛായയ്ക്കു തുല്യമായ ശരീരമുള്ളവരും, സവ്വാംഗസുന്ദരന്മാരും ആയ അഞ്ചു അസാധാരണന്മാരെ കണ്ടമാത്രയിൽ ദമയന്തി സംഭ്രമിച്ചുവശായി. ദീർഘകാലമായി താൻ മനസ്സുകൊണ്ടു വരിച്ചിരുന്ന നളമഹാരാജാവു് ആ അഞ്ചുപേരിൽ ഒരാൾ ആയിരിക്കുമെന്നും; എന്നാൽ യഥാത്ഥനെ വേർതിരിച്ചറിയുവാൻ സരസ്വത്യുപദേശംകൊണ്ടു സാധിക്കുമോ എന്നും; ആ സാധ്വി വ്യാകുലപ്പെടവെ, സരസ്വതി പറഞ്ഞു—"സൗഭാഗ്യസർവ്വസ്വമേ! ഈയിരിക്കുന്ന നളമഹാരാജാവു്, സ്വർഗ്ഗസ്ത്രീകൾ അത്യധികം കാമിക്കുന്ന വിബുധാഗ്രഗണ്യനാണ്. തേജസ്സുകൊണ്ടു സവ്വതെയും ജയിക്കുന്ന ഈ മഹാപ്രഭനായ നളനും, അതിസൗഭാഗ്യവാനാണ്. മൂന്നാമത്തായി ദുരിതചരിതാന്തകനും യഥാത്ഥത്തിൽ ധമ്മരാജാവും ആയ ഈ നളനെക്കാണുക. ചക്രവത്തിയും ഗംഭീരസ്വഭാവനുമായി, നാലാമത്തുകാണുന്ന നളൻ, സകല സമ്പത്തുകൾക്കും വിളനിലമ

ത്രെ. ഈ നാലുപേരുടെ മദ്ധ്യത്തിൽ കാണുന്ന ലോകൈകസുന്ദരൻ പലപ്രകാരങ്ങളിൽ ഭൂലോകചക്രവത്തിയാണ്. ഇവരിൽ ഒരാളെ വരിക്കുക." പ്രാണപ്രേഷ്ഠനായ നളൻ ആരാണ് എന്നു നിണ്ണയിക്കുവാൻ ഉപയോഗപ്പെടാത്ത സരസ്വതീവചനങ്ങൾ കേട്ട് യാതൊന്നും ഉറയ്ക്കുന്നതിനു കഴിയാതെ, ആലോചനാപരമായും ഈശ്വരപ്രാത്ഥനാരൂപമായും, ഉള്ള വിചാരപരമ്പര ദമയന്തിഹൃദയത്തിൽ ഇങ്ങനേ ഓളംതല്ലി "ഇവരിൽ ഒരുവൻ എൻെറ പ്രാണത്രാതാവാണ്; എന്നാൽ, ആ പുണ്യാത്മാവു് ആരാണെന്നു നിണ്ണയിക്കുവാൻ ഈശ്വരാ! അബലയായ ഞാൻ അശക്തയത്രേ. അമരബാന്ധവം വേണ്ടെന്നു ഞാൻ ഉപേക്ഷിച്ചുകളഞ്ഞതിനാൽ, ദേവേന്ദ്രൻ മുതലായവർ പ്രയോഗിക്കുന്ന ഒരു ചതിവാണു ഇതു്, എന്നുള്ളതിനു സംശയമില്ല. ദേവന്മാർ സാധുക്കളെ ഇങ്ങനെ വലയ്ക്കുമൊ? സകലഹൃദയങ്ങളേയും പരിശോധിക്കുവാൻകഴിയുന്ന ആ മഹാത്മാക്കൾ, എൻെറ സദാശയങ്ങൾക്കു വില കല്പിക്കുകയില്ലയോ? നിഷധരാജാവായ നളമഹാരാജാവിനെ ഞാൻ വളരെക്കാലം മുമ്പേതന്നെ, മനസ്സുകൊണ്ടു വരിച്ചുപോയതാണ്; അതിനു ഇനി ഇളക്കമില്ല. ഇങ്ങനെയുള്ള ഒരു സ്ത്രീനിഷ്ഠയെ യോഗ്യന്മാർ ധ്വംസിക്കാമൊ? അല്ലയോ ദേവരാജാവേ; സവ്വസാക്ഷിയായ അഗ്നി! ധമ്മരാജാവായ അന്തക! പ്രാണിജീവനായ ജലരാജാവേ! നിങ്ങൾ നാലുപേരും അനുഗ്രഹിച്ച് എൻെറ ഭത്താവിനെ എനിക്കു കാട്ടിത്തരണമെ! പരപുരുഷപ്രേമം എന്ന ദോഷം എന്നിൽ ഇല്ല എന്നുള്ളതിനെ ഗ്രഹിച്ചു, നിഷധരാജാവായ നളനെ നിങ്ങൾ എനിക്കു കാണിച്ചുതരണെ! അരയന്നം പറഞ്ഞറിഞ്ഞ മുഹൂത്തംമുതൽ, അദ്ദേഹം എനിക്കു പ്രാണനാണ്; ഈ സാധ്വിയെ നിങ്ങൾ അധികം പരീക്ഷിക്കരുതേ!"ഇത്രയുമായപ്പോഴേക്കു ദമയന്തിക്ക് ഒരു നൂതനബോധം ഉണ്ടായി. അഞ്ചു നളന്മാരിൽ നാലുപേർ, വാടാപുഷ്പങ്ങൾ ചൂടിയവരായും ഭൂസമ്പക്കംകൂടാതെ ആസനസ്ഥന്മാരായും, സ്ഥിതിചെയ്യുന്നു. ദേവന്മാരുടെ വൈരസ്യം സമ്പാദിക്കാതെതന്നെ, സ്വകൃത്യംനടത്തുകയും എന്നാൽ യഥാത്ഥനളനെ വിവേചിച്ചറിയുന്നതിനു ഉതകുന്ന ദേവതാപ്രാത്ഥനാവിചാരങ്ങൾ ദമയന്തീഹൃദയത്തിൽ സ്ഥാപിക്കുകയും ചെയ്തുസരസ്വതി, ആ ഘട്ടത്തിലാണ് മുഴവനായി ഉപയോഗപ്പെട്ടതു്. കപടതയില്ലാത്ത ഹൃദയത്തിൻെറ നിർബന്ധമായ അപേക്ഷയെ തട്ടുന്നു നില്ക്കുവാൻ പണ്ടേതന്നെ പരിചയമില്ലാത്ത ഇന്ദ്രാദികൾ മനസ്സുകനിഞ്ഞു് അനുഗ്രഹിക്കുകയും നളനെ പ്രത്യേകം അറിയുവാൻ ദമയന്തിയെ അനുവദിക്കുകയും ചെയ്തു എന്നുനാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദമയന്തി നൈഷധനളനെ വേറെ കണ്ടു് ആനന്ദനിർവൃതി അടഞ്ഞു; മുന്നോട്ടു നടന്നു; ലജ്ജാവനമ്രമുഖിയായി; കൈകരം ഉയത്തി, നളഗളത്തിൽ ഹാരാഭിഷേകംചെയ്തു.

ദമയന്തി ഇങ്ങിനെ നളനെ സ്വഭൎത്താവായി വരിച്ചു. സമീപസ്ഥന്മാരായ ഇന്ദ്രാദികൾ ഇതുകണ്ടു കോപിക്കുകയല്ല ചെയ്തതു്. ഭ്രമം നിമിത്തം അബദ്ധങ്ങൾ പിണഞ്ഞു പുറപ്പെട്ടു, എങ്കിലും ത്രികാലജ്ഞന്മാരും ഭക്തപരായണന്മാരും ആയ അവർ നാലുപേരും ദമയന്തീനളന്മാരുടെ അന്യോന്യമുള്ള യോജിപ്പും മാനുഷാമാനുഷ വിവാഹത്തിന്റെ പ്രമാണവൈപരീത്യവും, ആലോചിച്ചു് നളനേയും ദമയന്തിയേയും പ്രത്യേകം പ്രത്യേകം അഭിനന്ദിക്കുകയും, ആ നവദമ്പതിമാരെ അനുഗ്രഹിക്കുകയും ചെയ്തു.

ദേവേന്ദ്രൻ:—"അല്ലയോ നളമഹാരാജാവേ! നിഷ്കപട! സൗഭാഗ്യരാശേ! നിങ്ങൾ കഴിക്കുന്ന യാഗങ്ങൾ സംബന്ധിച്ച ഹവിൎഭാഗം സ്വീകരിപ്പാൻ ഞാനും സൎവ്വദേവന്മാരും പ്രത്യക്ഷശരീരന്മാരായി വന്നുകൊള്ളാം. നിങ്ങൾ ഭാൎയ്യാഭൎത്താക്കന്മാരായി ദീൎഘകാലം സുഖിച്ചിരിക്കുക" എന്നു് അനുഗ്രഹിച്ചു.

വരുണൻ:—"ഭവാൻ ഏതുസമയത്തും ഏതുമരുഭൂമിയിൽ വച്ചും എന്നെ സ്മരിച്ചാൽ ഞാൻ അവിടെ വന്നുചേൎന്നുകൊള്ളാം ലക്ഷം ചെമ്പുപാത്രങ്ങൾ അടുപ്പിൽ കയററി അവിടുന്നു എന്നെ ചിന്തിച്ചാൽ അവയെല്ലാം ഉടനെ ജലംകൊണ്ടു നിറയും."

അഗ്നി തുടൎന്നുപറഞ്ഞു:—"അതേ ആ പാത്രങ്ങളിൽ അരിയും കറിക്കോപ്പുകളും ഇട്ടശേഷം അങ്ങു എന്നെ സ്മരിക്കുക. അഗ്നി താനേ എരിഞ്ഞുകൊള്ളും. ആ പദാൎത്ഥങ്ങളുടെ സ്വാദു അമൃതിനെക്കവിഞ്ഞിരിക്കുകയും ചെയ്യും. നളപാകം എന്ന പ്രസിദ്ധി ഭൂമിയിൽ എവിടെയും ഉണ്ടാവും."

ധൎമ്മരാജാവു്:—"അങ്ങു് ചിരംജീവിയായിരിക്കട്ടെ ധൎമ്മസംരക്ഷണത്തിനു ഒരു രാജാവു് അങ്ങേക്കവിയുകയില്ല"

ദേവന്മാർ നാലുപേരും നളനേയും ദമയന്തയേയും പിന്നെയും, വീണ്ടും വീണ്ടും, പ്രത്യേകം പ്രത്യേകം ആശീൎവ്വദിച്ചശേഷം അന്തൎദ്ധാനംചെയ്തു.

എന്നാൽ ദമയന്തീപരിണയം കാംക്ഷിച്ചു് അവിടെ എത്തിച്ചേൎന്നിരുന്ന ഭൂലോകരാജാക്കന്മാർ അത്ര ശാന്തന്മാരായിരുന്നില്ല. ദമയന്തിയെ തനിക്കു ലഭിക്കണം, തനിക്കു ലഭിക്കണം എന്നു ആഗ്രഹിച്ചിരുന്നഅവർ എല്ലാവരും ദമയന്തിയെ യഥാൎത്ഥത്തിൽ ലഭിച്ച നിഷധരാജാവിനും, ദമയന്തിയുടെ പിതാവായ വിദൎഭരാജാവിനും, പെട്ടെന്നു് പ്രതികൂലികളായിത്തീൎന്നു. അതുവരെ ചിറകെട്ടി തടഞ്ഞുനിന്നിരുന്ന ആശാപ്രവാഹം ചിറപൊട്ടി അസൂയാപ്രവാഹമായിഒഴുകി. ആ മഹാരാജാക്കന്മാരെല്ലാവരും അന്യോന്യംപിറുപിറുത്തു; നളനേയും ഭീമനേയും, വളരെ കുററപ്പെടുത്തി, ആകപ്പാടെ ഇളകിവരുന്നായി. ഭൂലോകയുദ്ധം കാണുവാൻ പലകാലമായി മോഹിച്ചിരുന്ന നാര

ദമഹാമുനിയുടെ പ്രയോഗവും അതിൽ ഉണ്ടായിരുന്നിരിക്കാം. മഹാരാജാക്കന്മാർ ഒരുമിച്ചുചേൎന്ന് ഒരു വലിയ യുദ്ധം ചെയ്തുകളയാമെന്നു പെട്ടെന്നുറച്ചു. കല്യാണപ്പന്തൽ കുരുക്ഷേത്രമായി രൂപാന്തരപ്പെട്ടു മെന്നുള്ളടിക്കായി. ഗജ്ജിക്കുന്ന ഭൂപാലന്മാരുടെ ഘോരാരവം ഇങ്ങനെകേറക്കാറായി—

“കടപ്പിൻ! കുണ്ഡിനം തന്നിൽ! കടപ്പിൻ! ഭീമനെച്ചെന്നു
പിടിപ്പിൻ! കന്യകേപ്പാഞ്ഞടുപ്പിൻ! കാർമ്മുകംകൈയിൽ
എടുപ്പിൻ! ഘോരബാണങ്ങൾ തൊടുപ്പിൻ! ഒത്തുകൊണ്ടെ
ല്ലാംനടപ്പിൻ! പത്തനം കുത്തിത്തകപ്പിൻ! സവ്വത്ര ചെന്നു
ഹരിപ്പിൻ! പേടിയുള്ളോരിങ്ങിരിപ്പിൻ! പെണ്ണിനെച്ചൊല്ലി
മരിപ്പിൻ! മന്നവന്മാരെ! സ്മരിപ്പിൻ! നാണക്കേടെല്ലാം”

അനേകമനേകം ദിക്കുകളിൽനിന്നു വന്നിരുന്ന ലക്ഷാലക്ഷം ഭടന്മാരും, ആന, കുതിരരഥാമുതലായ വാഹനസാമഗ്രികളും, ആ സന്ദർഭത്തിൽ പട്ടണത്തിലും സമീപപ്രദേശങ്ങളിലും ധാരാളം ഉണ്ടായിരുന്നതിനാൽ, ക്രമീകൃതമല്ലാത്ത ഒരു യുദ്ധം നിമിത്തം ഉണ്ടാകാവുന്നസാധുജനദ്രോഹവും, ഭാഗഭാക്കുകളാകുന്ന എല്ലാവക്കും ഉണ്ടാകാനിടയുള്ളനാണക്കേടും, സ്വയംവരസന്നാഹത്തിന്റെ അമംഗളപര്യവസാനവും — എല്ലാററിലും ഉപരിയായി ദേവസംപൂജിതനും ലോകൈകസുന്ദരനും പ്രതാപവാനും ആയ ജാമാതാവിനെ യഥായോഗ്യം ഉപചരിച്ച് ബഹുമാനിച്ച് വിവാഹമഹോത്സവം പൂത്തിയാക്കുന്നതിനുണ്ടായ പ്രതിബന്ധവും - ആലോചിച്ചുവാറു്, ഒന്നുമുറയ്ക്കാതെ ഭീമമഹാരാജാവു് വിഷമിച്ചു. എന്നാൽ അന്തർദ്ധാനംചെയ്തു കഴിഞ്ഞിട്ടില്ലാത്ത സരസ്വതി, മഹാരാജാവിനെ സമാശ്വസിപ്പിക്കുകയും ഇന്ദ്രാണിയെ ഭജിക്കുന്നപക്ഷം ആ കലഹാരംഭം ശമിച്ചുകൊള്ളുമെന്നു് ഉപദേശിച്ചുകൊടുക്കയുംചെയ്തു. ഇന്ദ്രാദികളെ മാലയിടാതെ മനുഷ്യവിവാഹംകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാമെന്നു് ഔചിത്യം കാണിച്ച ദമയന്തിയെക്കുറിച്ച്, ഇന്ദ്രാണീമുതലായവക്കുള്ള ബഹുമാനംമൂലം ആ ആപൽസന്ധിയിൽ അവർ സഹായംചെയ്യുമെന്നു് സരസ്വതി, നിർദ്ദേശിച്ചതുപോലെ തോന്നുന്നു. ഏതെങ്കിലുമാവട്ടെ ഭീമൻ തപസ്സ് ആരംഭിക്കുകയും കോപാവേശന്മാരായ മഹാരാജാക്കന്മാർ സ്വല്പസമയത്തിനകം അടങ്ങുകയുംചെയ്തു. അവരുടെ സംഭാഷണത്തിന്റെ സമ്പ്രദായം മാറിയതു വളരെ വിസ്മയമായിരുന്നു.

“എന്തുപിഴച്ചു, ഭീമനരേന്ദ്രൻ
എന്തുപിഴച്ചു, മഹാമതി നളനും,
എന്തുകുവലയദളമിഴിയാം ദമ-
യന്തിക്കും പുനരപരാധമെടോ!
മാച്ചില, നമ്മുടെ നിർഭാഗ്യത്തെ

മാററിക്കൊൾവാനാക്കുള്ളതാവൂ?
നീററിൽ നടക്കും മുതലകൾ പോലെ
ചീററിയടുപ്പാനെന്തവകാശം
നളിനശശിമുഖസന്നിഭനാകിയ
നളനൃപവരനെ കണ്ടാൽ നല്ലൊരു-
കളമൊഴി കുലമണി മററൊരുനൃപനുടെ
ഗളമതിൽ മാല നിബന്ധിപ്പവളോ!”

അങ്ങിനെ അഭിപ്രായഭേദംവന്ന മഹാരാജാക്കന്മാരെ സന്തോഷമായി യാത്രയാക്കുന്നതിനു താമസമോ പ്രയാസമോ ഉണ്ടായില്ല. തന്റെ സ്വന്തം സ്ഥിതിക്കും അതിഥികളുടെ യോഗ്യതയ്ക്കും അനുസരിച്ച സംഭാവനകൾ ഭീമമഹാരാജാവു കൊടുക്കുകയുമുണ്ടായി.

‘കുണ്ഡലവും, കങ്കണവും, തോൾവള,
കാഞ്ചി, ദുകൂലം, തരിവള, പിരിവള,
കാഞ്ചനകുംഭം, കനകഛത്രം,
പൂഞ്ചേലകളും, കുപ്പായം, ബഹു-
വാഞ്ഛിതമൊക്കും പല്ലക്കുകളും’

സമ്മാനങ്ങളായി വാങ്ങിക്കൊണ്ടു് ആ മഹാരാജാക്കന്മാർ യാത്രയായി. നളനും ദമയന്തിയും തമ്മിലുള്ള ചേർച്ച, ശ്രീമഹാവിഷ്ണുവും ശ്രീമഹാലക്ഷ്മിയും, ഇന്ദ്രനും ഇന്ദ്രാണിയും, എന്നപോലെ തന്നെ എന്നു നിഷധവിദർഭരാജ്യങ്ങളിലും മററു ഭൂഭാഗങ്ങളിലുമുള്ള ധർമ്മതല്പരന്മാരെല്ലാം സമ്മതിക്കുകയും, ആശീർവ്വദിക്കുകയും ചെയ്യവേ, വിവാഹമഹോത്സവത്തിന്റെ അനന്തരചടങ്ങുകൾ, ശാസ്ത്രവിധിപ്രകാരം പൂർത്തിയാവുകയും ചെയ്തു.

---

## II

## ധ്രുവചരിതം.

---

“എത്രയുംധന്യനായുള്ള മനുവിന്റെ,
പുത്രനായിട്ടൊരു മന്നവനുണ്ടായി
ഉത്താനപാദനെന്നിങ്ങിനെ ദിക്കുകൾ
പത്തും പുകഴ്ന്നൊരു നാമമുടയവൻ
ധാത്രീവരോത്തമൻ ധാത്രീപരിത്രാണ-
മെത്രയും ചിത്രമായത്ര ചെയ്താൻ, നല്ല-
ക്ഷേത്രം പണിയിച്ചു, പാത്രങ്ങൾ തീർപ്പിച്ചു

വട്ടത്തിലോരോ കുളങ്ങൾ കുഴിപ്പിച്ചു
വെട്ടിപ്പിടിപ്പിച്ചു നാട്ടുവഴികളിൽ
നാട്ടുകല്ലിട്ടു, നടക്കാവു വയ്പിച്ചു,
കാട്ടിലോരോ വഴി വെട്ടിത്തെളിപ്പിച്ചു
ഊട്ടുവാനോരോരോ കൊട്ടിലും കല്പിച്ചു
പട്ടണംതോറുമങ്ങാടികൾകെട്ടിച്ചു,
ചെട്ടിത്തെരുവുകൾ പട്ടാണിവീടുകൾ
മുട്ടിപ്പുരകളും തട്ടാക്കുടികളും
നാട്ടിൽ പതിനെട്ടു കെട്ടുള്ള വീടുകൾ
ഒട്ടല്ലവനൊരു കോടി പണിയിച്ചു.
ചട്ടങ്ങളിങ്ങിനെ കൂട്ടി ക്ഷിതിതലേ
ദുഷ്ടരെശ്ശിക്ഷിച്ചു, ശിഷ്ടരെപ്പാലിച്ചു,
പുഷ്ടിയക്കാലത്തു പുഷ്ടമായുണ്ടായി.
അച്ചിങ്ങ, പീച്ചിങ്ങ, പാവയ്ക്ക, കോവയ്ക്ക
കാച്ചിലെന്നിത്തരം കെട്ടിയെടുപ്പിച്ചു
കാഴ്ചവെച്ചമ്പോടു തൃക്കാൽ വണങ്ങുന്നു
വീഴ്ചയെന്ന്യേ ലോകവാസികളൊക്കെയും
മന്നവൻതന്നുടെ മന്ദിരം തന്നുള്ളിൽ
കുന്നിച്ചു കൂടുന്നു പൊന്നും പണങ്ങളും,
ചേണാന്നലക്ഷ്മീവിലാസങ്ങളിങ്ങിനെ
കാണുന്നതേതും സഹിയാഞ്ഞു വിത്തേശ-
ന്തുണില്ലറക്കമില്ലെന്നല്ല മെല്ലവേ,
നാണിച്ചുകേണങ്ങൊളിച്ചു വാണീടുന്നു.
എണ്ണാക്ഷിമാരുടെ വക്ത്രങ്ങൾ കാണ്കയാൽ,
എണ്ണാങ്കനൊട്ടൊട്ടൊളിച്ചുനടക്കുന്നു.
കാണാതെ ജന്മം കഴിക്കേണമെന്നോർത്തു
താണുമേഘങ്ങളിൽത്തുണനടക്കുന്നു."

ഇങ്ങനെ സർവസൗഭാഗ്യസമ്പൂർണ്ണനായ ആ മഹാരാജാവിനു ഭാര്യമാർ രണ്ടു് ഉണ്ടായിരുന്നു. അവരിൽ മൂത്തവൾ സുനീതി, വളരെ സത്സ്വഭാവമുള്ളവളും ഭർത്തൃഭക്തയും ആയിരുന്നു. ഇളയവളായ സുരുചി സൗന്ദര്യംകൊണ്ടു അതിപ്രസിദ്ധയായി. എന്നാൽ കാലക്രമേണ മഹാരാജാവു രാജ്യകാര്യങ്ങളിൽ ശ്രദ്ധകുറഞ്ഞു് എല്ലാ സമയവും അന്തഃപുരത്തിൽ ഭാര്യമാരോടുകൂടെ സമയംപോക്കിത്തുടങ്ങി. മഹാരാജാവു് അങ്ങനെ ഒരു സ്ത്രീജിതൻ എന്ന നിലയ്ക്കു കണ്ടുതുടങ്ങിയതിനോടുകൂടെ അദ്ദേഹം തനിക്കു തനിക്കു് അധികം വശംവദനായിരിക്കണമെന്നുള്ള മോഹത്തോടുകൂടെ, ഭാര്യമാരിൽഓരോരുത്തിയും വർത്തിക്കുവാനും അന്യോന്യം അസൂയപ്പെടുവാനും തുടങ്ങി.

"തങ്ങളിൽ സൗഭാഗ്യമത്സരം വർദ്ധിച്ചു
മങ്ങിത്തുടങ്ങിവിനോദങ്ങളൊക്കെയും;
ചിക്കെന്നനുജത്തിയായ സുരുചിയെ
നോക്കുന്നനേരത്തു ചീറുമിജ്ജ്യേഷ്ഠത്തി
ജ്യേഷ്ഠത്തിയെപ്പിന്നെ നോക്കുകയെന്നാകിലോ
പെട്ടെന്നനുജത്തി താനും കയർത്തിടും.
രണ്ടു പെണ്ണുങ്ങളെക്കൂടി വേട്ടാലുള്ള
ചെണ്ടത്തമിങ്ങനെ കണ്ടാലുമേവരും
രണ്ടുകളത്രത്തെയുണ്ടാക്കി വയ്ക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും.
രണ്ടുപേക്കും മനക്കാമ്പിലാ ഭോഷനെ
ക്കണ്ടുകൂടാതെയാമില്ലൊരു സംശയം."

ഇങ്ങനെ കാലം കഴിയവേ, രാജാവിൻെറ മനസ്സ് ഇളയവളായ സുരുചിയിൽ അധികം ലയിച്ചു. ഇതു കണ്ടപ്പോൾ സുനീതിക്കു സങ്കടമായി. എന്നാൽ ഗത്യന്തരമില്ലായ്കകൊണ്ടും, സ്വഭാവനൈർമ്മല്യം കൊണ്ടും, ആ ഉത്തമസ്ത്രീ തൻെറ സ്ഥാനം സുരുചിയുടേതിനേക്കാൾ താണതായി സമ്മതിച്ചുകൊടുത്തു. രാജ്ഞിമാർ രണ്ടുപേരും ഓരോ പുത്രനെ പ്രസവിച്ചു. സുനീതിയുടെ പുത്രനു ധ്രുവനെന്നും, സുരുചിയുടെ പുത്രനു ഉത്തമനെന്നും യഥാവിധി പുരോഹിതൻ നാമകരണം ചെയ്തു. പുത്രന്മാർ വളർന്നുവന്നതിനോടുകൂടെ, അവരെ സംബന്ധിച്ചും മാതാക്കന്മാർ തമ്മിൽ മത്സരം ഉണ്ടാവുകയും, സുരുചി, സുനിതിയെ കഠിനമായി ഭത്സിക്കുകയും ചെയ്തുതുടങ്ങി. വഴക്കിൻെറ കാരണങ്ങൾ എത്രയും നിസ്സാരങ്ങൾതന്നെ.

"അപ്പോളടുക്കളക്കാരൻ മനോജ്ഞനന-
ങ്ങപ്പവും വാർത്തങ്ങു രണ്ടു കുഞ്ഞുങ്ങൾക്കും
ഒപ്പം പകുത്തങ്ങു വച്ചൊരു നേരത്തു,
കെല്പോടനുജത്തി ചെന്നെടുത്താകവേ
അപ്പം ചെലുത്തിനാൾ താനും മകനുമായ്
അല്പവും മറേറക്കുമാരനു നൽകാതെ,
അപ്പത്തിലേതാനുമല്പമായ് ശേഷിക്കി-
ലപ്പാടെടുത്തങ്ങു കുപ്പയിലാക്കിടും.
വേറേവിളിച്ചു സുരുചിതൻപുത്രനു
ചോറുകൊടുപ്പാൻ തുടങ്ങുന്ന നേരത്ത്,
കൂററിയാത്ത കുമാരൻ ധ്രുവൻതാനു-
മേറെ പ്രസാദിച്ചു മണ്ടിവന്നീടിനാൻ;
ദുഷ്ടയായുള്ളവളപ്പോളെഴുന്നേററു
കഷ്ടം കതകടച്ചങ്ങിരുന്നീടിനാൾ

പെട്ടെന്നു ബാലകൻ നിന്നു കരയുന്ന
കേട്ടാലവൾക്കൊരുകോട്ടമില്ലേതുമേ."

സംഗതികൾ അങ്ങനെ പ്രതികൂലമായി കണ്ടുകണ്ടും, സുരുചിയെ നിരോധിക്കുന്നതിനു തനിക്കാകട്ടെ രാജാവിനാകട്ടെ നിർവാഹമില്ല എന്നഗ്രഹിച്ചും,സുനീതി വളരെ അന്തസ്താപപ്പെട്ടു. തന്റെ സ്വന്തം പുത്രനെ സ്വന്തം ഗൃഹത്തിൽവച്ചുതന്നെ, തന്റെ സ്ഥാനം മാത്രം ഉള്ള ഒരു സ്ത്രീ നിന്ദിക്കുന്നതിനെ മാതാവു്, എങ്ങനെ സഹിക്കും? സുനീതി വ്യസനം സഹിക്കവയ്യാതെ കുമാരനോടു പലപ്പോഴും ഇങ്ങനെ പറയാറുണ്ടായിരുന്നു:—"അച്ഛനെ കുററം വിധിക്കുവാൻ ആവശ്യമില്ല; എന്റെ മകനായി പിറന്നതാണു്, നിനക്കു പററിയിരിക്കുന്ന വിപത്തു്. സ്വന്തപുത്രനെകാണ്മാൻ എത്രയോസ്ത്രീകൾ വാഞ്ഛിക്കുന്നു? എന്നാൽ എന്റെ ദുർവിധി എത്ര കഠിനം? ഈ സുരുചിയോടു തോററുകളയാമെന്നു ഞാൻ മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടു്, വർഷങ്ങൾ പലതു കഴിഞ്ഞിരിക്കുന്നു. ഞാൻ അവരെ യാതൊരുതരത്തിലും ഭത്സിക്കുന്നില്ല; എന്നാൽ അവൾ നിന്നെയും എന്നെയും കണ്ടുകൂടാ എന്നായിരിക്കുന്നു. ആട്ടിപ്പുറത്തിറക്കുന്നതിനു മുമ്പേ, സ്വമനസാ താമസം ഇവിടെനിന്നു മാററിയാലോ എന്നും ഞാൻ വിചാരിക്കാതിരിക്കുന്നില്ല. എന്നാൽ കർമ്മഫലം അനുഭവിക്കാതെ നിവൃത്തിയില്ലല്ലൊ. നീ ശ്രീമഹാവിഷ്ണുവിനെ ആലംബമായിക്കരുതികൊള്ളുക; സർവജനങ്ങൾക്കും ആ കരുണാമൂർത്തിയാണല്ലൊ ആധാരം. നീ താമസിയാതെതന്നെ കഠിനമായ ഒരു തപസ്സു് ആരംഭിക്കണം."

രാജഗൃഹത്തിൽ നടന്നുകൊണ്ടിരുന്ന അരമനരഹസ്യം താമസിയാതെ അങ്ങാടിപ്പരസ്യമായി. ആ സ്ത്രീകൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയെ വാസനയനുസരിച്ചു വളർത്തി ഓരോരുത്തർ പ്രസ്താവിച്ചുതുടങ്ങി.

ഒരുവൻ,

"കേട്ടീലയോ നിങ്ങളുത്താനപാദന്റെ
വീട്ടിലെ കോലാഹലങ്ങളിതൊന്നുമേ;
ജ്യേഷ്ഠത്തിയും അനുജത്തിയും തങ്ങളിൽ
ചട്ടികലങ്ങളുംകൂടെപ്പകുത്തുപോൽ"

അപരൻ,

'മുട്ടിച്ചുമഞ്ഞുപോലുത്താനപാദനി-
ജ്യേഷ്ഠകൾക്കൊട്ടു മടക്കമില്ലായ്കയാൽ'

അന്യൻ,

ഒട്ടുമേ സ്ത്രീകളെ വിശ്വസിക്കാൻമേലാ
ദുഷ്ടതയേറുമവർക്കെന്നു നിശ്ചയം'

വൎത്തമാനം അങ്ങനെ പലരും പറഞ്ഞും; പറഞ്ഞുപരക്കുന്ന വിവരം കൊട്ടാരത്തിൽ അറിഞ്ഞും; രാജ്ഞിമാർതമ്മിലുള്ള വൈരം എല്ലായിടത്തും പ്രസിദ്ധമായി. ആ കാലത്ത് ഏതോ ആവശ്യം പ്രമാണിച്ച് ഒരു വലിയ ഡർബാർ നടക്കേണ്ടതായിവന്നു. ആ സ്ഥാനമണ്ഡപത്തിൽ മഹാരാജാവും സുരുചിയും അവരുടെ പുത്രനായ ഉത്തമനും എഴുന്നള്ളിയിരിക്കുകയായിരുന്നു. അനേകം മന്ത്രിമാർ, ബ്രാഹ്മണർ, വിദ്വാന്മാർ, കാര്യക്കാർ മുതലായവർ ആ സഭയിൽ ഉൾപ്പെട്ടിരുന്നു. ധ്രുവൻ ആ കോലാഹലം കണ്ട് സദസ്സിൽ ചെന്നുചേരുകയും, ആസ്ഥാനമണ്ഡപത്തിൽ ഉത്തമൻ മുതലായവർ ഇരിക്കുന്നതുകണ്ട് ഓടിയെത്തി ഉത്താനപാദന്റെ മടിയിൽ സ്ഥലം പിടിക്കുകയുംചെയ്തു. സുരുചി, അതു സഹിച്ചില്ല; കയൎത്തു; സദസ്സിന്റെ ഗൗരവം വിചാരിച്ച് ഉത്തമൻതന്നെയും ഒഴിഞ്ഞുവച്ചിരുന്ന രാജാങ്കത്തിൽ, നിരാധാരനായിരുന്ന ധ്രുവൻ കരയേറിയതുകണ്ട്, അടക്കാവതല്ലാത്ത ദ്വേഷം അവൾക്കുണ്ടായി. അവൾ എഴുനീററ് ഉച്ചത്തിൽ ഇങ്ങനെ ഘോഷിച്ചു.

'വേണ്ടാ കുമാരക! തായാട്ടുകാട്ടിയാൽ
കൊണ്ടുപോമെന്നുടെ തല്ലെന്നറികനീ.
കണ്ടുകൊണ്ടുള്ളോർക്കു വന്നുകരേറുവാ-
നുണ്ടാക്കിവച്ചോരു മൺകോലമല്ലെടോ!
പണ്ടാരമായുള്ള സിംഹാസനങ്ങളിൽ
പണ്ടാരുമെ വന്നുകേറുമാറില്ലപോൽ
ചെണ്ടകൊട്ടിപ്പാൻ വിരുതുള്ളവർ ചൊല്ലു
കൊണ്ടല്ലയോവന്നുകേറിനീബാലക?
കണ്ടാൽ പറവാൻ മടിയില്ലെനിക്കതി-
ന്നിണ്ടലുണ്ടായാൽ തരിമ്പും ഫലമില്ല.
വേണ്ടാത്ത കാട്ടുന്ന കള്ളക്കുഴിയനെ-
ക്കൊണ്ടുപ്പോയ് നാടുപ്പുറംകടത്തീടുവാൻ
പണ്ടാരമാം മുതൽ തിന്നുമുടിക്കുന്ന
ചണ്ടികൾക്കൊട്ടുംമിടുക്കുമില്ലാതെയായ്.
താന്തോന്നിയായിത്തുടങ്ങുന്നിവനോടു
മെന്തെന്നുചോദിപ്പാൻ രാജവുമാളല്ല
മന്നവൻതന്റെ മടിയിൽ മടിക്കാതെ
വന്നുകരേറുവാൻ എന്തെടാസംഗതി?
നിന്നുടെതള്ളയും, നീയും, വരുന്നാകി-
ലിന്നുതന്നെ പുറത്താട്ടിയിറക്കുവൻ.
ദുർഗ്ഗതതന്റെ വയററിൽ പിറന്നുള്ളൊ-
രർഭകനാകിയനിന്നുടെ യോരോരോ-

സൽഭാവമിങ്ങനെ കാൺകയാലെന്നുള്ളി-
ലുത്ഭവിച്ചീടുന്നകോപം,മെന്നോക്കനീ.
അച്ഛനെത്തന്നെയും കൂട്ടാക്കയില്ലഞാൻ
കൊച്ചുകുമാരനെന്നോക്കയുമില്ല നീ
അച്ഛൻമടിയിൽ നിന്നിറങ്ങീടായ്കി-
ലച്ഛനാണിന്നുഞാൻ തച്ചിറക്കീടുവൻ"

ദുഷ്ടയായ സുരുചി ധ്രുവനെ അടിച്ച് സഭയിൽ നിന്ന് ഓടിച്ചു. മഹാരാജാവിനു വളരെ കണ്ണിതം തോന്നിയെങ്കിലും, സുരുചിയുടെ ഗതിയെ തടുക്കത്തക്ക മനക്കരുത്തില്ലാഞ്ഞതിനാൽ മൗനം ഭിക്ഷിച്ചുകളഞ്ഞു. സഭാവാസികരം സുരുചിയുടെ പ്രവൃത്തികരം ഹൃദയംകൊണ്ടു വെറുത്തു എങ്കിലും അധികാരത്തെ അനുസരിക്കേണ്ടതു കത്തവ്യകമ്മമാണെന്നു കരുതി അടങ്ങി.

ധ്രുവൻ ഓടി മാതൃസമീപത്തിൽ എത്തി, പൂഴിയിൽ കിടന്നു ഉരുണ്ട്, സഹിക്കാൻ വഹിയാത്ത മനോവ്യഥ പ്രദർശിപ്പിച്ചു. നിലവിളിയും ബഹളവും കണ്ട് സുനീതി വല്ലാതെ പരിഭ്രമിച്ച്, "എന്തെന്ത്" എന്നു ചോദ്യംചെയ്തുകൊണ്ട് മകനെ താങ്ങിഎടുത്ത് കണ്ണീർ തുടച്ചു. എന്നാൽ ധ്രുവനാകട്ടെ, അടക്കുവാൻ വഹിയാത്ത സങ്കടത്തോടെ ഇങ്ങനെ പറഞ്ഞു:—

"ജനകൻെറ മടിയിൽചെന്നിരിപ്പാൻഞാൻതുടന്നപ്പോരം,
ജനനിയാംസുരുചി വന്നതിരേകം കോപമോടെ
മനുജകൾ സഹിയാത്ത, വചനങ്ങളുരചെയ്തു.
കനിവില്ലാതെകരടെന്നെ, മടിയിൽനിന്നിറക്കിച്ചു.
മടിതന്നിൽ, കരേറുവാ,നവടെ പുത്രനേയാവൂ.
മിടുക്കില്ലാത്തെനിക്കിപ്പോ ഉരുളുപോലെന്നുവന്നു,
ഉടയവരെനിക്കില്ല, നൃപനെൻെറതാതനല്ല,
പിടിപാടുനമുക്കില്ലാതായിവന്നു; ഇതുകാലം
മടികൂടാതെനിക്കിട്ടൊന്നടിച്ചാളങ്ങിളയമ്മ;
പിടിച്ചങ്ങുപുറംതള്ളി, വരുത്തികുററവുംപിന്നെ;
കടക്കണ്ണുംചുവത്തിട്ടു, പറഞ്ഞവാക്കുകരംകേട്ടാൽ
നടുങ്ങിപ്പോമകതാരിൽ കനിവുള്ളജനമെല്ലാം.
ജനകനിതെന്തൊഴിൽ കണ്ടിട്ടേതുമൊന്നും പറഞ്ഞില്ല.
ജനകനുമതുതന്നെ പക്ഷമെന്നേ വന്നുകൂട്ടു
ജനത്തിനുംധനത്തിനും കാട്ടിനും നാട്ടിനും പിന്നെ
ഗൃഹത്തിനുംബന്ധമില്ല നമുക്കെന്നു വന്നുകൂടി
ഇവയെല്ലാംപറഞ്ഞിട്ടു നമുക്കെന്തു ഫലമിപ്പോരം
ഭുവനത്തിലിരുന്നിട്ടു പൊറുപ്പാനുമെളുതല്ല"

സുരുചിയിൽ നിന്നു അങ്ങനെ വന്നതിനെക്കുറിച്ച് സുനീതി വിസ്മയിച്ചില്ല; എന്നാൽ ആ വലിയ രാജസഭയിൽവച്ച് ഇത്ര വലിയ അപമാനം ഭവിച്ചതിനെ ഓൎത്ത് അവൾ തന്നെത്താൻ ശപിച്ചുകൊണ്ട്, ഇങ്ങനെ പറഞ്ഞു:—"മകനേ! നിന്റെ സങ്കടം അകാരണമല്ല; എന്നാൽ എല്ലാ സംഗതികളും ഞാൻ നിന്നെ സാമാന്യമായി ഗ്രഹിപ്പിച്ചിട്ടുള്ളതാണല്ലോ. ഞാൻ അനുഭവിച്ചിട്ടുള്ള മനസ്സങ്കടങ്ങളെ പറയുവാൻ വാക്കുകളില്ല; വിസ്തരിക്കുവാൻ സമയവുമില്ല; നീ ഇനി ഇവിടെ താമസിക്കണമെന്നില്ല; ഉടനെ വനത്തിലേക്കു പുറപ്പെടണം. സൎവാഭീഷ്ടപ്രദനായ മഹാവിഷ്ണുവിനെ ഭജിച്ച്, ആയുശ്ശേഷത്തെ കഴിച്ചുകൊൾക. അങ്ങനെ ചെയ്യുകയല്ലാതെ, ഒരു സമാധാനവും ഞാൻ കാണുന്നില്ല"

ധ്രുവൻ വനത്തിലേക്കു പുറപ്പെട്ടു. പ്രായത്തെക്കവിഞ്ഞ പാകതയുണ്ടായിരുന്ന ധ്രുവൻ, മുനിവൃത്തികളിൽ ഒരു പരിശ്രമിയായിത്തീൎന്നു. ലോകത്തേയും ഗൃഹത്തേയും അദ്ദേഹം കേവലം വിസ്മരിച്ചു. രാത്രിയിൽ പാറപ്പുറത്തു കിടന്നുറങ്ങുകയും, വെളുപ്പിനു എഴുനീറ്റ് നിയമമനുസരിച്ചു അനുഷ്ഠാനങ്ങൾ ചെയ്യുകയും മരങ്ങളുടെ നിഴൽനോക്കി നടക്കുകയും, സൎവദാ ഭഗവൽ ചിന്തയിൽ കാലയാപനം ചെയ്യുകയും, അദ്ദേഹത്തിന്റെ ദിനകൃത്യങ്ങളായിത്തീൎന്നു. ക്രൂരമൃഗങ്ങളുടെ ഉപദ്രവഭയമാവട്ടെ, പ്രതാപകാംക്ഷയാവട്ടെ, അദ്ദേഹത്തിന്റെ മനസ്സിനെ അശേഷവും വ്യാമോഹിപ്പിച്ചില്ല.

കാലം അങ്ങനെ കഴിയവെ, ഒരു ദിവസം ഒരു വിശേഷം ഉണ്ടായി. ഒരു വലിയ പ്രഭ ആകാശത്തുനിന്നു ഇറങ്ങിവരുന്നതു ധ്രുവൻ കണ്ടു. അത്യുജ്ജ്വലമായ ആ പ്രകാശം തന്നിൽനിന്നു വിദൂരമല്ലന്നു കണ്ടവാറ്, മനസ്സ് പല വിചാരങ്ങൾക്ക് അധീനമായി.

ശാരദചന്ദ്രനുദിച്ചു പൊങ്ങുന്നിതോ?
ക്ഷീരാബ്ധി താനേ, യുയൎന്നു കാണുന്നിതോ?
ഐരാവതം വന്നിറങ്ങത്തുടങ്ങുന്നതോ?
ഹാരങ്ങൾ കോരിച്ചൊരിഞ്ഞു തൂങ്ങിതോ?
ചാരുഗംഗാജലം താഴ്ന്നു വരുന്നിതോ?
താരങ്ങളെല്ലാം പൊഴിഞ്ഞു കാണുന്നിതോ?

പുരാണേതിഹാസങ്ങളിൽ താൻ വായിച്ചറിഞ്ഞിട്ടുള്ള ലക്ഷണയുക്തനായ ശ്രീനാരദന്റെ വരവാണ് അതെന്നു ധ്രുവൻ ക്രമേണ മനസ്സിലാക്കി. വീണാനാദവും ശ്രീനാരായണനാമോച്ചാരണവും സമീപത്തുതന്നെ കേട്ടുതുടങ്ങി.

"ശ്രീരാമ! ഗോവിന്ദ! ഗോപാല! വൈകുണ്ഠ!
നാരായണ! കൃഷ്ണ! വിഷ്ണോ! മുരാന്തക!
കാരുണ്യവാരിധേ! ശൗരേ! ജനാൎദ്ദന!"

എന്ന ഭക്തിഗീതങ്ങളോടുകൂടെ മഹർഷി ധ്രുവനു പ്രത്യക്ഷപ്പെട്ടു. സാഷ്ടാംഗപ്രണാമം ചെയ്തു എഴുനീററു ധ്രുവനോടു്, അദ്ദേഹം ഇങ്ങനെ ചോദിച്ചു:

"എന്തെടോ ബാലക! ഘോരമായുള്ളൊരു
കാന്താരമണ്ഡലം തന്നിൽ നടക്കുന്നു?
ബന്ധുക്കളാരും നിനക്കില്ലയോ ഹന്ത!
സന്താപകാരണം ചൊല്ലുക, മെല്ലവേ.
ദന്തിശാർദ്ദൂലങ്ങളന്തികേ കാൺകയാ—
ലന്തരംഗേ ഭയമില്ലയോ ചൊല്ലു നീ?
നിൻതാതനാരെടോ? നിൻതായുമാരെടോ?
സന്തോഷമോടതും ചൊല്ലുക മെല്ലവേ.
കുന്നും മലകളും കാടും കുഴികളും
കൊന്നുതിന്നീടും മൃഗങ്ങൾ സർപ്പങ്ങളും
കുന്നിച്ചുകൂടുന്നകാടുകൾ പണ്ടുനീ
കണ്ടറിഞ്ഞിട്ടുമില്ലല്ലോ കുമാരക!"

ധ്രുവൻ തന്റെ ചരിത്രം സംക്ഷേപിച്ചു് ഭക്തിപൂർവം ഇങ്ങനെ ഉണർത്തിച്ചു.

സ്വാമിൻ!

"ഉത്താനപാദന്റെപുത്രനാകുന്ന ഞാ-
നുത്തമകീർത്തേ! ധ്രുവനെന്നു നാമവും,
ഉത്തമയാകും സുനീതി എന്മാതാവു
സത്യമെല്ലാം ഉണർത്തിക്കാം മഹാമുനേ!
നിത്യം സുരുചിമാതാവിന്നടിയന്റെ
വൃത്തികൾ ചേർച്ചയല്ലെന്നു വരുകയാൽ
ഉത്താനപാദനാമച്ഛന്നുസങ്കടം
ചിത്തത്തിലുണ്ടാകരുതെന്നുകല്പിച്ചു
നാടും നഗരിയുമെല്ലാമുപേക്ഷിച്ചു
കാടുവാഴുന്നു ഞാനിങ്ങനെസംഗതി
കൈടഭവൈരി തൻകാരുണ്യമുണ്ടെങ്കി-
ലാടലില്ലേതുമേ കാടുംനഗരമാം"

ശ്രീനാരദൻ പരമസന്തുഷ്ടനായി ആ ബാലനു പല ദിവ്യോപദേശങ്ങൾ നൽകി. ലോകനിയന്താവു് ഓരോ രൂപത്തിൽ മനുഷ്യർക്കു സഹായിച്ചുകൊണ്ടിരിക്കുന്നു എന്നും, ആ കരുണാമൂർത്തിയെക്കുറിച്ചു സ്മരണയില്ലാത്ത മനുഷ്യർ കേവലം ധനം സമ്പാദിക്കുവാനായി അനുഭവിക്കുന്ന കഷ്ടപ്പാടുകൾ മനസ്സമാധാനത്തെ വരുത്താത്തവയാണെന്നും എന്നാൽ സത്യാവസ്ഥയെക്കുറിച്ചുള്ള ജ്ഞാനം പരമാനന്ദപ്രദമാണെന്നും മററും പ്രസംഗിച്ചു് ശ്രീനാരദൻ ധ്രുവന്റെ

മനസ്സിൽ തത്വജ്ഞബോധം വളർത്തി. അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഗതി ഇങ്ങനെയായിരുന്നു.

"സത്വരം നാരായണന്റെ പാദാംബുജം
ചിത്തേയുറപ്പിച്ചുകൊൾക നീ ബാലക!
അത്തൽനീങ്ങിടുവാനിത്രനന്നായിട്ടു
വസ്തു മററൊന്നില്ലതിന്നു ബോധിക്കനീ
ലോകനാഥൻ പരൻ ലോകൈകകാരണൻ
ലോകരക്ഷയ്ക്കവൻ ദീക്ഷിച്ചിരിക്കുന്നു
ആകുലന്മാരുടെ ശോകമകററുവാൻ
ആകുമേ മാധവൻ തന്റെ ചരിത്രങ്ങൾ
മീനായ് പിറന്നു ഹയഗ്രീവനാകിയ
ദാനവപ്രൌഢനെ, പണ്ടു വധിച്ചതും
താനൊരു കൂർമ്മരൂപത്തെ ധരിച്ചുടൻ
താണൊരു മന്ദരം പൊക്കിയെടുത്തതും,
ഘോരനായോരു ഹിരണ്യാക്ഷനെപ്പുരാ
വാരാഹരൂപേണ പെട്ടെന്നുടൻ കൊന്നതും
വീരനായുള്ള ഹിരണ്യകശിപുവെ
നാരസിംഹാകൃതിപൂണ്ടു പിളന്നതും
വാമനനായി മഹാബലിതന്നോടു
ഭൂമിയെല്ലാമെയളന്നു മേടിച്ചതും,
മിത്രവംശേ രാമചന്ദ്രനായിപ്പുരാ
രാത്രിഞ്ചരേന്ദ്രന്റെ കണ്ഠം മുറിച്ചതും
വൃഷ്ണിവംശേ ബലഭദ്രനാകുന്നതും,
കൃഷ്ണനാകുന്നതും ഖഡ്ഗിയാകുന്നതും
മന്വന്തരങ്ങളിലിങ്ങനെ രൂപങ്ങൾ
പിന്നെയും പിന്നെയും നിർവ്വഹിക്കുന്നതും
സന്ന്യാസിമാക്കു മോക്ഷംകൊടുക്കുന്നതും,
ധന്യജനങ്ങൾക്കു പുഷ്ടിനൾകുന്നതും,
സ്ഥാവരമായതും, ജംഗമമായതും,
കേവലംവിഷ്ണുതാനെന്നു ധരിക്കനീ
ഈരേഴുലകെന്നു പേരായ ദാരുവിൻ-
നാരായവേരായ നാരായണസ്വാമി
ആരായ ദേവനെന്നോരായ്കമൂലമീ-
പ്പാരായ വൻകടൽ പോരായ ദുഃഖത്തിൽ
ഓരായിരംകോടി പോരാ മനുഷ്യരും
ഓരോ വിധങ്ങളിൽ വീണുദുഃഖിക്കുന്നു.
മാനുഷന്മാരുടെമോഹങ്ങളോരോന്നേ

ഞാനുരചെയ്യുന്നു കേൾക്ക നീ ബാലികേ!
കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടുമേ മടിയില്ല.
കിട്ടിയതൊന്നും മതിയല്ല, പിന്നെയും,
കിട്ടിയാലും മതിയില്ല ദുരാഗ്രഹം,
രണ്ടു പണം കിട്ടുമെന്നു കേട്ടാലവർ
മണ്ടും പതിനെട്ടുകാതമെന്നാകിലും,
രാജാവിനെച്ചെന്നു സേവിച്ചു നില്ക്കയും,
വ്യാജം പറഞ്ഞു പലരെ ചതിക്കയും
കൈക്കൂലിമെല്ലെപ്പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ഛിതം
വീരവാളിച്ചേല കിട്ടിയെന്നാകിലോ
പോരാ തരിവള കിട്ടുവാനാഗ്രഹം.
പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ
ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം.
ആട്ടം പഠിക്കുന്നു, ചാട്ടം പഠിക്കുന്നു,
കൊട്ടു പഠിക്കുന്നു, പാട്ടു സാധിക്കുന്നു;
മുട്ടാതെ കച്ചകെട്ടുന്നു, ചിലർ നിന്നു
വെട്ടും തടയും വടിയും പയറ്റുന്നു,
വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാ തന്നെ
വൈദ്യം പഠിക്കേണം ദ്രവ്യമുണ്ടാക്കുവാൻ
കാരസ്കരാദ്യതാം ഗുൽഗുലുതിക്തകം
ചേരുന്ന നെയ്കളും എണ്ണ പൊടികളും
സാരമായുള്ള ഗുളികയും കൊണ്ടുചെ-
ന്നോരോവിധം പണം കൈക്കലാക്കീടുന്നു,
മന്ത്രവാദം പഠിക്കുന്നു, ചിലർ പിന്നെ
മന്ത്രങ്ങളോരോന്നെഴുതിക്കൊടുക്കുന്നു;
ജ്യോതിഷശാസ്ത്രം പഠിച്ചവർ മിക്കതും
പാതിരാജ്യം കൈക്കലാക്കാൻ തടവില്ല,
ജാതകം നോക്കീട്ടവർ പറഞ്ഞീടുന്ന
കൈതവം കേട്ടാൽ കൊടുക്കാം പലവസ്തു.
നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനൊ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു, മാനുഷർ.
കാണുന്നതൊന്നും പരമാർത്ഥമല്ലെന്നു
കാണിനേരം ബോധമില്ല മനുഷ്യർക്കു.
ഊണുമുറക്കവും കൊണ്ടു ദിവസങ്ങൾ
പോണതുമാക്കും, മനക്കാമ്പിലില്ലേതോ.

ആയുസ്സുപോകുന്നതാകും നിനവില്ല,
കായം നശിക്കുമെന്നുള്ളതു മോർക്കില്ല.
ജ്ഞാനം മനസ്സിലുറയ്ക്കുന്നനേരത്തു,
ഞാനെന്നഭാവം നശിക്കും കുമാരക!
ആനന്ദമുണ്ടാം മനക്കാമ്പിലേറാവും
ഞാനെങ്കിലിപ്പോൾ ഗമിക്കുന്നിതു ശിശോ!"

ഇങ്ങനെ ഉപദേശിച്ചശേഷം, നാരദൻ അപ്രത്യക്ഷനായി. മുമ്പേതന്നെ വിരക്തനായിരുന്ന ധ്രുവന്റെ മനസ്സിൽ, ഈ ഉപദേശം എത്രമാത്രം ശക്തിയായി പതിഞ്ഞു എന്നതു വിസ്തരിക്കണമെന്നില്ലല്ലോ. ധ്രുവൻ പിന്നെയും കഠിനമായ തപസ്സു തുടങ്ങി. തപസ്സിന്റെ ഒന്നാമത്തെ മാസത്തിൽ മൂന്നാംദിവസം മൂന്നാംദിവസം അദ്ദേഹം ഏതാനും ഫലങ്ങൾ മാത്രം ഭക്ഷിച്ചുപോന്നു; രണ്ടാമത്തെ മാസത്തിൽ ആറാം ദിവസംമാത്രം ഏതാനും ഇലകൾ ഭക്ഷിച്ചുകഴിച്ചു. മൂന്നാം മാസത്തിൽ ഒമ്പതാംദിവസങ്ങളിൽ ജലംമാത്രവും, നാലാംമാസത്തിൽ പന്ത്രണ്ടാം ദിവസങ്ങളിൽവായുമാത്രവും, ആഹാരം സ്വീകരിച്ചുവന്നു. എന്നാൽ അഞ്ചാംമാസത്തിൽ അദ്ദേഹം സർവ്വവുമുപേക്ഷിച്ച്, ശ്വാസോച്ഛ്വാസംപോലും നിരോധിച്ച് ഒരുപാദംമാത്രം, തറയിൽഉറപ്പിച്ച്, പതിനാലുലോകങ്ങളേയും തന്നിൽആവാഹിച്ച്, ശോകമോഹാദികളേയും കാമക്രോധാദികളേയും പരിത്യജിച്ച് ആ രാജകുമാരൻ കേവലം വിഷ്ണുധ്യാനനിരതനായിത്തീർന്നു. ധ്രുവൻ അനുസരിച്ച പരിപാടി അത്യുഗ്രമായിരുന്നു. തീവ്രമായ ഈ മനോനിഷ്ഠയുടേയും അചഞ്ചലതയുടേയും വ്യാപാരങ്ങൾ, നാലുപാടും കണ്ടുതുടങ്ങി:—

"ഘോരമായുള്ളൊരു നിഷ്ഠയുറച്ചപ്പോ-
ളീരേഴുലോകവുമൊന്നു ഭയപ്പെട്ടു,
മാരുതസഞ്ചാരമെല്ലാമടങ്ങുക-
കാരണം ദാരുണമായ ദശാന്തരേ,
കെട്ടിച്ചമച്ച മരപ്പാവകൾ പോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്.
ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയുംകൈക്കൊണ്ട്,
മുണ്ടുടുക്കുന്നവൻ രണ്ടുകരംകൊണ്ടു-
മുണ്ടാഞ്ഞൊറിഞ്ഞു പിടിച്ചു നിന്നീടുന്നു
മുങ്ങിക്കിടക്കുന്നു വെള്ളത്തിലും ചിലർ
പൊങ്ങുന്നതിൻമുമ്പു വായുശമിക്കയാൽ.
എണ്ണതേയ്ക്കുന്നവരപ്പാടിരിക്കുന്നു
കണ്ണെഴുതുന്നവരങ്ങനെ പാർക്കുന്നു

കുഞ്ഞികോരികമടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയുംതാഴ്ത്തിട്ടനങ്ങാതിരിക്കുന്നു.
പാട്ടപാടുന്നവർകൈയുംചെവിക്കൽവ-
ച്ചൊട്ടുവായുംപിളന്നങ്ങനെനില്ക്കുന്നു.
എത്രയുംവിസ്മയംസവ്വജനങ്ങളും
ചിത്രമെഴുതിയപോലെകാണായ്‌വന്നു
വിപ്രജനത്തിൻെറ വേദവുംജ്ഞാനവും
ക്ഷിപ്രം നശിച്ചിതു കീത്തിയും പൂത്തിയും
ഇഷ്ടിയില്ലാഞ്ഞിട്ടു ദേവകൾക്കൊക്കെയും
തുഷ്ടിയില്ലാതെയായ്, അഷ്ടിയില്ലാതെയായ്
പുഷ്ടിയില്ലാതെയായ്, വൃഷ്ടിയില്ലാതെയായ്
കഷ്ടമിതെല്ലാം, പറഞ്ഞാലൊടുങ്ങമോ?"

ലോകവ്യാപാരം നിന്നുപോകത്തക്കവണ്ണംധ്രുവൻെറ തപസ്സ് ഇങ്ങനെ കഠിനമായിത്തീന്ന സമയം, മഹാവിഷ്ണു പ്രസാദിച്ച് ആ തപോവനത്തിൽ എഴുന്നള്ളി. സാഷ്ടാംഗപ്രണാമംചെയ്തു് ധ്രുവൻ, ഇങ്ങനെ സ്തോത്രംചെയ്തു.

"വന്ദേ ജഗല്പതേ! വന്ദേ വിയല്പതേ!
വന്ദേ മഹാപതേ! വന്ദേ ഗുണനിധേ!
സൃഷ്ടികത്താവായി വാഴുന്നതുംഭവാൻ,
പുഷ്ടികത്താവായി വാഴുന്നതും ഭവാൻ,
ഇഷ്ടിഫലത്തെ വരുത്തുന്നതുംഭവാൻ,
ഇഷ്ടദാതാവെന്നു കേൾക്കുന്നതുംഭവാൻ,
തുഷ്ടിഫലത്തെ വരുത്തുന്നതുംഭവാൻ,
വിഷ്ടപാലംബനനാകുന്നതുംഭവാൻ
മായകൾകൊണ്ടുവലയ്ക്കുന്നതുംഭവാൻ,
ആയതുപിന്നെയൊഴിക്കുന്നതുംഭവാൽ,
വൃക്ഷങ്ങളായി വസിക്കുന്നതുംഭവാൻ
പക്ഷികളായിപ്പറക്കുന്നതും ഭവാൻ,
പുല്ലുകളായി കിളിക്കുന്നതും ഭവാൻ,
കല്ലുകളായ്ക്കിടക്കുന്നതും ഭവാൻ,
അഷ്ടിക്കു വേണ്ടതു നൽകുന്നതും ഭവാൻ,
പട്ടിണിതന്നെ കിടത്തുന്നതും ഭവാൻ,
മുട്ടിപ്പതിന്നു തുടങ്ങുന്നതും ഭവാൻ.
മുട്ടുന്നനേരത്തു നൽകുന്നതും ഭവാൻ,
വെട്ടത്തുകാണാതിരിക്കുന്നതും ഭവാൻ.
ചട്ടററസവ്വേശനാകുന്നതും ഭവാൻ,

ഓടുന്നതും ഭവാൻ ആടുന്നതും ഭവാൻ,
തേടുന്നതും ഭവാൻ. കൂടുന്നതും ഭവാൻ.”

മഹാവിഷ്ണു എത്രയും പ്രസാദിച്ചു എന്നു പറഞ്ഞാൽകഴിഞ്ഞതല്ലൊ. അദ്ദേഹം ഇങ്ങനെ അനുഗ്രഹിച്ചു.

“ധാത്രീശനന്ദന! ഖേദം കളകനീ!
ധാത്രീതലം നിനക്കെല്ലാമധീനമാം
വിക്രമമേററം ലഭിക്കും നിനക്കെടോ!
ചക്രവത്തിത്വവും വന്നുകൂടും ദൃഢം.
മുപ്പതിനായിരം ദിവ്യസംവത്സരം
കെല്പോടു രാജ്യവും വാണു സുഖിക്കനീ.
അപ്പുറം ദേവലോകത്തിലങ്ങെത്രയും
അത്ഭുതമാം പദം കിട്ടും നിനക്കെടോ,
ധാത്രിയിൽവാഴുന്നകാലം തവാനുജ-
നുത്തമൻ നായാട്ടിനായിപ്പുറപ്പെടും.
എത്തിപ്പിടിപെട്ടു യക്ഷപ്രധാനികൾ
കുത്തിക്കൊലചെയ്യുമെന്നുബോധിക്ക നീ
പെട്ടെന്നു പുത്രവിയോഗംസഹിയാഞ്ഞു
കാട്ടുതീയിൽ വീണു ചാവും സുരുചിയും.”

അനുഗൃഹീതനായ ധ്രുവൻ രാജ്യത്തിലേക്കു മടങ്ങി; സർവ്വജനസന്തുഷ്ടിപ്രദായകനായി ദീർഘകാലം രാജ്യം ഭരിച്ചു.

---

## III

## ത്രിപുരദഹനം.

---

താരകൻ എന്ന അസുരന്, താരകാക്ഷൻ, കമലാക്ഷൻ, വിദ്യുന്മാലി എന്നു മൂന്നുപുത്രന്മാർ ഉണ്ടായി. വംശഗുണം അനുസരിച്ചു അവർ ചെറുപ്പംമുതൽതന്നെ ബലവാന്മാരും ധീരന്മാരും ദുഷ്ടന്മാരും ആയിരുന്നു. എന്നാൽ, ശിഷ്ടജനങ്ങളേയും ദേവന്മാരെയും ഉപദ്രവിക്കാൻ പ്രകൃത്യാ ഉൽസുകരായിരുന്ന അവർ, ശിവഭക്തന്മാരായി കാണപ്പെട്ടിരുന്നു. അതൊന്നൊഴിച്ച് മറെറല്ലാ സംഗതികളിലും അഹങ്കാരികളായി വളൎന്ന അവർ, തങ്ങളുടെ ദുഷ്പ്രതാപത്തെ വളൎത്തുവാനായി ബ്രഹ്മാവിനോട് ഏതാനും വരങ്ങൾ വാങ്ങണമെന്നുദ്ദേശിച്ചു തപസ്സു തുടങ്ങി. ഏതെങ്കിലും ഒരു ഉദ്ദേശ്യം സാധിക്കുന്നതിനായി സൽപുരുഷന്മാരെപ്പോലെ വൎത്തിക്കുന്ന ദുഷ്ടന്മാർ

ഈ കാലങ്ങളിലും ഉള്ളതാണല്ലോ. വേണ്ട എല്ലാവക നിഷ്ഠകളേയും ശരിയായി അനുഷ്ഠിച്ചുംകൊണ്ടു അവർ തപസ്സുചെയ്തു.

"നല്ലനല്ല തടാകവാരി തിരഞ്ഞുചെന്നു കുളിക്കയും,
അല്ലലെന്നിയെ ഗോപി ചന്ദനമെന്നിതൊക്കെ ധരിക്കയും
കള്ളമെന്നിയെ നല്ല മന്ത്രവരങ്ങളങ്ങു ജപിക്കയും
അമരവരപുര മമരുമവതനൊരു വിരുത്തു കരുതി വന്ദിക്കയും
സമരമുഖതരമുപരി വരുമിതി പെരുത്തുമമത നിനയ്ക്കയും
കാലമേത്തും കളയാതെ ദാനവന്മാരത്തുകാലം
നാലുവക ത്രുമുടയോന്റെ ലീല പാടി സ്തുതിചെയ്തു.
പാലുതേനന്ന വയെല്ലാംകൊണ്ടു നല്ല ഹുതി ചെയ്തു;
വേലുതട്ടി ശരീരങ്ങൾ കോലുപോലെ മെലിഞ്ഞാശു
തോലുചൊക്കച്ചുരുണ്ടിട്ടും ഭാവമേത്തും പകർന്നില.
ഏകരോടങ്ങോരുകാലും ഭൂതലത്തിലുറപ്പിച്ചു-
ന്മീലിതാക്ഷിദാനവന്മാരായ് നിന്നൂറായിരം വർഷം.
ചുററുമോരോ വള്ളി ക്രൂടിച്ചുററി നിന്നു പടരുന്ന
പുററുവന്നു ചുഴലവും പററയുററു നിറയുന്നു;
താടികളിൽ ചില മാടപ്രാവു നന്നക്രൂട്ടുകെട്ടി
മുട്ടയിട്ടു പലകാലം ക്രൂടിയാടിക്കളിക്കുന്നു.
വേടുപോലെ വളർന്നൊരു ജടതന്നിലുരഗങ്ങൾ
ഓടിവന്നു പലർക്രൂടി കെട്ടുപെട്ടു കിടക്കുന്നു."

ഉഗ്രമായ അവരുടെ തപസ്സ് അങ്ങനെ ദീർഘകാലം നടന്ന ശേഷം ബ്രഹ്മാവ് അവർക്ക് പ്രത്യക്ഷനായി അവരുടെ അപേക്ഷകൾ എന്തൊക്കെയാണ് എന്നു ചോദിച്ചു.

താരകാക്ഷൻ മുതലായവർ പറഞ്ഞു:—

"പങ്കജസംഭവ! പോററി! നിൻകൃപ കൊണ്ടടിയങ്ങൾ
ശങ്കരന്റെ ഭക്തരായ ശങ്കവിട്ടു നടക്കേണം
വിരപമെല്ലാമടിയങ്ങൾക്കൊരു വണ്ണം വരുത്തേണം
വിശപനാഥന്മാരിലാന്നിമടിയങ്ങളാസ്സ്വരനം;
ഞങ്ങളോടെതിരുടുന്ന ജനമെല്ലാമടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരും മതിയല്ലെന്നിരിക്കേണം.
ഭവനങ്ങൾ മൂന്നു വേണം, വേണ്ടതെല്ലാമതിൽവേണം
ഭുവനം മൂന്നിലും താനേ നടക്കണമതുക്രൂടെ,
ഭവനായ ഭഗവാങ്കൽ ഭക്തി ഞങ്ങൾ കുറയ്ക്കേണം
ആയിരം വത്സരം തോറും വേർപിരിഞ്ഞു നടക്കേണം
ആയതങ്ങു കഴിയുമ്പോൾ ക്രൂടിയെത്തുമൊരുമിക്കിൽ
അല്പകാലമൊരുമിക്കിൽക്രൂടി വാഴും മൂന്നുപേരും
അപ്പോഴങ്ങൊരസ്ത്രംകൊണ്ടൊരുവൻ മൂന്നുപേരെയും,

ഒപ്പമങ്ങു വധിച്ചെന്നാലന്നു ചാവാൻമടിയില്ല.
പിന്നെയുംവേർപെട്ടും ഞങ്ങളൊരായിരംവത്സരക്കാലം,
പിന്നെയുംക്കൂട്ടമവ്വണ്ണംകൊണ്ടതു വരുത്തേണം"

ബ്രഹ്മാവു് സമ്മതിച്ചു് അനുഗ്രഹിച്ചു. അവരുടെ ആഗ്രഹങ്ങൾ സകലവും സാധിക്കുമെന്നും ഇച്ഛാപ്രകാരമുള്ള ഗൃഹങ്ങൾ ലഭിക്കുവാനായി മയനെ വരുത്തി ആവശ്യപ്പെട്ടാൽമതിയാവുമെന്നും ത്രിപുരന്മാർ എന്നു് അഭിധാനത്തിൽ അവർ വളരെ സുപ്രസിദ്ധന്മാരായിത്തീരുമെന്നും, വരങ്ങൾ കൊടുത്തു. അനന്തരം താരകാക്ഷാദികൾ ജട, ഭസ്മം, രുദ്രാക്ഷമാല എന്നിതുകൾ ധരിച്ചു്, പുലിത്തോൽ ഉടയാടയാക്കിക്കൊണ്ടു, പരമശിവനെ സ്മരിച്ചും, സ്തുതിച്ചും ഭജിച്ചും നടക്കവെ ഒരുദിവസം മയനെ വരുത്തി സംഗതികൾ ഗ്രഹിപ്പിച്ചു. പൊന്നു, വെള്ളി, ഇരുമ്പു് ഇവയാൽ നിമ്മിതമായ ഓരോ ഗൃഹം മൂവക്കും ലഭിക്കണമെന്നായിരുന്നു അത്ഥന. ശില്പിവയ്യനായ മയൻ പതിവനുസരിച്ചു് തൻെറ വെണ്മഴുകൊണ്ടു് മൂന്നുപ്രാവശ്യം തറയിൽ വെട്ടി; ഹാ! വിസ്മയം! സർവവിഭവസംപൂണ്ണങ്ങളായ മൂന്നുഗൃഹങ്ങൾ തീൻറു.

"മാടവും, മണിമണ്ഡപവും; പതിനെട്ടുകെട്ടുനിരക്കവേ,
നാടശാലകൾകോടി, ഹാടകവാടക്കൂടഗൃഹങ്ങളും
ഘോടകാലയജാലവും പല ചേടകാലയവീടുകൾ,
കുംകുമാലയമങ്കണങ്ങളുമങ്ക വെങ്കളി മാടവും,
തങ്കശാലകൾ, അങ്കശാലകൾ അംകുശാങ്കിതമണ്ഡപം,
കിങ്കരാലയ ചുങ്കശാലകൾ, മങ്കമാരുടെവീടുകൾ,
കോട്ടമാളിക, ചെട്ടിപട്ടണമൂട്ടുകെട്ടുകൾ, തട്ടുകൾ
സിന്ദുവാരവുമെന്നുവേണ്ട മരങ്ങളെത്രതരങ്ങളിൽ
ചെമ്പകങ്ങളിരുമ്പകങ്ങൾ, കരിമ്പു, രംഭ, കരിമ്പന
ചെമ്പരത്തി, പരുത്തി, പാതിരി, അത്തി, ഇത്തി, വടങ്ങളും
മുല്ലമല്ലിക ചെംകുറുഞ്ഞി, കുരിംകുറിഞ്ഞി, കുറിഞ്ഞിയും
ദാനവാധിപരേസനകൾക്കൊരുഹാനിയില്ലൊരുനേരവും
മദ്യകുംഭമടുക്കൽവച്ചു കുടിച്ചുകൊണ്ടു രസിക്കയും
ഗദ്യപദ്യമുരയ്ക്കയും പലവിദ്യകണ്ടുരസിക്കയു ;
നല്ലപാട്ടുകളങ്ങുപാടിയൊടുക്കമെങ്ങു പിഴയ്ക്കയും
പകിടപലതരമാടിയും, പലപ്രകടരസമിടക്കൂടിയു,
രസികജനമിടക്കൂടിയും; മുദ്ദഹസിത പുതുമലർചൂടിയും,
ഇത്തരംപലഘോഷഭീഷണഭൂഷണംബഹുഭാഷണം.
ചിത്തമോഹനമാം പുരത്രയ, മത്രതീത്തുമയാസുരൻ"

സഹോദരന്മാർ മൂന്നുപേരും അധിക സന്തുഷ്ടന്മാരായി എന്നു പറയേണ്ടതില്ലല്ലൊ. വളരെ സമ്മാനങ്ങൾ കൊടുത്തും, തങ്ങളെ

ഒരു ബന്ധുവായി എപ്പോഴും കരുതിക്കൊള്ളാമെന്ന് ഉറപ്പുകൊടുത്തും അവർ മയനെ പറഞ്ഞയച്ചു.

സർവാഭീഷ്ടങ്ങളും ഇങ്ങനെ നിറവേറിയപ്പോഴാണ്, താരകാക്ഷൻ മുതലായവരുടെ സ്വഭാവദോഷത്തിന്റെ വിപുലത വെളിപ്പെട്ടു തുടങ്ങിയത്. മേലാൽ രാജ്യം പിടിച്ചടക്കേണ്ട ക്രമങ്ങളെപ്പററിയും, സജ്ജനങ്ങളെ ഉപദ്രവിക്കേണ്ട സമ്പ്രദായങ്ങളെക്കുറിച്ചും താരകാക്ഷൻ അനുജന്മാരോടുകൂടെ ഇങ്ങനെ തീരുമാനിച്ചു.

“ശങ്കരൻ കൃപകൊണ്ടു വേണ്ടതുമൊക്കെ വന്നതികഞ്ഞുതേ
എങ്കിലീ ഭുവനം തകർത്തു തിമിർത്തു വാഴുവനിന്നു ഞാൻ.
പാകശാസനനെപ്പിടിച്ചു കൊടിത്തടത്തിൽ മുറുക്കണം,
ലോകപാലകരൊക്കെ വന്നു പടിക്കലിങ്ങു കിടക്കണം
ലോകമൊന്നു മറിച്ചു ചെയ്യണമേകശാസനമാക്കണം,
വാദമില്ല നമുക്കു ചേതസി വിക്രമങ്ങൾ നടത്തണം,
പട്ടണം ചില ചുട്ടെരിക്കണമൊട്ടു വെട്ടി മുടിക്കണം.
തോട്ടമൊക്കെ മുടിക്കണം, പട കൂട്ടി വെക്കമടക്കണം,
നക്കമില്ലിനി യക്ഷരാജനൊടിക്ഷണം പടവെട്ടണം,
വെക്കമങ്ങളകാപുരത്തിലിരിപ്പുമപ്പൊഴുപോകണം,
പൊക്കണം ഞെളിഞ്ഞുകൊണ്ടവന്നിരന്നു നടക്കണം,
ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കിയരയ്ക്കണം;
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും,
സൂര്യബിംബമെടുത്തെനിക്കൊരു ചൂണ്ടലാക്കിവളയ്ക്കണം,
താരകാവലി കൊണ്ടെനിക്കൊരു ഹാരമാല ചമയ്ക്കണം,
താരകാക്ഷനടങ്ങുകില്ല നിനച്ചതൊക്കെ വരുത്തണം,
ഉരഗപതികളുമമരപതികളുമനിശമെന്നെ വണങ്ങണം,
പരിചിലവരുടെ ധനവു, മനവധി ജനവുമനവധി തീരണം
ജംഭശാസനനും തനിച്ചു നിലിമ്പവൃന്ദമശേഷവും,
ഡംഭുകാട്ടി ഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹ കാണണം,
രംഭ, മേനക, ചിത്രലേഖയു, മത്ര വന്നു വണങ്ങണം,
ശംഭുദേവപദാംബുജദ്വയമുണ്ടെനിക്കവലംബനം.”

ഇങ്ങനെയാണ്, താരകാക്ഷൻ തനിക്കും അനുജന്മാർക്കും ആയി ആയുഃപരിപാടി നിർണ്ണയിച്ചത്. തങ്ങളുടെ സകല ദുഷ്കൃത്യങ്ങൾക്കും അടിസ്ഥാനമായി അവർ പരമശിവനെ അവലംബമായി കരുതിയത് മനുഷ്യമനസ്സിന്റെ സ്വഭാവവൈചിത്ര്യത്തിന് ഒരു ദൃഷ്ടാന്തമാണെന്നു മനസ്സിലാക്കണം. ദോഷകർമ്മങ്ങളുടെ ശുഭപരിണാമത്തെ ഉദ്ദേശിച്ചു ഈശ്വരസേവ നടത്തുന്ന ആളുകൾ, ഇക്കാലത്തും ദുർല്ലഭമല്ലെന്നു മാത്രം ഇവിടെ സമാധാനിക്കുക. താര

കാക്ഷൻ സ്വാധീനശക്തിയെ വിനിയോഗിക്കേണ്ട വിധത്തെ ഇങ്ങനെയാണ തീച്ച്പ്പെടുത്തിയതു്.

"ഉമ്പർകോന്റെ നാട്ട പാടെ മുടിപ്പാനും തുടങ്ങുന്ന
തമ്പിയായ കമലാക്ഷൻ വെള്ളിഗേഹേ വസിച്ചുംകൊ-
ണ്ടിമ്പമോടബ് ഭൂമിതന്നിൽ ചില നാശം വരുത്തേണം.
ഇരുമ്പുമന്ദിരേ വിദ്യുന്മാലിതാനും പാലുകാച്ചി-
ത്തരിമ്പും പേടികൂടാതെ ചെന്നു പാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുമ്പെട്ടു കരംകൊണ്ടു
കരിമ്പിൻതണ്ടെന്നപോലെ പിടിച്ചൊക്കെപ്പിഴിയേണം.

ഇത്രയും കഴിഞ്ഞു മേൽകാണിച്ച കാൎയ്യപരിപാടി അനുസരിച്ചു് സഹോദരന്മാർ പിരിഞ്ഞു; മൂന്നുലോകങ്ങൾക്കും കാലക്കേട്ട് ആരംഭിക്കുകയും ചെയ്തു. വിദ്യുന്മാലി പാതാളലോകത്തിൽ ഇറങ്ങി സൎപ്പരാജാക്കന്മാരെയെല്ലാം ജയിച്ചു; എന്നുമാത്രമല്ല, അവിടം അലങ്കോലപ്പെടുത്തി- അത്യുഗ്രമ കാവണ്ണം നാട്ടവാണു.

വെള്ളിക്കോട്ടയുടെ നാഥനായ കമലാക്ഷന്റെ പരാക്രമങ്ങളും ക്രൂരകൃത്യങ്ങളും ഭൂലോകത്തു കണിശമായി നടന്നു—

"വെള്ളിക്കോട്ടയിലുള്ള കമലാക്ഷനവനിയി-
ലുള്ളൊരു മാനുഷർതന്റെ നാട്ടുകളും വീട്ടുകളും
കൊള്ളിവച്ചങ്ങെരിക്കുന്നു, നിളെസ്സഞ്ചരിക്കുന്നു,
കള്ളംകൊണ്ടൊരുനേരം എള്ളോളും ഭയമില്ല.
കള്ളന്മാരൊരുകൂട്ടം ഭൃത്യന്മാരവർപിന്നെ,
കള്ളിന്നും കരുപ്പിന്നും തിരഞ്ഞങ്ങു നടക്കുന്നു.
തള്ളിക്കൊണ്ടലയ്ക്കുന്നു, ഭള്ളേറെ നടിക്കുന്നു,
മുള്ളേറെപ്പറയുന്നു പിള്ളേരെപ്പിടിക്കുന്നു,
മെല്ലെഗാത്രവുംകൊണ്ടു വല്ലിടത്തിനുംപോകെ-
ന്നെല്ലാമാനുഷന്മാരും ചൊല്ലി ധാവതിചെയ്താർ."

വീടുവിട്ടു് ഓടുന്ന മനുഷ്യരുടെ സംസാരം പലപ്പോഴും ദയനീയമായിരുന്നു.

"ചെണ്ടകൊട്ടി നമുക്കിപ്പോൾ അസുരന്മാർ വിളവെല്ലാം
കൊണ്ടുപോകുന്നതു കണ്ടു കണ്ടിരിപ്പാറായി വന്നു.
ഉണ്ടചോറും മറന്നല്ലോ, കുണ്ടിലായിച്ചമഞ്ഞല്ലോ,
കണ്ടുകൊൾവിൻ കാലദോഷം, തൊണ്ടയൊന്നു പേരുവന്നു.
നാശം കാൺകെട്ടൊരണ്ടുകാശിനുമുതലില്ല,
കാശിക്കെതിരിപ്പാനുംദേശങ്ങളറിവില്ല."

ചുരുക്കിപ്പറയുന്നതായാൽ,

"നാട്ടിലും മല മൂട്ടിലും ചില വലിയ മലയുടെഗ്ഗുഹയിലും
ചെന്നുറച്ചു വിറച്ചുമനുജരൊളിച്ചു കൊണ്ടു നടക്കയും

വന്നുദാനവരെന്നു കേട്ടടനവിടെ നിന്നു തിരിക്കയും,
എന്നുവേണ്ടമഹീതലങ്ങളിലമളി ശിവ! ശിവ! പറവതോ?"

ആളുകൾ വീടും നാടും ഉപേക്ഷിച്ചു പോകത്തക്കവണ്ണം ഇളക്കമുണ്ടാക്കി. ഭൂമിയിൽ കമലാക്ഷൻ നടത്തിയ ക്രൂരതകളെ ചിന്തിക്കുവാൻ കൂടി വഹിയ.

"താരകാക്ഷസഹോദരൻ കമലാക്ഷനെന്ന മഹാസുരൻ
ഘോരമാം പടയോടുകൂടെ മദിച്ചുകൊണ്ടുനടക്കയും
സർവ്വമാശ്രമനാശിക്കുമാറു പരാക്രമങ്ങൾ തുടങ്ങിയും
സർവ്വസുന്ദരിമാർവിളങ്ങിന വീടുതേടിനടക്കയും,
സരസതരിവള, കടകം, പിരിവള, താലിമാല പറിക്കയും,
കണ്ഠരാമവരാംഗനാജന കണ്ഠസൂത്ര, മറുക്കയും,
മണ്ടുമക്കുലനാരിമാരെക്കണ്ടുകണ്ടുരസിക്കയും,
അമ്പലത്തിനകത്തുചെന്നു ബലിത്തിടമ്പു പറിക്കയും,
കൊമ്പനാനകളെപ്പിടിച്ചഥ കൊമ്പുരണ്ടുമൊടിക്കയും"

ഇങ്ങനെ ആ ദുഷ്ടൻെറ അക്രമങ്ങൾ കേട്ടുകേൾവിപോലും ഇല്ലാത്ത രീതിയിൽ സ്വച്ഛന്ദം നടന്നു; കമലാക്ഷൻെറ രാജ്യത്തിൽ എവിടെയും മനുഷ്യർ പ്രാണസങ്കടം അനുഭവിച്ചുകൊണ്ടിരുന്നു. ആ കാലങ്ങളിൽ, സാധുക്കളായ ചിലരുടെ വർത്തമാനവും പരുങ്ങലും കണ്ടാൽ, കരച്ചിലോടുകൂടിത്തന്നെ ചിരിയും വരുമായിരുന്നു.

"തിട്ടുക്കം വന്നടുക്കുമ്പോൾ മിടുക്കൻ നമ്മുടെ ജ്യേഷ്ഠൻ
പൊട്ടക്കെണറുപുറപ്പെട്ടങ്ങടുക്കളയ്ക്കകംപൂകി
കിടപ്പെല്ലാമവനിപ്പോളടുപ്പിലെന്നതും കേട്ട
കൂട്ടമോടെ മനുജന്മാർ കെട്ടുകെട്ടിപ്പുറപ്പെട്ടു.
കുട്ടികളെപ്പിടിച്ചങ്ങു പെട്ടകത്തിനകത്താക്കി-
രെട്ടുകൊണ്ടുപൊതിഞ്ഞൊരു പട്ടരച്ഛൻ പുറപ്പെട്ടു.
പട്ടരച്ഛാ തനിക്കുള്ള കെട്ടിലെന്തെന്നുരയ്ക്കുമ്പോൾ
കെട്ടിലെന്നാ കച്ചകിച്ചെ ഉനക്കെന്നാ മലയാളി?
കിട്ടവാരും നാടശേഷം കെട്ടുപോച്ചെഎന്നശെയ്യായ്."

കമലാക്ഷൻെറ സാമ്രാജ്യം ഈ മട്ടിൽ അലങ്കോലപ്പെട്ടു കണ്ടതിനാൽ, സമീപസ്ഥന്മാരായ അന്യരാജാക്കന്മാർക്ക് ഭയവും അസ്വാസ്ഥ്യവും ഉണ്ടായി. ക്രമക്കേടുകളും ദുരാചാരങ്ങളും തങ്ങളുടെ രാജ്യത്തേക്കു കടക്കാതിരിക്കണമെങ്കിൽ താരകാക്ഷൻെറ നേരെ ഒരു വലിയ യുദ്ധംകൂടാതെ കഴിയുകയില്ലെന്ന് അവർ ഗ്രഹിച്ചു. സകല രാജാക്കന്മാരും ഒരുമിച്ചു അതിനുള്ള പുറപ്പാടായി.

"സൂര്യവംശത്തിലും പിന്നെ സോമവംശത്തിലുമുള്ള
ഭൂമിപാലന്മാരശേഷം പടയ്ക്കങ്ങുപുറപ്പെട്ടു.
കുന്തിഭോജൻ, കാശിരാജൻ, സിന്ധുരാജൻ. സിംഹളേശൻ.

ദന്തിവ്യോമൻ, വീരവമ്മൻ, വിന്ധ്യപാലൻ, വീരപാലൻ,
ധീരരാജൻ, മഹാമല്ലൻ, നല്ലവല്ലാളഭൂപാലൻ,
വല്ലഭേന്ദ്രൻ, വീരചന്ദ്രൻ, പിന്നെ വീരപ്പനായ്ക്കൻതാൻ
മുന്നിലങ്ങുവിളങ്ങുന്ന മന്നവന്മാർപടക്കൂടി
ചെന്നണഞ്ഞു പിന്നണഞ്ഞു വെള്ളിഗേഹക്കാരനോടു
പടയും വെടിയും നടയും ഇടിയും ചിലവെട്ടുകളും
ചില നീട്ടുകളും പലകെട്ടുകളും നല്ല ചവിട്ടുകളും
ക്ഷോണിപാലപ്രവരന്മാരസുരാധീശപരന്തന്റെ
ബാണവുമേററമായേററു പടതോററു വില്ലുമററു
ശോണിതങ്ങളണിഞ്ഞവർ ചത്തുശേഷിച്ചവർ പിന്നെ
നാണവും കെട്ടൊരുപോലെ താണുവീണു വണങ്ങിനാർ."
ഇങ്ങനെ കമലാക്ഷൻ ഭൂലോകചക്രവത്തിയായി; ഭൂമിയെല്ലാം അവതാളത്തിലുമായി.

"ഓണമില്ല, വിഷുവില്ല, വേലിയില്ല, വിളവില്ല,
വാണുകൂടാ വസ്തുവൊന്നും, വാണിഭം നാസ്തിയായി;
അന്തണക്കു ജപമില്ല, യാഗമില്ല, ഹോമമില്ല,
ഹന്തകഷ്ടം! തപസ്സില്ല, സ്നാനപാനങ്ങളുമില്ല,
സകല ദിക്കുകളെല്ലാം കമലാക്ഷനൊത്തവണ്ണം
സകല ഭൂതലമെല്ലാം പാട്ടിലായെന്നതേ വേണ്ടു"

ജ്യേഷ്ഠനായ താരകാക്ഷൻ കനകഗൃഹത്തിൽ ദേവലോകത്തേക്കു പുറപ്പാടുണ്ടെന്നു അറിഞ്ഞയുടനെ, ഭൂലോകത്തുള്ള സവ്ദുഷ്ടന്മാരും ഭടന്മാരായിച്ചേൻ്റു. രാജധാനിയിൽ എത്തിക്കഴിഞ്ഞു. പരമശിവൻ്റെ ആനുകൂല്യം നിമിത്തം വിജയം നിർച്ചയമാണെന്നു എവിടേയും ആക്കും അറിയാമായിരുന്നു.

"ചൊല്ലുന്ന നൃപതികൾ തല്ലുന്ന സചിവന്മാർ
തല്ലുന്ന നൃപതിക്കു കൊല്ലുന്ന സചിവന്മാർ
കൊല്ലുന്ന നൃപതിക്കു തിന്നുന്ന സചിവന്മാ--
രെല്ലാമിങ്ങനെതന്നെ ചൊല്ലുന്നു മതിമാന്മാർ
ക്രൂരനാമസുരൻ്റെ കാര്യക്കാരവരേററം
ക്രൂരന്മാർ പടമിശക്കൊമ്പന്മാരൊരുപോലെ
ദൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടുചെന്നിട്ടു-
ങ്ങിരേഴുഭുവനത്തെ മുടിപ്പാനാഗ്രഹത്തോടെ."

വേണ്ട എല്ലാ ഒരുക്കങ്ങളും തയ്യാറായിക്കഴിഞ്ഞശേഷം, തൻ്റെ സഹചരന്മാരെ പ്രോത്സാഹിപ്പിക്കുവാനായും സ്വാഭാവികമായ മദംനിമിത്തവും, താരകാക്ഷൻ ഇങ്ങനെ പറഞ്ഞു:—

"കാര്യബോധംതികഞ്ഞുള്ളകാര്യക്കാർപലരുണ്ടു്,
കാര്യമൊന്നങ്ങുരചെയ്യാൻതുടങ്ങുന്നുഞാനുമിപ്പോൾ

വീൎയ്യമേറുംമുകുന്ദന്റെ ശക്തികൊണ്ടിജ്ജനമെല്ലാം
നാരിമാരെന്നതുപോലെഭയപ്പെട്ടുവസിക്കുന്നു
നാണമെന്നും,ശൗൎയ്യമെന്നും ബോധമെന്നും,വീൎയ്യമെന്നും
വേണമെന്നിജ്ജനങ്ങളിലൊരുത്തൎക്കുംമനസ്സില്ല
പ്രാണനിക്കൂട്ടിലുള്ളപ്പോൾതാണിരിപ്പാനെളുതല്ല;
ആണിനത്രെപിറന്നുള്ളുഞങ്ങളെന്നുധരിച്ചാലും
സൎവ്വദേവാധിപത്യത്തെനിൎവ്വഹിച്ചുമരുവുന്ന
പൎവ്വതാരിക്കൊരുകൂട്ടംഗൎവ്വപാരംമനക്കാമ്പിൽ,
വേണ്ട,വേണ്ട,എന്നുവച്ചിട്ടൊക്കെയുംഞാൻ ക്ഷമിക്കുന്നു;
വേണ്ടതല്ലെന്നറിയാഞ്ഞിട്ടല്ല മന്ത്രീശ്വരന്മാരേ!
അച്ഛനുള്ളന്നിവരുടെ പിച്ചയേതുംഫലിച്ചില്ല;
പൂച്ചയെക്കണ്ടെലിപോലെ, വിറച്ചുകൊണ്ടിരുന്നല്ലോ.
അച്ഛനേയുമിവർ തന്നെ തച്ചുകൊല്ലിച്ചതും പിന്നെ;
അച്ചതിവൃത്തിയോൎക്കുമ്പോൾ, ഉച്ചകോപം ജ്വലിക്കുന്നു.
പങ്കജബാണനെപ്പണ്ടു ശങ്കരന്റെ കനല്ക്കണ്ണിൽ.
ശങ്കകൂടാതെ ചാടിച്ചാർ, ഹുങ്കൃതിക്കാർ പലർകൂടി.
സന്ന്യസിച്ച ഭഗവാനെക്കൊണ്ടു വേളികഴിപ്പിച്ചു
മുന്നിലേ കൈതവം പാരം കണ്ടതുംകേട്ടതുമില്ല.
എന്നുവേണ്ട,ശചീകാന്തനൊത്തവണ്ണം കാൎയ്യമെല്ലാം
അന്നുവട്ടം വാളിന്നെയ്യിട്ടിരുന്നു,ലോകരെല്ലാം.
ദന്ദശൂകാധിപനായ വാസുകിയെക്കയറാക്കി
മന്ദരപൎവ്വതത്തെയും മത്തുമാക്കീട്ടന്നൊരുനാൾ,
പാല്ക്കടലിൻനടുവിലിട്ടായമോടെ വലിച്ചപ്പോൾ
ഒക്കെയോരോപദാൎത്ഥങ്ങളതിങ്കൽനിന്നുത്ഭവിച്ചു.
കല്പവൃക്ഷങ്ങളുണ്ടായി, നല്ല പെണ്ണുങ്ങളുണ്ടായി,
ശില്പമോടെ നാലുകൊമ്പുള്ളാനയുംവന്നാശു പൊങ്ങി;
ഇത്തരംനല്ലവസ്തുക്കൾ വാനവന്മാർ കൈക്കലാക്കി.
അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നു തന്നില്ല;
ശങ്കരന്നുമതിലൊന്നുംകൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടു ഭഗവാനെക്കാളകൂടംകുടിപ്പിച്ചു;
ആരുമൂട്ടം ഭഗവാങ്കൽ കൂറുമില്ലദേവകൾക്കു്
ഈവകക്കൂട്ടമിപ്രകാരംപറഞ്ഞിടാം കൈതവങ്ങൾ
അത്രപൊന്നും പണങ്ങളും ഛത്രവും ചാമരങ്ങളും
വൃത്രവൈരിപുരംതന്നിൽ, മെത്തയേറിക്കിടക്കുന്നു,
പത്തനങ്ങൾക്കിടം പോരാഞ്ഞങ്ങുമിങ്ങുമിരിക്കുന്നു,
തത്ര തത്ര നടന്നോരോന്നിരിക്കുന്ന കപാലിക്ക-
ങ്ങത്രമാത്രംകൊടുപ്പാനും മനസ്സില്ലശഠന്മാൎക്കു്;

നേത്രമേറുന്നരാജാവിന്നതിന്നേതും കൂട്ടമില്ല;
അസ്ഥിമാലയെടുത്തീശൻ മുത്തുമാലയണിയുന്നു.
വസ്ത്രമില്ലാഞ്ഞുടൻ നല്ല പുലിത്തോലങ്ങുടുക്കുന്നു;
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലു ചൂടുന്നു;
ചന്ദനമില്ലത്തുമൂലം വെണ്ണീർകൊണ്ടണിയുന്നു;
മേളമേറാം കലർന്നൊത്ത വാഹനമില്ലത്തുകൊണ്ടു
കാളകണ്ഠൻഭഗവാനും, കാളയേറി നടക്കുന്നു
ആളുമില്ല വാളുമില്ല കാമവൈരിക്കതുമൂലം
കാളിയേയും കൂളിയേയും തുണകൊണ്ടു നടക്കുന്നു
ഇപ്രകാരമിരിക്കുന്ന സ്വപ്രകാശസ്വരൂപിക്ക-
ങ്ങപ്രിയത്തെ വരുത്തുന്ന ദുഷ്പ്രഭുക്കൾക്കിന്നുതന്നെ,
നിഷ്പ്രകാശം വരുത്തേണം, ക്ഷിപ്രമെന്നുധരിച്ചാലും."

ഇപ്രകാരം മുഖവുരയിൽത്തന്നെ മുഴക്കത്തോടുകൂടിയ പുറപ്പാടിന്റെ പരിണാമങ്ങളെ വിവരിക്കുക അസാദ്ധ്യമാണ്. തിമിർത്തു പളയ്ക്കുന്ന ലക്ഷോപലക്ഷം ഭടന്മാരുടെ അട്ടഹാസങ്ങളെക്കൊണ്ടും, മദ്ദളം കാഹളം, ചെണ്ട, പെരുമ്പറ എന്നിതുകളുടെ ഘോരാരവംകൊണ്ടും, ദിഗ്‌ശൈലങ്ങൾകുലുങ്ങി, ക്ഷീരസമുദ്രംകലങ്ങി, ബ്രഹ്മാണ്ഡകടാഹം മുഴങ്ങത്തക്കവണ്ണമാണ് താരകാക്ഷൻ കനകഗൃഹത്തിൽ ദേവലോകത്ത് എത്തിയത്. പെരുവെള്ളംപോലെ ഭൂലോകപ്പുറമ്പടി സ്വർഗ്ഗലോകത്തു നിറക്കുകയും, ചിന്തിക്കാവതല്ലാത്ത നാനാവിധക്രൂരകർമ്മങ്ങൾ ആരംഭിക്കുകയും, ചെയ്തപ്പോഴേക്കു സമാധാനമാർഗ്ഗം കാണാതെ മുപ്പത്തുമുക്കോടിദേവന്മാർ, ഓടി, അമരാവതിയിൽ എത്തി, ഇന്ദ്രസന്നിധിയിൽ ഇങ്ങനെ സങ്കടം ഉണർത്തിച്ചു: —

'ഉമ്പർകോനേ! തമ്പുരാനേ! മുടിഞ്ഞുനമ്മുടെരാജ്യം
പൊൻപുരക്കാരനെക്കണ്ടു, ഭയപ്പെട്ടുഞങ്ങളെല്ലാം,
ദുഷ്ടർവന്നുനിറക്കുന്നു, കഷ്ട!മോരോന്നരയ്ക്കുന്നു,
ദിഷ്ടരേയുംതടുക്കുന്നു നിഷ്ഠയെല്ലാംകെടുത്തുന്നു.
നന്ദനത്തിൽകടക്കുന്നു, ചന്ദനങ്ങൾഒടിക്കുന്നു
കന്ദരങ്ങൾഅടയ്ക്കുന്നു, കാനനങ്ങൾതകർക്കുന്നു,
കളിത്തട്ടിൽക്കരയേറി, ഞെളിഞ്ഞങ്ങുവസിക്കുന്നു.
കളിക്കുംകാമിനിമാരോടൊളിച്ചുകൊണ്ടടുക്കുന്നു,
അഭ്രമുവല്ലഭൻതന്റെ ശുഭ്രദന്തി പിടിക്കുന്നു,
വിത്തമെല്ലാംമടിക്കാതെ കത്തിവാരിക്കവരുന്നു,
പത്തുലക്ഷംമനുജന്മാർ, പത്തനങ്ങൾവളയുന്നു,
തമ്പുരാനേ! അടിയങ്ങൾ,ക്കെന്തുദോധാമനക്കൊമ്പിൽ
ഇമ്പമോടിജ്ജനങ്ങളെജ്ജയിക്കാമെത്രയുംവേഗാൽ
വമ്പർവന്നങ്ങടുക്കുമ്പോൾ തടുപ്പാൻ ശക്തിയില്ലാഞ്ഞാൽ

ചെവിയിലെത്തിച്ചോരുതിന്നുന്ന ഞങ്ങളെക്കൊണ്ടെന്തുകാര്യം?"

ദേവേന്ദ്രൻ ഇറങ്ങുകയായി. ത്രിപുരന്മാരുടെപൂർവ്വചരിത്രത്തേയും അവർക്ക് പരമശിവന്റെ ആനുകൂല്യമുണ്ടെന്നുള്ള വസ്തുതയേയും, വേണ്ടവണ്ണം ഗ്രഹിച്ചിരുന്ന ദേവേന്ദ്രൻ അപജയത്തെ മുൻകൂട്ടി കണ്ടിരുന്നു. എങ്കിലും സ്വകൃത്യാനുഷ്ഠാനത്തെ മുൻനിർത്തി യുദ്ധസന്നാഹങ്ങൾ കൂട്ടി, സർവ്വശക്തികളും പ്രയോഗിച്ച് യുദ്ധംചെയ്തു തോററ് ഓടുകയും, ദേവലോകം അസുരന്മാരുടെ ദുഷ്കർമ്മ നൃത്തരംഗമായിത്തീരുകയും ചെയ്തു.

ആപത്തുണ്ടാകുന്ന എല്ലാസന്ദർഭങ്ങളിലും എല്ലാവരും വിശേഷിച്ച് ദേവലോകം വൈകുണ്ഠസ്ഥനായ മഹാവിഷ്ണുവിനെയാണ് അവസാന ആശ്രയമായി കരുതാറുള്ളത്. ഈ പ്രാവശ്യവും അവർ അങ്ങനെതന്നെ ചെയ്തു. ദേവന്മാരും ഇന്ദ്രാദിഅഷ്ടദിക്പാലകന്മാരും സംഘംചേർന്ന് പാല്ക്കടലിന്റെ തീരത്തെത്തി യോഗനിദ്രചെയ്തുകൊണ്ടിരുന്ന സർവ്വസാക്ഷിയെ സ്തുതിച്ചു. സദാസർവ്വാന്തര്യാമിയും സർവ്വാധാരനും ആയ ഭഗവാൻ ഉണർന്ന് ഇങ്ങനെ കുശലപ്രശ്നംചെയ്തു.

സൈ്വരമല്ലീ സുരന്മാരെ! മുനിമാർക്കുംഭവാന്മാർക്കും
വൈരമേറുന്നസുരന്മാർ, ഭൂരവൈവാഴവോരല്ലീ?
ധീരനായ വാസവൻറകരത്തിൽവജ്രമെപ്പോഴും
ഘോരമായിവിലസുമ്പോൾ ഭയത്തിനെന്തവകാശം
ഇന്നുനിങ്ങൾപലർകൂടി, വന്നതിൻകാരണമെല്ലാം
ഒന്നൊഴിയാതുരചെയ്യിൻസുന്ദരീവല്ലഭന്മാരേ!"

അനുവാദം കിട്ടിയ ഉടനെ, ദേവന്മാർ ഇങ്ങനെ സങ്കടനിവേദനംചെയ്തു.

"ദേവ! ദേവ! ഹരേ! മുകുന്ദ! ജഗന്നിവാസ! നമോസ്തുതേ!
ദേവവൈരികൾവന്നുനമ്മുടെനാടശേഷമടക്കിയേ!
ഏവനും ബത! ശക്തിയില്ലതടുപ്പതിന്നതുകാരണം,
കേവലംകരുണാനിധേ! ശരണംഭവാൻശരണംഭവാൻ
താരകാസുരമക്കളാകിയ മൂന്നുപേരസുരാധിപർ
നേരുകേടുകൾ കാട്ടുവാൻ വിരുതോടുകൂടെ നടക്കയും,
പാരിടത്തിലുമംബരത്തിലുമങ്ങു സപ്തഗ്രഹത്തിലും,
പാരമുണ്ടമളിത്തരങ്ങൾ, മാസ്സമുട്ടി, മഹാമതേ!
കോട്ടകൊണ്ടുനടന്നുഞങ്ങടെ നാട്ടുകുംപകയാക്കിയേ!
ചേട്ടകൾക്കൊരു കോട്ടമില്ലൊരു കൂട്ടമിങ്ങനെ തീർന്നതേ!
ജ്യേഷ്ഠനാകിയ താരകാക്ഷനമർത്ത്യലോകമടക്കിനാൻ,
നാട്ടുകണ്ടുകസോദരൻ കമലാക്ഷനൂഴി മുടിക്കയും,
രണ്ടുപേരുടെതമ്പിയാകിയ തണ്ടുതപ്പി മഹാശഠൻ

കണ്ടതൊക്കെ മുടിപ്പതിന്നരവങ്ങൾ നാട്ടിൽ നടക്കയും
പണ്ടുതങ്ങളിവണ്ണമുള്ളൊരു സങ്കടങ്ങളൊരിക്കലും,
കൊണ്ടൽവർണ്ണ! സഹിച്ചുവെന്നൊരു കേട്ടുകേൾവിയുമില്ലഹോ
ദുർജ്ജനത്തെ നിവർത്തിവെച്ചു വരംകൊടുത്തു പുലസ്ത്യവാ-
നിർജ്ജനത്തിലൊരുത്തനുണ്ടതു കുററമല്ലിതു വന്നുപോം
ഇജ്ജഗത്തു നശിക്കുമങ്ങുകൊടുത്തതിലെങ്കിലതോർക്കുവാൻ,
ഇജ്ജളക്കു വരംകൊടുത്തു, തരംകൊടുത്തു ജഗത്ത്രയം
തീക്ഷ്ണനെൻറ സേവകന്മാർ കാൽക്ഷണംപോലിളയ്ക്കാതെ
രൂക്ഷകർമ്മം ചെയ്യുന്നതെല്ലാം, വീക്ഷണം ചെയ്കയേ വേണ്ടു
രക്ഷ ചെയ്യേണ്ടവർതന്നെ ഭക്ഷണത്തിനൊരുമ്പെട്ടാൽ
കുക്ഷിമാത്രം പോറ്റിപ്പാൻ, ഭിക്ഷകൊണ്ടുമെളുതല്ല.
ജഗത്തിന്നും, നഗത്തിന്നും, മൃഗത്തിന്നും, ഖഗത്തിന്നും,
സുഖത്തിന്നും, നഖത്തിന്നും, ഇടത്തിന്നും, വലത്തിന്നും,
ഇരിമ്പിന്നും, തുരിമ്പിന്നും, വരമ്പിന്നും, ഞരമ്പിന്നും.
ജഗത്തിലുള്ള വസ്തുക്കൾക്കൊക്കവേ കാരണഭൂതൻ,
സമസ്തം നിന്തിരുവടി എന്നതെങ്ങൾ അറിയുന്നു,
സ്ഥാവരം, ജംഗമം, വിഷ്ണുദേവ! നാരായണസ്വാമിൻ
കേവലാത്മസ്വരൂപ നീ! ദേവകൾക്കു തുണയ്ക്കണം.
നാടുപാടെ നശിക്കുമ്പോൾ ചൂടുതട്ടും മരക്കൊമ്പിൽ,
ഓടിവന്നിപ്രദേശത്തു പാടുപാർക്കും ഞങ്ങളെല്ലാം
എത്രതന്നെ പറയാവൂ, ദേവകൾക്കൊന്നോതോന്നുണ്ടോ
ശത്രുചെയ്യോരപരാധം, സഹിക്കാഞ്ഞിട്ടുരയ്ക്കുന്നു.
ഉററവുംവന്നകപ്പെട്ടാൽ കൂററു കാക്കമെളുതല്ല,
ഈററപ്പാമ്പിൻ വിഷമെല്ലാം പാററകൾക്കു സഹിക്കാമോ?
നീററിലുള്ള മുതലകൾ, കീററിവന്നങ്ങടുക്കുമ്പോൾ,
മാററിയാകും തവളയ്ക്കുങ്ങേററുപോവാനെളുതാമോ?
ചെററുവാട്ടംവരുത്താതെ, ഉററവരെത്തുണയ്ക്കണം
കുററമുണ്ടെങ്കിലുമിന്നു പൊറുത്തീടണമേ പോററീ!"

ഏവമന്തകൻ ദേവന്മാർ ആവലാതിപറയുന്നതുകേട്ടു്, ആത്മജ്ഞാനസ്വരൂപൻ മനസ്സലിഞ്ഞു് അവരോടു് ഇങ്ങനെ അരുളിച്ചെയ്തു: 'നിങ്ങളുടെ പരവശതയിൽ ഞാൻ വളരെ സഹതപിക്കുന്നു. ഇനി സമാശ്വസിക്കാം. നിങ്ങളുടെ കാര്യം ഞാൻ ഭരമേററു. ഒന്നുചെയ്യുകതന്നെ. എല്ലാവരും ഇവിടെനിന്നു ഉടനെ കൈലാസത്തിലേക്കു പുറപ്പെടണം. പരമശിവന്റെ ആനുകൂല്യം ഈ കാര്യത്തിൽ നമുക്കു വളരെ ആവശ്യമുണ്ടു്. ത്രിപുരന്മാരെ സ്വന്തം കിടാങ്ങളെപ്പോലെയാണു് പരമശിവൻകരുതിപ്പോരുന്നതു്. ആശ്രിതവാത്സല്യം അവിടുത്തേക്കും എനിക്കും നിങ്ങൾക്കും സഹജഗുണമാണല്ലോ. നിങ്ങൾ

കൈലാസപ്രാന്തങ്ങളിൽ എത്തി തപസ്സുചെയ്തുകൊണ്ടിരിക്കണം. സന്ദർഭംനോക്കി ഞാൻ വേണ്ടതു പ്രവർത്തിച്ചുകൊള്ളാം. എന്നാൽ പുറപ്പെട്ടുകതന്നെ. നാരദൻ മാത്രം ഇവിടെ നിൽക്കട്ടെ. സ്വല്പം ഒരു കാര്യമുണ്ട്."

നാരായണനമസ്കാരംചെയ്തശേഷം, ദേവകരംവിടവാങ്ങികൈലാസത്തിലേക്കു യാത്രയായി.

ദൈത്യാരിയും നാരദനുംകൂടി ഭൂമിയെ ലക്ഷ്യമാക്കി പുറപ്പെട്ട്, യുദ്ധകോലാഹലം കഴിഞ്ഞു, ആയിരം വർഷം അവസാനിക്കുന്നസന്ദർഭത്തിൽ ത്രിപുരന്മാർ സ്വല്പകാലത്തേയ്ക്ക് ഒരുമിച്ചുതാമസിക്കുവാനായി ചെന്നുചേരുവാൻ ഇടയുള്ളതായ ഒരു വലിയ ആൽമരത്തിന്റെ ചുവട്ടിലേക്കാണ്, ദേവന്മാരുടെ സങ്കടപരിഹാരത്തെ ഉദ്ദേശിച്ചുകൊണ്ട് ആ ദേവവന്ദിതന്മാർ പുറപ്പെട്ടതു്. പതിന്നാലുലോകങ്ങളുടേയും സംരക്ഷകനായ 'ശ്രീമഹാവിഷ്ണു' ഈശ്വരൻ എന്നൊന്നില്ലെന്നു വിശ്വസിക്കുന്ന—ചാർവാകമതത്തിൽ ചേർന്ന—ഒരു പടുകിഴവൻ സന്യാസിയുടെ വേഷത്തിലും, സർവ്വചരാചരങ്ങളുടേയും സ്രഷ്ടാവായ ബ്രഹ്മാവിന്റെ പുത്രൻ—സാക്ഷാൽ ശ്രീനാരദൻ-ആ സന്യാസിയുടെ ശിഷ്യഭാവത്തിലും, പ്രസ്തുത ആൽത്തറയിൽ പ്രത്യക്ഷരായി. ഭൂമിയിൽ എന്തെല്ലാം നടന്നിട്ടുണ്ട്? ഇനി എന്തെല്ലാം നടക്കുവാനിരിക്കുന്നു? വൃദ്ധനായ ബൗദ്ധൻ സ്വശിഷ്യനെ ഓരോ ഗ്രന്ഥങ്ങൾ വായിച്ചു പഠിപ്പിച്ചുകൊണ്ട് ആൽത്തറയിൽ താമസം ഉറപ്പിച്ചു.

'വൃദ്ധനെത്ര വയസ്സുചെന്നു നരച്ചു കണ്ണിമകൂടവേ,
ക്ഷീരസാഗരവാരി പോലെവെളുത്തു, നീണ്ടൊരു താടിയും
ചാരുവാം കാഷായവസ്ത്രവുമുത്തരീയവുമുണ്ടഹോ
ഭൂരിപിംഗജടാകലാപവുമക്ഷ യോഗവടങ്ങളും
ചേരുമിവക മൂത്തബൗദ്ധനിതെന്നു കണ്ടവർ ചൊല്ലിനാർ
ബന്ധുവാകിയ നാരദൻ മുനിശിഷ്യനെന്നുനടിച്ചുടൻ,
ഗ്രന്ഥമൊന്നു കരത്തിലാക്കി വഴിച്ചു നോക്കിയിരിക്കയും,
എന്തിനിങ്ങനെ വായനയ്ക്കു നിനക്കുമില്ലു നടപ്പെടോ;
ചിന്തയില്ല പഠിച്ചിലെങ്കിലടിക്കുമെന്നൊരുഭാവവും
വീണയങ്ങരികത്തുവച്ചു പഠിത്തമെട്ടു നടിക്കയും,
കാണിനേരമില്ലയ്ക്കിലാഗ്ഗുരു താഡനങ്ങൾ കൊടുക്കയും.
ഇങ്ങനേയൊരുശിഷ്യനുംഗുരുവും പെരുത്തൊരുകൈതവാൽ
അങ്ങുവാണു പുരത്രയം സ്വരൂപിക്കുമാൽത്തറമണ്ഡപേ.

മഹർഷിശിഷ്യന്മാർ അവിടെ താമസിച്ചുവരവെ, ത്രിലോകങ്ങളുടേയും മുടിവിന്റെ ആയിരം വർഷം അവസാനിച്ചു. ബ്രഹ്മാവിന്റെ സന്നിധിയിൽ ചെയ്ത വാഗ്ദാനം അനുസരിച്ച് ത്രി

പുരന്മാർ ഒരുമിച്ചു സ്വല്പകാലം ഒരുമിക്കിൽ താമസിക്കേണ്ട കാലമായി. പൊൻപുരവും ഇരുമ്പാലയവും ഭൂലോകത്തിലേക്കു നീങ്ങി, വെള്ളിക്കോട്ടയുമായി കൂട്ടിമുട്ടി. ബൗദ്ധന്മാരായ മഹർഷിയും ശിഷ്യനും താമസമുറപ്പിച്ചിരുന്ന വലിയ വടവൃക്ഷത്തിന്റെ സമീപത്തെത്തി. അവർ സ്വല്പകാലം ഒരുമിച്ചു താമസിക്കാമെന്നു വച്ചിട്ടുള്ളതു് അവിടെയാണ്. അവർ അവിടെവന്നു് ഏതാനും ദിവസങ്ങൾക്കകം, ആലിന്റെ ചുവട്ടിൽ ബൗദ്ധന്മാരായ ഗുരുശിഷ്യന്മാർ താമസമുള്ള വിവരം അറിഞ്ഞു് അവിടെ എത്തി. "ഈശ്വരൻ ഇല്ല, തപസ്സുകൊണ്ടു യാതൊരുപയോഗവും ഇല്ല; മരണത്തോടുകൂടെ മനുഷ്യന്റെ കഥ തീൎന്നുപോകുന്നു" എന്നു് ബൗദ്ധന്മാർ ഉപദേശിച്ചിരുന്ന വിവരം, ത്രിപുരന്മാർ കേട്ടറിഞ്ഞിരുന്നു. എന്നാൽ ബ്രഹ്മാവുകൊടുത്ത വരങ്ങൾകൊണ്ടും, ശ്രീപരമേശ്വരന്റെ പ്രത്യേക അനുഗ്രഹംകൊണ്ടും മൂന്നുലോകങ്ങളും ജയിച്ചു മടങ്ങിയിരിക്കുന്ന അവൎക്കു്, ഈശ്വരനില്ല എന്നു പറയുന്നവരുടെ മൌഢ്യം ഒരു വലിയ നേരംപോക്കായിത്തോന്നി. മൂഢന്മാരായ ആ ബൗദ്ധവിദ്വാന്മാരുടെ ജ്ഞാനത്തിന്റെ ഗതി എത്ര അബദ്ധമായിരിക്കുന്നുവെന്നു അറിയാമെന്നുള്ള കരുതലോടുകൂടിയാണ് ത്രിപുരന്മാർ ആൽത്തറയ്ക്കൽ എത്തിയതു്: മഹർഷിമാരെ ദൂരെ കണ്ടപ്പോൾതന്നെ, ത്രിപുരന്മാർ തമ്മിൽ തമ്മിൽ ഇങ്ങനെ പറഞ്ഞു പരിഹസിച്ചു.—

"നോക്കെടാ! ഒരു മൂപ്പരിന്നിഹ വന്നു കൂടിയതാരെടാ!
നീക്കമില്ലൊരുശാസ്ത്രിയായതുപിന്നെ നല്ലൊരുശിഷ്യനും
ബൗദ്ധനെന്നിഹതോന്നു മാകൃതി കാണുകിൽ പുനരെത്രയും,
വൃദ്ധനെത്രനടന്നു വന്നതു നോക്കിലെത്രയുമത്ഭുതം

പിന്നെ മഹൎഷിമാരോടായി അവർ ഇങ്ങനെ പറഞ്ഞു:—

"ഗ്രന്ഥിയായ ഭവാനുടേ കുലമേതെടാ ഗൃഹമേതെടോ?
ബന്ധമെന്തിഹ! വന്നിരിപ്പതിനെന്തുപോരു തനിക്കെടോ?
ഗ്രന്ഥമെന്തു പുരാണമോ? അഥ കാവ്യമോ?ബത ശാസ്ത്രമോ?
സിന്ധുപോലെ പെരുത്ത വിദ്യയിലേതിലിങ്ങു പരിശ്രമം"

വൃദ്ധൻ

"വീരരാകിയ നിങ്ങൾ മൂവരുമത്ര വന്നു വസിക്കെടോ!
സാരമാകിയ ബൗദ്ധശാസ്ത്രമിതെത്രയും പുനരുത്തമം
നേരതെന്നുനിനയ്ക്കിലിന്നിതുകൊണ്ടു വേണമശേഷവും
സാരബുദ്ധിതരിമ്പുമില്ലിഹ നിങ്ങൾ മൂന്നുജനത്തിനും
ആരുചൊല്ലിയതിങ്ങനേ ബത! മൂഢമുദ്രയുടങ്ങുവാൻ
ചാരമിങ്ങനെ നല്ലമേനിയിലാശു പൂശിയതെന്തെടോ?
ചേരുമെന്നുപറഞ്ഞതാരിഹ നീരസങ്ങൾ തുടങ്ങൊലാ
പുസ്തകങ്ങളിലൊന്നിലും പുനരിത്തരം വിധിയില്ലെടോ,

വസ്തുബോധവുമില്ല നിങ്ങടെ നാട്ടിലെങ്ങുമിതെന്തെടോ?
വിസ്തരിച്ചു പറഞ്ഞു കേൾക്കണമെങ്കിലിന്നുമഹോത്സവം
പുസ്തകങ്ങളിലുള്ളതൊക്കെ മനസ്സിലുണ്ടു നമുക്കെടോ?
കാമവും പുനരത്ഥവും പുരുഷാത്ഥമിങ്ങനെ രണ്ടെടോ
ഭൂമി വെള്ളവു മഗ്നി വായുവുമെന്നു നാലിഹഭൂതവും
മോക്ഷമെന്നൊരുവസ്തുവില്ലതിനാരുസാക്ഷിയെ നോക്കണം
കാൽക്ഷണംകളയാതെതന്നെസുഖങ്ങളൊക്കെ വരുത്തണം
ഭള്ളുകാട്ടിഞെളിഞ്ഞിരുന്നുതപസ്സുചെയ്തു വിശന്നുതാ-
നുള്ള കാലമൊടുക്കുവാൻവിട്ടഭോഷനെന്നിയേ തോന്നുമോ?
കള്ളുമൊട്ടുകുടിക്കണം സുഖമുള്ളടിക്കിലിരിക്കണം
വെള്ളവെററില ജാതിപത്രികപാക്കുതുക്കുപുകേലയും
ഉള്ളനാളിലിളയ്ക്കൊലാ ചിതമല്ലിതെന്നു നിനയ്ക്കൊലാ
ശങ്കവേണ്ടമനക്കുരുന്നിലൊരക്കലും പുരവീരരേ!
ശങ്കരപ്രിയരെന്നു ചൊല്ലിനിനച്ചു ശിംകുകളിക്കൊലാ;
എങ്കിലൊന്നുധരിക്കണംശിവനെന്നൊരീശരനില്ലെടോ
എങ്കൽനിന്നുധരിച്ചുകൊൾക സമസ്തശാസ്ത്രവുമിപ്പൊഴേ.
അമ്പിളിക്കലചൂടുവോൻ,മലരമ്പനെക്കൊലചെയ്തവൻ
തുമ്പമാലയണിഞ്ഞവൻ, പല പാമ്പുകൊണ്ടു ചമഞ്ഞവൻ
ഇത്തരം പലതുംപറഞ്ഞതു ഭോഷ്കതന്നെയതിന്നു,ഞാൻ
ഉത്തരം പറയുന്നനേരമൊരുത്തനിങ്ങുരിയാടുമോ?'

ഈശപരവശ്വാസത്തെ നശിപ്പിക്കുന്ന ആവക ആശയങ്ങളും, പ്രത്യേകിച്ചു പരമശിവനെക്കുറിച്ചു പ്രസ്താവിച്ച അഭിപ്രായങ്ങളും ത്രിപുരന്മാരെ അത്യധികം ക്ഷുബ്ധന്മാരാക്കി. അവരുടെ മറുപടി:—

"സധുവായഭഗവാനെ ദൂഷ്കുന്നതെടാ മൂഢ!
ബോധിവൃക്ഷത്തറമേൽനിന്നിറങ്ങിപ്പോകവൈകാതെ,
മൂഢനായ ബൗദ്ധനേതും,ശുദ്ധിയില്ല,ബുദ്ധിയില്ല,
മുഗ്ദ്ധചണ്ഡമൂഢനെക്കൊണ്ടബദ്ധങ്ങൾ പറഞ്ഞെന്നാൽ
ഭക്തരായ ഞങ്ങൾ കേട്ടാൽ ക്ഷമിക്കില്ലെന്നറിഞ്ഞാലും,
ഭക്തിമുക്തിപ്രദൻ, സാക്ഷാൽജഗന്നാഥൻ, മഹാദേവൻ
ശങ്കരൻ, പാവ്വതീകാന്തൻ കാമവൈരി,കാലകാലൻ,
തിങ്കൾമൌലി, കാളകണ്ഠൻ, ഞങ്ങടെതമ്പുരാനല്ലോ.
ദോഷവാക്കുപറഞ്ഞെന്നാൽ നാക്കുഖണ്ഡിച്ചുപോമിപ്പോൾ
ഭോഷനായ മൂത്തബൌദ്ധ! നടക്കശിഷ്യനുംതാനും;
ദോഷവാക്കുപറഞ്ഞാലും, നിനച്ചാലും ശ്രവിച്ചാലും,
ദോഷമുണ്ടെന്നറിക നീ,മൂഢനെന്തും ബോധമില്ല,
പത്തുനൂറുവയസ്സായിട്ടൊരുവസ്തുതിരിയാത്ത
മൂത്തമാപ്പിളയ്ക്കു ചാകാൻ മനസ്സില്ലാത്തെതുകഷ്ടം!

കൃത്തിവാസസ്സിനെക്കൊണ്ടു ദൃഷിച്ചെന്നാലിന്നുതന്നെ
മൃത്യുനിങ്ങൾക്കിരുവക്കുമേട്ടത്തു സംശയമില്ല.
എന്നിങ്ങനെയായിരുന്നു; അവർ ഉപന്യസിച്ചതിന് വൃദ്ധമഹ
ൎഷി മന്ദഹാസം ചെയ്തു വീണ്ടും പറഞ്ഞു.
'മൂപ്പുരന്മാർക്കിതുകേട്ടാലെന്തുബന്ധംമനോക്കൊമ്പിൽ
അപ്രിയംസംഭവിപ്പാനെന്നതുചൊല്ലാംപരമാൎത്ഥം
ഗാത്രവും, ശ്രോത്രവും, പിന്നെ നേത്രവും, ജിഹ്വയും ഘ്രാണം
പാൎത്തുകണ്ടാലിവയഞ്ചും ഇന്ദ്രിയങ്ങളറിഞ്ഞാലും.
അഞ്ചുകൊണ്ടുംശിവനുണ്ടെന്നറിവാനിന്നെളുതല്ല
പഞ്ചഭൂതാത്മകമായ ദേഹവുംദേഹിയുമില്ല,
കുതിരയ്ക്കുരണ്ടുകൊമ്പുണ്ടെന്നൊരുത്തൻപറഞ്ഞെന്നാൽ
അതുതന്നെവിശ്വസിപ്പാൻ കണക്കുണ്ടോ പുരന്മാരേ?
മതികൊണ്ടുവിചാരിച്ചുത്യജിച്ചാലും മോഹമെല്ലാം
ചത്തവൻെറപ്രസാദത്തെ വരുത്താമെന്നുവെച്ചിട്ടു
ചാത്തമൂട്ടുന്നതുംപിന്നെപ്പാഴിലെന്നുധരിച്ചാലും
കാററുതട്ടിവിളക്കങ്ങു കെട്ടുപോയാലതിൽപിന്നെ
ആററലോടെവെളിച്ചെണ്ണ പകൎന്നാൽകത്തുമാറുണ്ടോ?
ജീവനോടെവസിക്കുന്നകാലമെല്ലാം ഭവിച്ചീടും
കേവലംമാനുഷന്മാൎക്കു ദുഷ്കൃതവുംസുകൃതവും
ജീവനാശംവന്നുപോയാലൊരുവസ്തു പിന്നെയില്ല
മോക്ഷലോകപ്രാപ്തിയെന്നു പറവതുഘോഷകതന്നെ"
ത്രിപുരന്മാരുടെദ്വേഷ്യം അടങ്ങുന്നതും മനസ്സ് ഈശ്വരവി
ശ്വാസത്തിൽനിന്ന് ഇളകിത്തുടങ്ങുന്നതും മുഖഭാവംകൊണ്ടു മനസ്സി
ലാക്കിയ മഹൎഷി തൻെറ പ്രസംഗം ഇങ്ങനെ തുടൎന്നു:—
"പട്ടിപോലെവിശന്നോരോ കോട്ടിലെല്ലാംനടന്നല്പം
കിട്ടിയ തണ്ഡുലംകൊണ്ടു വീട്ടിൽവന്നങ്ങൊരുനേരം
പൊട്ടിയൊരുകലംതന്നിലിട്ടു വെള്ളംപകൎന്നോരം
ഒട്ടൊന്നാൽവാങ്ങിവച്ചു ചുട്ടകഞ്ഞികുടിച്ചിട്ടു
കുട്ടികൾക്കുംകൊടുത്തോതും കൂട്ടുവാനില്ലായ്കമൂലം
പട്ടിണി പ്രായമുള്ള കഷ്ടകൎമ്മമനുഭവി-
ച്ചോട്ടുകാലംദുരിതത്തിൽ പെട്ടിലകും മനുജൻെറ
സ്പഷ്ടമായിട്ടിഹലോകചേഷ്ടിതങ്ങൾ കണ്ടുകൊൾവിൻ
അത്രയുമല്ലിനിച്ചൊല്ലാം ചിത്രമായ വിശേഷങ്ങൾ
മാത്രമൈശ്വൎയ്യമുണ്ടെന്നാൽ ധാത്രിയിലീശ്വരൻതന്നെ.
സൂൎയ്യനെന്നിയേ മററുദൈവമില്ല നമുക്കിപ്പോൾ
കാൎയ്യം ഞാൻ പറയുന്നേൻ നേരുകേടെന്നുതോന്നേണ്ട
ആൎയ്യന്മാമിയായുള്ള ചാൎവ്വാകഭഗവാൻെറ

സാരമാം മതം തന്നെ മിതമെന്നു ധരിച്ചാലും.
കാണുന്ന വസ്തുവെല്ലാം പരമാർത്ഥം ജഗത്തിങ്കൽ
കാണാത്ത വസ്തുവെല്ലാം ഭോഷ്ക്കുതന്നെ പുരന്മാരേ!
വേണം സ്വർഗ്ഗമെന്നെല്ലാം നിരൂപിച്ചു തപംചെയ്തു—
ലൂണുംനാസ്തിയാമല്ലാതൊരു വസ്തു ഫലത്തില്ല
നോററും കൊണ്ടൊരു കൂട്ടം താപസന്മാർ വനംതോറും
കാററുംകൊണ്ടിരിക്കുന്നു കൊററിനില്ലായ്കകൊണ്ടത്രെ.
മാററികൾക്കിന്നിതല്ലാതെ ചെററു മുററുംഫലമില്ല
ക്രൂരകാര്യമവർക്കില്ല, ദുരിതംകണ്ടുകൊണ്ടാലും
മോഹങ്ങൾതുടങ്ങാതെ ദേഹങ്ങൾധരിക്കേണ്ട
ദേഹങ്ങൾ നശിക്കുമ്പോൾ ദേഹികൾക്കുകൂടെനാശം
ആഹാരംകഴിച്ചുംകൊണ്ടാഹാ! യെന്നിരിക്കേണം
സ്നേഹികളും ജനങ്ങളിൽ സ്നേഹവുംഭവിക്കേണം
ശിവനെന്നും വിഷ്ണുവെന്നും ഇവ ചിന്തിച്ചിരുന്നെന്നാൽ
അവരെക്കൊണ്ടൊരുകാര്യം ഭുവനവാസികൾക്കില്ല.
കൈയിൽപുണ്ണിനു പിന്നെ കണ്ണാടികൂടെവേണോ?
കൈയിൽഗ്രന്ഥമുണ്ടല്ലോ, പഠിപ്പിക്കാംവേണമെങ്കിൽ
അയ്യോ! നിങ്ങടെജന്മം പാഴിലായെന്നതേവേണ്ടു
പൊയ്യല്ലപറയുന്ന ശാസ്ത്രബോധം ചെററുമില്ല.''

താരകാക്ഷനും, കമലാക്ഷനും, വിദ്യുന്മാലിയും ഈശപരവിശ്വാസം ഉപേക്ഷിച്ചു എന്നു് ദിവ്യദൃഷ്ടിമൂലം അറിഞ്ഞ മായാമനുഷ്യൻ പ്രസംഗം അവസാനിപ്പിച്ചു. ത്രിപുരന്മാർ എത്രയും ഭക്തിപൂർവം മഹർഷിയെ ആചാരംചെയ്തു് ഇങ്ങനെ ഉണർത്തിച്ചു.

"ശാസ്ത്രങ്ങളെടിയങ്ങൾക്കു മാത്രം ഗ്രഹിക്കേണം
ശാസ്ത്രിയാം ഭവാൻതന്നെ ഗുരുഭൂതനിനിമേലിൽ"

ഗുരു, ഉടനെ ശിഷ്യസന്യാസിയുടെ കൈയിൽനിന്നു ഗ്രന്ഥം വാങ്ങി താരകാക്ഷന്റെ കൈയിൽ കൊടുത്തു. നിരീശ്വരവാദത്തെ പ്രബലപ്പെടുത്തുന്ന പല സിദ്ധാന്തങ്ങളേയും പ്രസ്പഷ്ടമാക്കി. കൂടാതെ ഈമതത്തിന്റെ മാഹാത്മ്യത്തിനു സാക്ഷിയായി മഹർഷി ഒരു അതിശയവും കാണിച്ചുകൊടുത്തു. അദ്ദേഹം ഒരുകൈയിൽ വെള്ളമെടുത്തുജപിച്ചു തളിച്ചപ്പോൾ ആ വലിയ വടവൃക്ഷം ഭസ്മമായി; വീണ്ടും തളിച്ചപ്പോൾ അതു വീണ്ടും മുളച്ചുവളന്നു് തഴച്ചു. ഈശ്വരന്റെ ബുദ്ധിയുടെ ഗതിയുടെ രഹസ്യം ആക്കറിയാം? ത്രിപുരന്മാർ ശിവനെ ഉപേക്ഷിച്ചു. ശ്രീപരമശിവനെക്കൊണ്ടു് ആയുസ്സിന്റെ സർവ്വഭാഗ്യങ്ങളേയും അനുഭവിച്ച അവർ "ശിവനില്ല" "ശിവനില്ല" എന്നു ജപിക്കുവാനും പ്രസംഗിക്കുവാനും, തുടങ്ങി. കഴുത്തിൽനിന്നു് അവർ ശിവലിംഗംപറിച്ചു ദൂരെയെറിഞ്ഞു; രുദ്രാക്ഷംകല്ലു

കൊണ്ടു ഇടിച്ചുപൊടിച്ചു, പുലിത്തോൽ കീറിച്ചുട്ടു, ജടാഭാരങ്ങളെ കണ്ടിച്ചു് തൊണ്ടിലെറിഞ്ഞു, ശിരസ്സു മുണ്ഡമാക്കി, ശരീരത്തിൽ നിന്നു വിഭൂതിയെല്ലാം കഴുകിക്കളഞ്ഞു. ഇത്രയും കണ്ടഉടനെ, സാധിക്കേണ്ടതായി മറെറാന്നും ഇല്ലാഞ്ഞതിനാൽ ഒരു തൽക്കാലകാൎയ്യമുണ്ടാക്കി ഗുരുശിഷ്യന്മാർ അവിടെനിന്നുമാറി.

ത്രിപുരന്മാർ, ഭൂലോകത്തു നിരീശ്വരന്മാരായി നടക്കുന്നകാലത്തു് ഒരുദിവസം നാരദമഹാമുനി കൈലാസത്തിൽ പ്രത്യക്ഷനായി. മഹേശ്വരൻ ഉടനെ അദ്ദേഹത്തെ ആസനം കൊടുത്തു് ഉപചരിച്ചശേഷം വൎത്തമാനങ്ങൾ ചോദിച്ച കൂട്ടത്തിൽ നാരദൻ ഇങ്ങനെ പ്രസ്താവിച്ചു.

"ചന്ദ്രചൂഡ! ഭഗവാനേ! വന്നകാൎയ്യമുണൎത്തിക്കാം.
ചന്ദനമെന്നോൎത്ത വൃക്ഷം കാഞ്ഞിരമായ്തീൎന്നിതിപ്പോൾ
മാലയെന്നു നിനച്ചേവം, വിശ്വസിച്ച വസ്തുവെല്ലാം
കാളസൎപ്പങ്ങളുമായി, കാലദോഷത്തിന്റെമൂലം
ഇത്രനാളും ഭക്തരായി നടന്നോരാത്രിപുരന്മാർ
എത്രതന്നെ ഭഗവാനെ ദുഷിക്കുന്നു കശ്മലന്മാർ
അക്ഷസൂത്രം ശിവലിംഗം വ്യാഘ്രചൎമ്മമിവയെല്ലാം
രക്ഷയും തൽക്ഷണം ദൂരത്തുപേക്ഷിച്ചു കശ്മലന്മാർ
ശിവനെന്നുള്ളനാമത്തെക്കേട്ടുകൂടാതൊരിക്കലും
ശിവനില്ല ശിവനില്ലെന്നോൎത്തപോലെ ജപിക്കുന്നു.
ഒരുകൂട്ടം ബൌദ്ധശാസ്ത്രം ഉളവാക്കി വഴിപോലെ
ഗുരുവായിട്ടൊരുവിദ്വാൻ താനിരുന്നു പഠിപ്പിച്ചു.
പരമാൎത്ഥമിവയെല്ലാമുരച്ചു കാമലീലയ്ക്കാ-
യൊരുമ്പെട്ടു ത്രിപുരന്മാർ മറന്നു നിൻചരിതങ്ങൾ
ദുഷ്ടതയ്ക്കു വിരുതുള്ള ത്രിപുരന്മാരുടെക്കൂട്ടം
കഷ്ടമെന്നേ പറയാവൂ! കാലകാല! ഭഗവാനേ!"

പരമശിവന്റെ മുഖം കറുത്തു. സ്വന്തം മക്കളെപ്പോലെ രക്ഷിക്കപ്പെട്ടുവന്ന ത്രിപുരന്മാർ 'ശിവനില്ല' എന്നു പ്രസംഗിക്കുകയോ? രുദ്രന്റെ കോപം ജ്വലിച്ചുതുടങ്ങി.—

"ഭ്രൂകുടിവടിവിലുയൎന്നു വന്നു
ചടുലമുടലുമുടൻ വളൎന്നു
ഝടിതി നയനമുടൻ ചുവന്നു,
ഝടിതി സുരനദി തന്നിലെന്നും
തിരകളിളകിമറിഞ്ഞുലഞ്ഞു,
കടകഭുജഗഗണമുണൎന്നിരുന്നു
കഠിനവിഷനികരം ചൊരിഞ്ഞു,
തുടകളിടയുമുടൻ കുലുങ്ങി,

തുടയിൽഗിരിമകളുംനടുങ്ങി"

ശിവൻ, ശൂലമെടുത്തു, കഠാരമെടുത്തു; അദ്ദേഹത്തിൻെറ ഭാവഭേദംകണ്ടു്ഭൂതവൃന്ദംഇളകി.

"ഭൃംഗിരടി,തുംഗകേതു,ഭൃംഗിയുംഭൃംഗനാം പിന്നെ
കൃഷ്ണവർണ്ണൻ,ലോകകർണ്ണൻ,ജംബുകീടൻ,വ്യാഘ്രകേശി,
വിരനാകുംവീരഭദ്രൻ, വീരസിംഹോദരൻതാനും,
അരിതാരമരച്ചാത്തു,മുഖത്തുതേച്ചൊരുകൂട്ടം,
അരികൊണ്ടുംകരികൊണ്ടും വരച്ചുംകൊണ്ടൊരുകൂട്ടം
മരത്തിൻെറതോലുകൊണ്ടങ്ങുടുത്തുംകൊണ്ടൊരുകൂട്ടം,
നൂറുംമഞ്ഞളുംകൂട്ടിയണിഞ്ഞുംകൊണ്ടൊരുകൂട്ടം"

എല്ലാവരുടേയും പുറപ്പാടായി: —

"കൃത്തിവാസോ"മഹാദേവൻ ചിത്തകോപംസഹിയാഞ്ഞു
വെട്ടിവെട്ടിച്ചിരിക്കുമ്പോളെട്ടുദിക്കും നടുങ്ങുന്നു
തട്ടിമുട്ടിത്തകർക്കുന്നു, ഭൂതജാലങ്ങളന്നേരം.
കാലുകൊണ്ടു മഹാരുദ്രൻനാലുഭാഗേചവിട്ടുമ്പോൾ
ശൈലമെല്ലാംവിറയ്ക്കുന്നു, നാലുപാടുംനടുങ്ങുന്നു"

ക്രുദ്ധമായ ആ സംഘം കൈലാസത്തിൽ നിന്നു് ഇറങ്ങി. അപ്പോൾ അവിടെ കാണായതു്, സമുദ്രം കയറിപ്പരന്നതുപോലെ നിരന്നുനില്ക്കുന്ന മുപ്പത്തുമുക്കോടി ദേവന്മാരെയാണു്. വിഷ്ണുഭഗവാൻെറ ആജ്ഞയനുസരിച്ചു വൈകുണ്ഠത്തിൽനിന്നു്, സങ്കടംപറയുവാൻ കൈലാസം പ്രാപിച്ചിരുന്ന ദേവന്മാർ, അപ്പോഴും ശങ്കരസ്തുതി ചെയ്തുകൊണ്ടു് അവിടെ നില്ക്കുകയാണു. പരമശിവൻപ്രത്യക്ഷനായതുകണ്ടു്, ആ സങ്കടക്കാർ വീണ്ടുംവീണ്ടും നമസ്കരിച്ചുജപിച്ചു.

"ചന്ദ്രചൂഡ! നമോസ്തുതേ!ഹര!ഗൗരിനാഥ!നമോസ്തുതേ!
ബാലചന്ദ്രവിഭൂഷണ! ഹര!നീലകണ്ഠ!നമോസ്തുതേ!
ലോകനാഥ! നമോസ്തുതേ!നിഖിലേശ!കാമവിനാശന!
കാലകാല!നമോസ്തുതേ!കരുണാനിധേ!ശരണംഭവാൻ

അടിയങ്ങടെ നാടുകൾവീടുകളും
മുടിയുന്നതുപോററി ധരിക്കണമേ.
പടുപാഴരനേകമൊരായിരവും
പടനായകരാം പട്ടുദാനവരും
ഉടനേ പുരദാനവകണ്ടകരും
വടിവോടുമുടിച്ചുജഗത്തഖിലം.
അവരോടുപടയ്ക്കിഹ നേരിടുവാൻ
ഭുവനത്തിലൊരുത്തനുമില്ലദ്ധ്രുവം.
അനന്തതിനൊരുത്തനുമില്ലഭവാൻ,
ഇവയൊക്കെയറിഞ്ഞു തുണെയ്ക്കണമേ!,

മറിമാൻ, മഴു, ശ്ശൂലം, കട്ടുന്തുടിയും,
മണി, വട്ടക, മാല, കപാലമതും,
ജടയിൽകുടികൊണ്ടിടുമാപഗയും,
തുടയിൽഗിരിതന്നുടെ കന്യകയും
നടനങ്ങളുമെന്നിവ, നിൻചരിതം
അടിയങ്ങടെ ചേതസി തോന്നണമേ!
പടതോററു മടങ്ങി ജഗത്തഖിലം
തടവില്ലൊരു ഭിക്ഷയു ക്കമഹോ!"

"സംഗതി ഞാൻ ഭരമേററിരിക്കുന്നു. നിങ്ങൾ വില്ല്, അസ്ത്രം, രഥം മുതലായവ സന്നദ്ധമാക്കിത്തന്നാൽ മതിയാവും. ശങ്കരദ്വേഷികളോട്ട് ഞാൻതന്നെ യുദ്ധംചെയ്തുകൊള്ളാം" എന്നു പരമശിവൻെറ അരുളപ്പാടുകിട്ടി; ദേവന്മാർ അത്യധികം സന്തോഷഭരിതന്മാരായി; അവർ യോഗം കൂടി ദീർഘാലോചനചെയ്ത് ശാസ്ത്രവിധി അനുസരിച്ച് ആവശ്യപ്പെട്ട സന്നാഹങ്ങളെ സൃഷ്ടിച്ചു. എന്നാൽ പരീക്ഷയിൽ അതുകളൊക്കെയും നിരുപയോഗങ്ങളെന്നുകണ്ട്, ശ്രീപരമേശ്വരൻതന്നെ ആയുധങ്ങളെ നൂതനമായി തയാർചെയ്തു.

"മേരുശൈലാധിപൻതന്നെ, മൂലമോടെപിഴുതാശു
താലവൃക്ഷക്കഴപോലെ, നിവത്തിനിത്തിനാൻ പിന്നെ
ചാലവേ തന്നിടംകയ്യിലാക്കിനാൻ ശ്രീമഹാദേവൻ
ഭാസുരമാം കരംതന്നിൽ കടകമായ്കിടക്കുന്ന
വാസുകിയോടരുൾചെയ്തു ഭഗവാൻശ്രീമഹാദേവൻ
താരകൻെറ സുതന്മാരാം പുരന്മാരെക്കൊലചെയ്യാൻ
മേരുശൈലം ചാപമാക്കി കുലപ്പാനായ്തുടങ്ങുന്നു.
വിരനായ വാസുകേ!നീ ചരടു ഞാണായ് ചമഞ്ഞാലും
ശങ്കരൻെറ അരുളപ്പാടതുകേട്ടു സപ്പരാജൻ
കങ്കണത്വം വെടിഞ്ഞാശു വളൎന്നു കാണായിവന്നു.
തുങ്കശൈലാധിപൻതൻെറ ശിരസ്സിങ്കൽകെട്ടുപെട്ടു
വൻകയറായ്നീണ്ടുനീണ്ടു, ആറുന്തൂറായിരംകാതം,
ഭൂമിദേവിരഥമായി, വിരിഞ്ചൻ സാരഥിയായി
സോമനും സൂര്യനും രണ്ടു വണ്ടിയായിച്ചേൎന്നുകൂടി,
നാലുവേദങ്ങളും നാലുകുതിരകളായ് ചമഞ്ഞു
മൂലമന്ത്രസ്വരൂപമാം പ്രണവം, ചമ്മട്ടിയായി
തരത്തിൽകൂവരെക്കൊണ്ടു, ശാംനിത്തുരംഗദേവൻ
സപ്പജാലം പല കൂടി, ചട്ടയായി തൊപ്പിയായി
കെല്പിനോടേ പടക്കൊട്ടും, കൊട്ടിനാനാ നന്ദികേശൻ-"

യുദ്ധംതുടങ്ങി:—

‘മേരുശൈലം വളച്ചു പിടിച്ചു;
മാരവൈരി വലിച്ചു കുലച്ചു;
അമ്പെടുത്തു തൊടുത്തു നിറച്ചു;
അമ്പിളിക്കല മിന്നിവിറച്ചു;
കമ്പമേററം ജഗത്തിനുറച്ചു,
ചമ്പകബാണവൈരി മദിച്ചു;
ആറലച്ചു, ക്രൂറ ഉച്ചു,
ആഹവത്തിന്നു മോഹമുറച്ചു.
കാളകണ്ഠശരീരം വളൎന്നു
കാളിക്കൂളികളേററമിയന്നു.”

ശിവന്റെ ഫാലനേത്രത്തിൽനിന്നു പുറപ്പെടുന്ന തീനാമ്പുകളുടെ അഗ്രങ്ങൾ ഭൂലോകത്തു ആൎത്തറയിൽ വ്യാപിച്ചു, ജ്വലിച്ചു. നിനച്ചിരിയാത്ത സമയം, നിനച്ചിരിയാത്തവിധത്തിലുള്ള മൂട്ടതട്ടി, ത്രിപുരന്മാർ, നിലവിളിച്ചു; ഭ്രമിച്ചു, ഉഷ്ണിച്ചു; കരിഞ്ഞു; ചാമ്പലായി. ലോകോപദ്രവികളായിരുന്ന ത്രിപുരന്മാരുടെ സ്മാരകമായി ശേഷിച്ചതു ഒന്നുരണ്ടിടങ്ങഴി ചാരം മാത്രമായിരുന്നു.

---

## IV

## കൃഷ്ണാൎജ്ജുനവിജയം.

സ്വാന്തവിക്രമംനിമിത്തവും ദേവേന്ദ്രന്റെ ഒരു വലിയ ബന്ധുവായിരുന്നതുനിമിത്തവും സാമാന്യം ഗൎവ്വിഷ്ഠനായിരുന്ന ഗയൻ എന്ന ഒരു ഗന്ധൎവ്വൻ, ഒരുദിവസം കുതിരപ്പുറത്തു് ആകാശത്തുകൂടെ സഞ്ചരിക്കുമ്പോൾ ഗതിവേഗത്തെ അധികമാക്കുവാനായി കുതിരയെ ചമ്മട്ടികൊണ്ടു് ഒന്നടിച്ചു. മൃഗത്തിന്റെ വായിൽനിന്നു നുര ധാരാളമായി വീഴുകയുണ്ടായി. ശ്രീകൃഷ്ണൻ ദ്വാരകാധിപനായിരിക്കുന്ന കാലമായിരുന്നു, ആ സംഭവം നടന്നതു്. പ്രഭാതസ്നാനംകഴിഞ്ഞു് അദ്ദേഹം കുളക്കരയിൽ കിഴക്കോട്ടുതിരിഞ്ഞുനിന്നു സൂൎയ്യനെനോക്കി ജപിച്ചുകൊണ്ടു നില്ക്കവേ, നീട്ടിപ്പിടിച്ചിരിക്കുന്നകൈകൾക്കകത്തു നില്ക്കുന്ന വെള്ളത്തിലേക്കു 'ബ്ലു ളിൻ' എന്നു് ആ അശുചിവിസൎജ്ജനം ആകാശത്തുനിന്നുവീണു. അമംഗളമായ ആ സംഭവംനിമിത്തം വെള്ളംദൂരെക്കളഞ്ഞു കൈകൾകഴുകി മനസ്സുചെറുത്തു, ക്ഷുഭിതനായി നുരയുടെവരവു അറിയുവാൻ അദ്ദേഹം ആകാശത്തേക്കുനോക്കി. ധിക്കാരത്തോ

ട്ടു കൂടെ ഗയൻപോകുന്നു. ദ്വാരകയുടെ സ്ഥാനം നല്ലവണ്ണം അറിയാവുന്ന ഗയൻ ആ സ്ഥാനത്തു സൂക്ഷിക്കാതെ പോവാൻ ഇടയായതു്, അവിടെ പ്രത്യേകിച്ചൊന്നു സൂക്ഷിക്കേണ്ട ആവശ്യമില്ലെന്നു അയാൾ ഉദ്ദേശിച്ചതിനാൽ ആയിരിക്കാം. ഏതായാലും ദ്വാരകാധിപന്നു ദ്വേഷ്യം സഹിക്കവഹിയാതെ ആയി. അദ്ദേഹത്തിന്റെ ശരീരം വിറച്ചു. ആകാശത്തെ ലക്ഷ്യമാക്കി ഇങ്ങനെ അരുളിച്ചെയ്തു:—

"ദുർന്നയമാനസ! ഗന്ധർവേശ!
നന്നിഹ നിന്നുടെ യജമാനത്വം,
ഇന്ദ്രൻ സഖിയെന്നോർത്തിഹ നമ്മെ
നിന്ദിച്ചതു മതി കുതുകം തന്നെ!
ധിക്കാരത്തൊടു നമ്മുടെ നേരേ
വക്കാണത്തിനു വന്നതു കൊള്ളാം.
ഒട്ടും സംശയമെന്നിയെ നിയമം,
മുട്ടിച്ചതു നീയെന്നതു മൂലം
കർക്കശമാനസ! നിൻ തലനമ്മുടെ
ചക്രംകൊണ്ടു മുറിച്ചേ വിടു ഞാൻ.
മുട്ടിയ നിയമംചെയ്യാൻ നിൻതല
കിട്ടിയ പിമ്പേ ഭാവവുമുള്ളൂ.
ഇന്ദ്രൻ താനും മററുള്ളോരും
വന്നു തടുപ്പതു കാണാമല്ലോ,
മിത്രം തവ പുനരുണ്ടെന്നാലതു,
ശത്രു നമുക്കൊരു സംശയമില്ല;
വസുദേവാത്മജനായിട്ടിങ്ങനെ
വസുമതിതന്നിൽ വസിക്കുന്നാകിൽ
നിന്നെ വധിച്ചേ കൃഷ്ണനടങ്ങൂ
ഇന്ദുകലാധരപാദത്താണേ."

നിത്യകർമ്മം പൂർണ്ണമാക്കാതെ തന്നെ ശ്രീകൃഷ്ണൻ കൊട്ടാരത്തിലേക്കു മടങ്ങി.

ദ്വാരകയിൽ നടക്കുന്ന കോലാഹലങ്ങൾ അറിഞ്ഞു ഗയൻ ഭയാക്രാന്തനായി നേരെ അമരാവതിയിലേക്കു പോന്നു. ഗയനെ കണ്ടതിൽ വളരെ സന്തോഷിച്ചും, അദ്ദേഹത്തിന്റെ പരിഭ്രമത്തെക്കുറിച്ചു വിസ്മയിച്ചും ഇന്ദ്രൻ ഇങ്ങനെ പറഞ്ഞു:–

"വത്സ! സഖേ! തവ നിസ്സന്ദേഹം
ത്വത്സഖി സുരപതി ഞാനുണ്ടല്ലോ.
സങ്കടമെന്തു ഭവാനുളവായതു
ശങ്കിക്കേണ്ട പറഞ്ഞാലും നീ,
ശൗര്യപരാക്രമമുള്ള ഭവാനതി-

ഭീരുവതാവാനെന്തവകാശം
ദുഃഖം വന്നതു തീപ്പാനല്ലൊ
സഖ്യതയുള്ളവരുതകീടേണ്ടു
ദിക്പാലാധിപനാഥമിഥനിന്നുടെ
ദുഃഖമൊഴിപ്പാൻമതിയല്ലെന്നോ?"

ഗയൻ:—

"ദേവാധിരാജ! നിന്നെസ്സേവിച്ചുപോരുംഞാനും
ദേവകീപുത്രൻകൈയാൽ ചാവാനായ് തുടങ്ങുന്നു.
ശിക്ഷിക്കും കൃഷ്ണനെന്നെ, രക്ഷിച്ചുകൊണ്ടാലുംനീ
രക്ഷ നീയല്ലാതാരും ഇക്ഷിതിതന്നിലില്ല."

ശ്രീകൃഷ്ണനാണ്, ശത്രുവെന്നു അറിഞ്ഞപ്പോൾ, ദേവേന്ദ്രൻ ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ മനോഭാവം പെട്ടെന്നു ഭേദപ്പെട്ടു. അദ്ദേഹം പറഞ്ഞു:—

"കാരുണ്യമൂർത്തി കൃഷ്ണൻ കാരുണ്യലേശംകൊണ്ടു
പാരാതെ ഞങ്ങളേയും പാലിച്ചുമേവിടുന്നു.
വേഗം നീ പോകിടാഞ്ഞാലാപത്തും മയിക്കുമുണ്ടാം.
പാകാരി എന്ന പ്രൗഢിപോയാലും വേണ്ടതില്ല
നന്ദജൻ വരുംമുമ്പേ നിന്നാണപോയാലും നീ
എന്നോടുംകോപമുണ്ടാം നിന്നെയും കണ്ടെന്നാകിൽ"

ഗയൻ ബുദ്ധിക്ഷയിച്ച് അവിടെനിന്ന് ഓടി, ബ്രഹ്മാവിന്റെ അടുക്കലും അതു കഴിഞ്ഞു പരമശിവന്റെ അടുക്കലും സങ്കടം പറഞ്ഞു. എന്നാൽ ശ്രീകൃഷ്ണനു പ്രതികൂലമായി ഒരു വാഗ്ദാനം ചെയ്യാൻ സാധിക്കുന്നതല്ല എന്നുപറഞ്ഞ് അവരും മാറിക്കളയുകയാണു ചെയ്തതു്. ഒരിടത്തും അഭയം ലഭിക്കാതെ സുദർശനചക്രത്തിന്റെ പ്രതാപത്തിനു താൻ ഇരയാവും എന്നു വിനാഴികതോറും ഭയന്നുകൊണ്ട്, ഗയൻ വഴിയിൽ ബുദ്ധിക്ഷയിച്ച് മാർഗ്ഗമദ്ധ്യത്തിൽ വീണുപോയി. എഴുന്നേൽക്കുവാൻ ശക്തിയില്ലാതെയും, പോകുവാൻ സ്ഥലം കാണാതേയും, ആ സാധു നിലവിളിക്കവെ, ശ്രീനാരദൻ ആ വഴിയെവരുവാൻ ഇടയായി. വൃത്താന്തമെല്ലാംതെല്ലുപററി അദ്ദേഹം ചോദിച്ചു. ഗയൻ ഇങ്ങനെ സങ്കടം അറിയിച്ചു:—

"സുരപതിഞാനൊരു ഹയഗളമേറി
സുരപതിസവിധേ പോകുന്നേരം
അച്യുതകരഗത വാരിയിലെന്നുടെ
അശങ്കതന്നുടെമജ്ജപതിച്ചു
ധിക്കൃതമെന്നു നിനച്ചു മുകുന്ദൻ
ചക്രംകൊണ്ടു കഴുത്തുമുറിപ്പാൻ
ഉദ്ധതയോടൊരു സത്യംചെയ്തു

വ്യഗ്രതയിന്നതു തന്നെ മുനീന്ദ്ര!
സുരപതിതാനും പിതൃപതിതാനും
പുരഹരകമലജ ദേവന്മാരും
അരുതരുതെന്നു വെടിഞ്ഞിതു ദൂരെ
കരുണാസാഗര! മാമുനിതിലക!

ശ്രീനാരദൻ കലഹപ്രിയനാണെന്നു പ്രസിദ്ധമാണല്ലോ. അതുല്യബലവാനായ ശ്രീകൃഷ്ണൻ അധികം കോപിച്ചു പുറപ്പെട്ടിരിക്കുന്ന ഈ ഘട്ടത്തിൽ, വില്ലാളികളിൽ ഒന്നാമനായ അർജ്ജുനൻ എതിരിടാമെങ്കിൽ പണ്ടെ കണ്ടിട്ടില്ലാത്ത മാതിരി ഒരു യുദ്ധം കാണാൻ വകയുണ്ടെന്നാണ്, അദ്ദേഹത്തിനു ഉടനെ തോന്നിയതു്. അങ്ങനെ ഒരു യുദ്ധം സാധിക്കുവാനുള്ള മാർഗ്ഗങ്ങൾ മനസ്സുകൊണ്ടു് നിശ്ചയിച്ചു് മഹർഷി ഇങ്ങനെ ഇണക്കി:—

"ഗന്ധർവ്വാധിപ നിന്നെവരിക്കും
കുന്തീസുതനാമർജ്ജുനവീരൻ
പാണ്ഡുസുതന്മാരെവരുമൊത്തിഹ
വാണരുളുന്നിതു ദ്വൈതവനത്തിൽ,
അവിടെച്ചെന്നുടനവരെ നമിച്ചാൽ
അവനംചെയ്യുമവർക്കതു സാധ്യം;
സത്യംചെയ്യണമർജ്ജുനനെന്നോ
വൃത്താന്തങ്ങൾ പറഞ്ഞീടാവൂ,
പാശുപതാസ്ത്രം ശരമുണ്ടവനൊരു
ക്രുസലശേഷം കാണുകയില്ല.
എന്നാലെന്തിനു താമസമിവിടെ
നന്നായ്‌വരിക ഗമിച്ചാലുംനീ"

ആയുസ്സിന്റെ അവസാനം നിമിഷംപ്രതി പ്രതീക്ഷിച്ചിരുന്ന ഗന്ധർവ്വൻ നൂതനമായൊരുആയുസ്സിൽപ്രവേശിച്ചതുപോലെ ഉത്സാഹം പൂണ്ടു ദ്വൈതവനത്തിൽ എത്തി. പാണ്ഡവന്മാരിൽ ഓരോരുത്തരോടായിട്ടും എല്ലാവരോടായിട്ടും പ്രത്യേകിച്ചു് അർജ്ജുനനോടായിട്ടും ഗയൻ അഭയരക്ഷ യാചിച്ചു:—

"അല്ലയോ ധർമ്മപുത്രർ! അങ്ങു് എന്റെ ജീവനെ രക്ഷിക്കണം. ഭീമസേന! നകുല! സഹദേവ! എന്നെ ആപത്തിൽനിന്നു രക്ഷിക്കണേ! അല്ലയോ! ഗാണ്ഡീവധര! പാശുപതപ്രാഭവ! വിജയ! അങ്ങേയ്ക്കു നമസ്കാരം, ഞാൻ അങ്ങേ പാദംപിടിച്ചു് രക്ഷ അപേക്ഷിക്കുന്നു."

കരുണാമൂർത്തിയായ ധർമ്മപുത്രൻ ആ ധർമ്മസങ്കടത്തെ സഹിക്കുവാൻ ആളായില്ല. ആവശ്യപ്പെട്ട ഏതു സഹായവും ചെയ്യുകൊ

ടുക്കേണ്ടതാണെന്നും, ആശ്രിതവാത്സല്യം സോമവംശരാജാക്കന്മാരുടെ ധർമ്മമാണെന്നും അദ്ദേഹം അനുജന്മാരെ പ്രത്യേകം അർജ്ജുനനെ—ഓർമ്മിപ്പിച്ചു. ജ്യേഷ്ഠന്റെ അന്തർഗ്ഗതം അറിഞ്ഞു് അർജ്ജുനൻ ആവശ്യം എന്താണെന്നു ഗയനോടു ചോദിച്ചു. സാമാന്യം ധൈര്യത്തെ പ്രാപിച്ച ഗയൻ നാരദമഹർഷിയുടെ ഉപദേശത്തെ സ്മരിച്ചുകൊണ്ടും വീണ്ടും പാണ്ഡവന്മാരെ നമസ്കരിച്ചുകൊണ്ടും, 'അഭയംതരാം എന്നൊരു പ്രതിജ്ഞ അവർ ആദ്യംതന്നെ ചെയ്യുമെങ്കിൽ മനസ്സുറച്ചു സങ്കടം അറിവിക്കാൻ കഴിയുമായിരുന്നു' എന്നു ഗയൻ ഉണർത്തി. ഭയം എന്നതെന്തെന്നറിഞ്ഞിട്ടില്ലാത്ത അർജ്ജുനന്നു് അതൊരു പ്രയാസമുള്ള കാര്യമായിരുന്നില്ല:—

"മന്ദസ്മിതവുംചെയ്തു കിരീടി
തന്നുടെ വില്ലും ശരവുമെടുത്തു
ശത്രുക്ഷനാർന്നവനെന്നറിയാതെ
സത്യംചെയ്തിതു സുരപതിതനയൻ
യമനിയമാദി ഗുണസ്ഥിതനാകിയ
യമസുതനാം മമ പൂർവ്വജനാണ,
ഗുരുപാദാംബുജയുഗ്മത്താണ,
ഖാണ്ഡവദാഹം ചെയ്തു ലഭിച്ചൊരു
ഗാണ്ഡീവാഹ്വയ ചാപത്താണ,
നിന്നുടെജീവനെ രക്ഷിച്ചീടുവ-
'നിന്നതിനില്ലൊരു സംശയമേതും
ഉൾക്കമലത്തിൽ വിളങ്ങുംനമ്മുടെ
ചക്രായുധനുടെപാദത്താണ
അല്പവുമിഷൽ നമുക്കതിനില്ല
കെല്പോടു സത്യമുരച്ചാലും നീ."

കേൾക്കേണ്ടതു കേട്ടു. ഗയൻ നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞുതുടങ്ങി:—

"വാജിയുമേറി വിയത്തിൽക്കൂടി
വാസവനഗരേ പോകുന്നേരം
അച്യുതകരഗതവാരിയിലെന്നുടെ
അശ്വംതന്നുടെ മജ്ജപതിച്ചു
നിയമവിരോധം ചെയ്തോരു നമ്മേ
ശമനപുരത്തിന്നയപ്പാൻ കൃഷ്ണൻ
കടുതായങ്ങൊരു സത്യം ചെയ്തു.
ഝടിതി വരും പുനരിവിടെയുമിപ്പോൾ
വിജയ! മഹാരഥ! വിവശതപോക്കി
നിജകുലധർമ്മം പാലിക്കേണം."

ഉടനെ അവിടെയുണ്ടായ കോലാഹലം ഊഹിക്കുകതന്നെ വേണം. തങ്ങളുടെ സർവ്വസ്വമായിക്കരുതി കൈകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണസ്വാമിക്കെതിരായിട്ടാണു്, താൻ ധർമ്മപുത്രാദികളുടെ മുമ്പിൽ വച്ചു പരസ്യമായും സ്പഷ്ടമായും ഒരു സത്യം ചെയ്തതു് എന്നു ഗ്രഹിച്ചപ്പോൾ:—

"എന്നു ഗയോക്തികൾ കേട്ടു കിരീടി
ഒന്നു നടുങ്ങിനിലത്തു പതിച്ചാൻ
വില്ലും ശരവും പോയിതുദൂരെ,
ഉല്ലാസങ്ങളുമൊട്ടു കുറഞ്ഞു,
ജ്യേഷ്ഠനതാകിയ ധർമ്മാത്മജനും
ഞെട്ടി വിറച്ചു ധരിത്രിയിൽ വീണാൻ.
ഭീമനുമൊന്നു പകർന്നിതു ഭാവം
കോമളനാകിയ നകുലൻ താനും
സഹദേവനു മതി സാഹസമോടേ
ഹാ! ഹാ! യെന്നുതുടങ്ങിനിനാദം
ദ്രൗപദിതാനും മുറവിളികൂട്ടി-
ദ്ദൈവവിരോധം വരുമെന്നോർത്തു
ശുദ്ധനതാകിയ ധർമ്മാത്മജനും
ബുദ്ധിപകർന്നു കരഞ്ഞുതുടങ്ങി."

കാര്യമായി എന്തെങ്കിലും ഒന്നു പറയുവാൻ ആദ്യമായി ധൈര്യപ്പെട്ടതു് ഭീമസേനനാണു്. സഹിക്കാവതല്ലാത്ത ദ്വേഷ്യത്തോടുകൂടെ അദ്ദേഹം ഇങ്ങനെപറഞ്ഞു.—"ജ്യേഷ്ഠ! നിർത്തുക, നിലവിളി നിർത്തുക; ഈ ഗയൻ ഒരു ദുഷ്ടനാണു്. ഇവനോടു് നാം യാതൊരു കരുണയും കാണിക്കേണ്ടതില്ല വരുന്നതൊക്കെ വരട്ടെ. ഇപ്പോൾ തന്നെ പിടിച്ചുകെട്ടി ഇവനെ, ഞാൻ സ്വാമിയുടെ അടുക്കൽ കൊണ്ടുചെല്ലാം. ചതിവനോടു ഈ പെരുമാററം ഉചിതംതന്നെ" എന്നാൽ ആ ആലോചന ധർമ്മപുത്രക്കു് സമ്മതമായില്ല. അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"അനുജ! അതുശരിയാകുമെന്നു തോന്നുന്നില്ല. ഗയൻ എങ്ങനെയുള്ള ആളായാലും നാം സത്യം പാലിക്കേണ്ടവരല്ലേ? അർജ്ജുനൻ ചെയ്തപ്രതിജ്ഞയ്ക്കു് അനുകൂലമല്ലാത്ത ഒരു പ്രവൃത്തിയും നമുക്കു വിഹിതമാവുകയില്ല. ശ്രീകൃഷ്ണൻ എതിരായിവന്നാൽ നാം ചാവുകയേയുള്ളു. പക്ഷെ മരണഭയംമൂലം സത്യഭംഗം ചെയ്യാമോ? നാം ഇങ്ങനെ കാട്ടുകയറി നടക്കുന്നതുതന്നെയും ഒരു പ്രതിജ്ഞാപാലനത്തിനാണല്ലോ" ഇങ്ങനെ അഭിപ്രായഭേദവും അലയും മുറയും നടക്കവേ, നാരദമഹർഷി ദൈവഗത്യാ എന്നതുപോലെ അവിടെ വന്നുചേർന്നു. വിവിധവിദ്യാവിശാരദനായ അദ്ദേഹത്തിന്റെ ആഗമനം ആ ആപത്സന്ധിയിൽ അവർക്കു് അല്പം ഒരു ആശ്വാസ

കാരണമായി. ഉപചാരം ചെയ്തു് അഗ്രാസനത്തിൽ അദ്ദേഹത്തെ ഇരുത്തിയശേഷം, ധമ്മപുത്രർ ഇങ്ങനെ ഉണർത്തിച്ചു:—

"കമലോത്ഭവ സുതനാകിയ മുനിവര!
വിമലഗുണാലയ! നാരദഭഗവൻ!
സന്താപാതുരനാകിയസമയേ
നിന്തിരുവടിയെക്കണ്ടതു ഭാഗ്യം.
ദയനാമിവനും കൃഷ്ണർ തന്നുടെ
നിയമവിരോധംചെയ്ത നിമിത്തം
ശമനപുരത്തിനയപ്പാൻ മുരരിപു
ശപഥംചെയ്തിഹ വരവുണ്ടിപ്പോൾ.
ഭുവനന്തന്നിലൊരുത്തനുമിവനെ
അവനം ചെയ്വാനാളായീല.
അക്കഥയൊന്നും ചൊല്ലാതിവിടെ
ദുഃഖത്തോടുമപേക്ഷിച്ചപ്പോൾ
ക്ഷത്രിയധമ്മം ലോപിക്കാതെ
രക്ഷിച്ചീടുവനെന്നൊരുസത്യം
സുരവരതനയൻ ചെയ്തുകൊടുത്തു,
പരമാർത്ഥങ്ങൾ പറഞ്ഞതുപിന്നെ
അപനയമെന്തിതിലധികമിദാനീം
കൃപാജലനിധിയാം നാരദ! സുമതേ!
സത്യമിളക്കനവനോ വിജയൻ
സത്യവിരോധം മാധവനുണ്ടോ
രണ്ടുപുറത്തുമുറപ്പുള്ളതിനാൽ
ശസ്ത്രപിണഞ്ഞുമരിക്കും വിജയൻ
ഉല്പലനേത്രൻ കരുണയൊഴിഞ്ഞൊരു
സ്വല്പസുഖപ്രദമെന്തു നമുക്ക."

ആ സങ്കടനിവേദനത്തിന് എത്രയും ആശ്വാസകരമായ ഒരു മറുപടിയാണ് നാരദനിൽനിന്നുണ്ടായതു്—"ഹേ! ധമ്മതല്പര! സ്വസ്ഥമായിരിക്കുക. ഭയത്തിന് അശേഷം വകയില്ല. ശ്രീകൃഷ്ണന്റെ കൈയാൽ അജ്ജുനന്റെ മരണം സംഭവിക്കയോ? അങ്ങനെ ഒരിക്കലും ഉണ്ടാവുകയില്ല. ഞാൻ ഒരു വലിയ രഹസ്യം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സഹസ്രകവചൻ എന്നു പേരായ ഒരു അസുരൻ പണ്ടുണ്ടായിരുന്നു. ആയിരം ചട്ടകൾ വേറെവേറെ നശിക്കാതെ മരണം അടയുന്നതല്ലെന്നു ബ്രഹ്മാവിൽനിന്ന് ഒരു വരവും ആയാൾ വാങ്ങിയിരുന്നു. ഒരു പന്തിരാണ്ടു തപസ്സു ചെയ്തശേഷം ഒരു പന്തിരാണ്ടു യുദ്ധംചെയ്താൽ മാത്രമാണ് അയാളുടെ ഉടുപ്പുകളിൽ ഒന്നു നശിപ്പിക്കാൻ ഒരുവനു കഴിയുന്നതു്. സഹസ്ര

കവചന്റെ ലോകോപദ്രവം അതികലശലായി. അതുനിമിത്തം സാക്ഷാൽ മഹാവിഷ്ണു നാരായണനായും നരനായും അവതരിച്ച്, ഒരുവൻ തപസ്സും അപരൻ യുദ്ധവും, മാറിമാറി നടത്തി, പന്ത്രണ്ടാം കൊല്ലത്തി ഒരു ചട്ടവിതം നശിപ്പിച്ചുപോന്നു. അങ്ങനെ അയാളുടെ തൊള്ളായിരത്തിതൊണ്ണൂറൊമ്പതു ചട്ടകം നശിപ്പിച്ചപ്പോൾ, ബ്രഹ്മപ്രളയകാലമായി സകംശങ്ങളെല്ലാം സർവേശ്വരനിൽ ലയിച്ചു. സഹസ്രകവചൻ സൂര്യനിലാണ്, നിർവ്വാണം അടഞ്ഞത്. കാലങ്ങൾ കഴിയവെ, പുനഃസൃഷ്ടിതുടങ്ങി.

സഹസ്രകവചൻ കർണ്ണനായും, മഹാവിഷ്ണു അർജ്ജുനനും, ശ്രീകൃഷ്ണനും ആയി നരനാരായണന്മാരായും, ജനിച്ചിരിക്കുകയാണ്. കർണ്ണനെകൊല്ലുന്നതിന് നരനാരായണന്മാരുടെ ഏകോപിച്ച ഉദ്യമം ആവശ്യമുണ്ട്. അർജ്ജുനന്റെ പന്തിരാണ്ടത്തേക്കുള്ള വനവാസം അത്രയും കാലത്തേക്കുള്ള തപസ്സായി ഗണിക്കപ്പെടും; കേൾക്കുക.

‘മാധവവിജയന്മാരിവരോർത്താൽ
ബോധിച്ചീടുകരണ്ടല്ലരച
പരിതാപമുണ്ടാകൊല്ലാവരികൊല്ലാസത്യഭംഗം
പൊരുതാലുംവേണ്ടതില്ലതരമല്ലെന്നൊഴിക്കേണ്ടാ;
കുരുവീര! പാർത്ഥ! തെല്ലുംപരിതാപമുണ്ടാകേണ്ടാ;
പരമേശൻതന്നൊരസ്ത്രംപരിചോടെകൈയിലില്ലേ?’

നാരദൻ ഇങ്ങനെ അവസാനിപ്പിച്ചശേഷംഅവിടെനിന്നുയാത്രപറഞ്ഞുപിരിഞ്ഞു; അദ്ദേഹംപോയതു നേരേ ഹസ്തിനപുരത്തേയ്ക്കാണ്. അദ്ദേഹം ദുര്യോധനന്റെ മുമ്പിൽഎത്തി. കൗരവരെല്ലാം രാജസഭയിൽ ഹാജരായി. മഹർഷിയെ പൂജിച്ച് ഉപചരിച്ച് പലവർത്തമാനങ്ങൾപറഞ്ഞകൂട്ടത്തിൽ നാരദൻ ഗയന്റെകഥയെ ഇങ്ങനെപ്രസ്താവിച്ചു:—

“വനത്തിൽനിങ്ങളെപ്പേടിച്ചൊളിച്ചു കായ്കളുംതിന്നു
പുലയ്ക്കുംപാണ്ഡവന്മാർക്കൊരനർത്ഥം സംഭവിച്ചിപ്പോൾ;
ഹയത്തിൻകണ്ഠവുമേറി വിയത്തിൽചെന്നു ഗന്ധർവൻ;
വധിപ്പാൻസത്യവുംകൃഷ്ണൻനടിച്ചുചെയ്തതോക്കാതെ
ഭരിപ്പാനർജ്ജുനൻതാനുംകഴിച്ചു സത്യമൊന്നിപ്പോൾ
അറിഞ്ഞുമാധവനുള്ളിൽ നിറഞ്ഞരോഷവുംപൂണ്ടു.
പരന്നസൈന്യമോടുംപോയ് പിണങ്ങുംപാർത്ഥനോടിപ്പോൾ
തുണയ്ക്കാനിങ്ങളുംചെന്നു, പിണക്കംവേണ്ടതില്ലിപ്പോൾ
ഇണക്കം ധർമ്മജനോടുകനക്കെത്താമസിക്കേണ്ട.
യദുക്കൾതന്നുടെ ഗർവംഅടക്കിവെയ്ക്കണംനിങ്ങൾ
പടുത്വംനിങ്ങളിലേറുന്നവർക്കുണ്ടാരഹംഭാവം,
തുണപ്പാൻ നിങ്ങളുംചെന്നാൽപിണക്കംകൃഷ്ണനുമേറും

നശിച്ചുപാണ്ഡവരെന്നിൽ നമുക്കസൌഖ്യയുംതീർന്നു-
ജയിച്ചു ഫൽഗുനനെങ്കിൽ തുണച്ചുവെന്നതുംവന്നു.
കനക്കെത്താമസം വേണ്ടാ, വിളിക്കുസോദരന്മാരെ,
എടുപ്പിൻശസ്ത്രജാലങ്ങൾ, നടപ്പിൻദ്രോണരും,ഭീഷ്മർ
മിടുക്കൻകർണ്ണനുംനീയും, നടപ്പിൻമുമ്പിനാൽതന്നെ
ഒരുക്കിൻതേരുകൾവില്ലും വരുത്തിൻവാരണവൃന്ദം,
നിരത്തിൻ, വാജിവൃന്ദത്തെ, മുഴക്കിൻകാഹളംശംഖം
ഉറക്കെ ഭേരിയുംതാക്കിനടപ്പിൻ വേഗമോടിപ്പോൾ
കടപ്പിൻഗിരിശൃംഗങ്ങൾ അടുപ്പിൻദ്വൈതകാന്താരം,
യദുക്കൾക്കൂട്ടമേവന്നു പടയ്ക്കുതീർച്ചയാകുമ്പോൾ
അടുപ്പിൻതാമസംഹീനംചെറുപ്പിൻനിങ്ങളുംചെന്നു
കുറപ്പിൻശങ്കയുമെല്ലാം മിടുക്കൻസാത്യകിതന്നെ
വധിപ്പിൻഭോജനെയൊന്നുവലപ്പിൻ, സീരിയെയൊന്നു
കുമപ്പിൻസായകം തൂകിയൊടിപ്പിൻമാധവൻവില്ലും,
പിടിപ്പിൻകയ്യുകൾരണ്ടും കൊട്ടുപ്പിൻമുഷ്ടികൾകൊണ്ടു
ശകുനിയെന്തുമൂളാഞ്ഞു? സകലംസമ്മതമല്ലേ
ശകുനംനന്നിക്കാലം, സുഖംനിങ്ങടെകാര്യം
സകലംസമ്മതമായോ?തടസ്സമിന്നിയുമുണ്ടോ
പെരുകുംകീർത്തിയുംനിന്റെ യശസ്സുംപൂർത്തിയാമിപ്പോൾ"

അസൂയ, പ്രതാപം, സൽബുദ്ധി, ഔചിത്യബുദ്ധിഎന്നിങ്ങനെ പല വശങ്ങളിൽ കൂടെ നൂറുവരെ ആകമാനം ഇളക്കിയ ആ പ്രസംഗത്തെ തടുത്തുനിൽക്കുവാൻ, ആ സഭയിൽ ആളുണ്ടായില്ല. കലികയറിയാലെന്നതുപോലെ അവർ ഇളകി. ദുര്യോധനന്റെ മറുപടിഅത്ഭുതപൂർവ്വമായവിധത്തിൽആയിരുന്നു. 'ആപത്തിൽഞങ്ങൾ പാണ്ഡവന്മാരെ സഹായിക്കാമെന്നുതന്നെയാണ് ഉറച്ചത്. ഞങ്ങൾ തമ്മിൽ ചിലകാര്യങ്ങൾസംബന്ധിച്ച് അഭിപ്രായഭേദം ഉണ്ട്. എന്നാൽ അവരും ഞങ്ങളുംതമ്മിൽ സഹോദരന്മാരാണ് എന്നുള്ളത് മറന്നുകൂടാത്തതാണല്ലോ. പാണ്ഡവന്മാരെ അന്വേഷിച്ച് ഞങ്ങൾ ഇതാ ദ്വൈതവനത്തിലേയ്ക്കു പുറപ്പെടുന്നു."

നാരദൻ അവിടെ നിന്നുഇറങ്ങി നേരെ ദ്വാരകയിലേക്കു നടന്നു. ശ്രീകൃഷ്ണൻ ഗയനെ തേടിപ്പിടിക്കുവാൻ സംഹാരരുദ്രനെപ്പോലെ ദ്വാരകയിൽനിന്നു പുറപ്പെടുന്ന ആ ഗഡുവിൽ, നാരദൻ അവിടെഎത്തി. നാരദനെ കണ്ടതിനാൽ സ്വല്പം നില്ക്കാതെ കഴിയുകയില്ലല്ലോ. എങ്കിലും മറുവർത്തമാനങ്ങൾ ഒന്നും പറയാതെയും കേൾക്കാതെയും അദ്ദേഹം പെട്ടെന്ന് ഇങ്ങനെ പറഞ്ഞു:—

"താപസകുലമണി മകുടമണേ!തവ
പാദസരോജം തൊഴുന്നേനടിയൻ

നിയമവിരോധം ചെയ്യൊരുമൂഢൻ
ഗയനെ വധിപ്പാൻ സത്യംചെയ്തു
പക്ഷീന്ദ്രന്റെ കഴുത്തിൽ കേറീ-
ട്ടീക്ഷണമിഹ ഞാൻപോകുന്നിപ്പോൾ
ഗന്ധർവാധിപനട്ടേശിയെങ്ങും
നിന്തിരുവടിയും കണ്ടിലല്ലി?"

മന്ദഹാസം ചെയ്തുകൊണ്ട് ആ കലഹപ്രിയൻ ഇങ്ങനെ പ്രസ്താവിച്ചു:—

"ഗയനുള്ളേടം ഞാൻ ചൊല്ലാം.
വിയത്തിലെങ്ങും കാണുകയില്ല;
പാണ്ഡുസുതന്മാർ മേവിന വിപിനേ
താണ്ഡവമോടു വസിക്കുന്നവനം;
അർജ്ജുനനവനെപ്പാലിപ്പാനായ്
ഗർജ്ജനസഹിതം സമയംചെയ്തു
ഉള്ളിലവൎക്കൊരുപേടിയുമില്ല
ഭള്ളുകളവരൊടു കൂടുകയില്ല,
പക്ഷീന്ദ്രന്റെ ഗളത്തിൽ ഭഗവാൻ
ബദ്ധപ്പെട്ടു ഗമിച്ചീടേണ്ട.
ശണ്ഠക്കൊക്കെയൊരുങ്ങിയവൎക്കു
കുണ്ഠതപിന്നെയുമുണ്ടിതല്ലെന്നാൽ
വല്ലാതുള്ളൊരു മന്ത്രികളോടും
ചിലപാനം ചില സൈന്യവുമായി
ചെല്ലാനൊട്ടും ഭാവിക്കേണ്ട
എല്ലാവരുമിതു ബോധിക്കേണം
ഊറ്റക്കാരാം ഭീഷ്മാദികളും
നൂറുവരും ഉണ്ടങ്ങു സഹായം
വല്ലായ്മക്കിനി മോഹിക്കേണ്ട
നല്ലതുക്ഷേമയെന്നോർത്തു വസിപ്പിൻ"

കോപാന്ധനായശ്രീകൃഷ്ണൻ പാണ്ഡവന്മാരുടെ ഈ പ്രസ്ഥാനത്തെക്കുറിച്ചു കേട്ടിട്ടു മൂക്കിന്മേൽ വിരലുവച്ചു സ്വല്പനേരം നിന്നുപോയി. "എന്തു! എന്നോടു പാണ്ഡവന്മാർ ഇങ്ങനെയോ ചെയ്യുന്നതു! നീചപ്പരിഷകൾ! എന്നെ ദ്രോഹിക്കുവാൻ ഉദ്ദേശിച്ചു, നിത്യശത്രുക്കളായ നൂറുവരുമായി യോജിച്ചു അവർ യുദ്ധത്തിനു തയ്യാറായി. അല്ലേ! ശിവശിവ! ആരവിടെ? സുഭദ്ര ഇവിടെ വരാൻപറയൂ"എന്നു കൃഷ്ണൻ കല്പിച്ചു. പാണ്ഡവന്മാരുടേയും സ്വഭർത്താവായ അർജ്ജുനന്റെയും പുറപ്പാടിനെക്കുറിച്ചു ശ്രീനാരദൻ പറയുന്നതു അടുത്തുനിന്നു കേട്ടു അന്ധാളിച്ചു നിന്നിരുന്ന, ആ സാധ്വി

—അതേ സുഭദ്ര— എരിപൊരികൊണ്ടു നില്ക്കുന്ന സോദരന്റെ മുമ്പിലേക്കു നീങ്ങിനിന്നു. ശ്രീകൃഷ്ണൻ പറഞ്ഞു:...“കേട്ടില്ലേ വർത്തമാനം! ഗയനെ രക്ഷിക്കാമെന്നു അർജ്ജുനൻ ഭരമേററിരിക്കുന്നു. ശിക്ഷയായി. ഗയനെ ഉടൻ ഉപേക്ഷിക്കാത്തപക്ഷം, ഇനി അർജ്ജുനൻ ഇല്ല. ആവാമെങ്കിൽ, വിവരം ഉടനെ അർജ്ജുനനെ ഗ്രഹിപ്പിക്കുക” സുഭദ്ര അക്ഷണം പുറപ്പെട്ടു, അർജ്ജുനനെ ചെന്നു കണ്ടു, വസ്തുത ചോദിച്ചു മനസ്സിലാക്കി; ആ സച്ചരിത ധർമ്മസങ്കടത്തിൽ അകപ്പെട്ടു. ശ്രീകൃഷ്ണന്റെ മനോഭാവം കണ്ടറിഞ്ഞിരുന്ന ആ നയജ്ഞ, ആപത്തിന്റെ സ്വഭാവത്തേയും ഗയനെ ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യത്തേയും അർജ്ജുനനെ വിവരമായും കരഞ്ഞുകൊണ്ടും ഗ്രഹിപ്പിച്ചു. എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. അർജ്ജുനന്റെ മറുപടി ഇങ്ങനെയായിരുന്നു:—

“കമലദലായത നയനേ! കാമിനി
കമനി!സുഭദ്രേ! ഖേദിക്കൊല്ലാ.
മധുരിപുഭഗവാനെന്നെവധിപ്പാൻ
വിധിയുണ്ടെങ്കിലൊഴിക്കരുതാക്കം.
ആശ്രിതദീനപരിത്യാഗം മമ
ചേർച്ചയുമല്ല നമുക്കു സുശീലേ!
ക്ഷത്രിയധർമ്മമുപേക്ഷിച്ചെന്തിനു
ഇക്ഷിതിതന്നിലിരുന്നീടുന്നു?
സുന്ദരിമാർമണിമകുടമണേ! നീ
ഖിന്നതയെന്തിനു പൊയ്ക്കൊണ്ടാലും
എന്നുടെ സത്യമിളക്കവുമില്ല,
നിന്നാണംബുജലോചനനാണെ.”

ആ സാധ്വി പിന്നെ എന്തുചെയ്യാനാണ്. മനസ്സുകലങ്ങി, കണ്ണുനീർ വാർത്തുകൊണ്ടു സുഭദ്ര മടങ്ങിവന്നു. അർജ്ജുനൻ വഴിപ്പെട്ടു വരുവാൻ മാർഗ്ഗമില്ല എന്നുമാത്രം ശ്രീകൃഷ്ണൻ ആ നാരീമണിയിൽനിന്നു ഗ്രഹിച്ചു. അർജ്ജുനന്റെ ധർമ്മസങ്കടത്തേയും ഭഗവൽഭക്തിയേയും തന്റെ വൈധവ്യത്തേയും സുഭദ്ര ജ്യേഷ്ഠഭ്രാതാവിനെ അറിയിച്ചു. അദ്ദേഹം, ഗൗനിച്ചില്ല. അതൊന്നും ശ്രദ്ധിക്കുവാൻ കോപാന്ധപ്രായമായിരുന്ന അദ്ദേഹത്തിന്റെ മനസ്സിനു ക്ഷമയുണ്ടായില്ല. എന്നുമാത്രമല്ല, ബലഭദ്രർ തന്റെ കൊട്ടാരത്തിൽനിന്നു എഴുന്നള്ളി, ശ്രീകൃഷ്ണന് അർജ്ജുനനോട് സഹജമായി വലിയ മമതയും ദുര്യോധനാദികളോട് അകാരണമായി വെറുപ്പും ആണെന്ന് അഭിപ്രായമുള്ള ബലഭദ്രർ, പാണ്ഡവന്മാരുടെ യഥാർത്ഥനിറം കണ്ടു് അവരെ ശകാരവർഷംകൊണ്ട് അഭിഷേകംചെയ്തു. അവിടെ

തന്നെയുണ്ടായിരുന്ന നാരദൻ ആ സന്ദർഭവും ഉപയോഗപ്പെടുത്താതിരുന്നില്ല. അദ്ദേഹം ബലഭദ്രരോടായി ഇങ്ങനെ പറഞ്ഞു:—

"സാഹസമൊന്നിനുമരുതിക്കാലം
ആഹവകാര്യം സൂക്ഷിക്കേണം
ഭീമൻ വലിയൊരുഗദയുമെടുത്തു
ഭൂമികുലുക്കിച്ചാടുന്നേരം
നേരിടുവാനിതിലാരാകുന്നു?
പോരുതുടന്നു നിനച്ചാൽപോരാ
വല്ലതുമാമതുനിൽക്കട്ടെന്നാൽ
വില്ലാളികളിൽ മുടിമണി വിജയൻ
വില്ലുകുലച്ചുരണത്തിനടുത്താൽ
മല്ലാരാതിയുമിത്തിരിമണ്ടും
ഭീഷ്മകൃപാദികൾ പോർക്കു വരുമ്പോൾ
വൃഷ്ണികൾ വന്നിദ്വാരകനിറയും
തെറെറന്നവർകളുമിപ്പുരി തന്നുടെ
ചുററും വന്നു വളഞ്ഞുതിമിർക്കും
ഗോപുരമതിലുകളൊക്കെക്കളയും
കൃപാദികളും തുഷ്ടന്നിരത്തും
മററും പലപല കരുമനക്കൂട്ടം
കുററം പലതും വന്നുഭവിക്കും
വല്ലായ്മക്കിനി മോഹിക്കേണ്ടാ,
നല്ലതു ക്ഷമയെന്നോർത്തുവസിപ്പിൻ"

സംഗതികളുടെ ഗതി പുറകോട്ടു നിങ്ങാത്തമട്ടായി. ദ്വാരക യുദ്ധസന്നദ്ധമായി:

'ഉദ്ധവർ സാത്യകി കൃതവർമ്മാദിക-
ളൊക്കെ വരുത്തിയൊരുക്കി നിറുത്തി
നൂറുസഹസ്രം രഥവും കൂട്ടി-
ട്ടറുനൂറയുതം വാജിനിരത്തി
ഗിരിവരവടിവാം കരികളുമനവധി
പെരുകിന ഭടജനമുദധിസമാനം'

ഇങ്ങനെയാണു പുറപ്പാട്. കുതിരപ്പടയും കാലാൾപ്പടയും മററുംകൂടിച്ചേർന്നപെരുമ്പടയും നായകന്മാരും ദ്വൈതവനത്തിൽ എത്തി. ശംഖവിളിയും പെരുമ്പറക്കൊട്ടും മററും കേട്ടു്, യദുസൈന്യംവരുന്ന വിവരം പല പ്രകാരങ്ങളിൽ അറിഞ്ഞിരുന്ന പാണ്ഡവന്മാരും നൂറുവരും, മററുബന്ധുക്കളും, മുമ്പേതന്നെ അണിനിരന്നിരുന്നു. യുദ്ധം ആരംഭിക്കാറായി. പൂർവസ്മരണനിമിത്തം ശ്രീകൃഷ്ണൻ അജ്ജുനനെ നോക്കി, അവസാനമായി ഒന്നുകൂടി ഇങ്ങനെപറഞ്ഞു:

"അയിവിജയ! തരിക ശയമരുതരുതു താമസം
ആയോധനം വേണമെന്നില്ല ശാഠ്യവും."
ധൎമ്മബദ്ധനായ അൎജ്ജുനൻ പലപ്രാവശ്യം കുനിഞ്ഞു നമസ്കരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.
"കമലദളനയന ജയ! മധുമഥന! മാധവ!
ആലംബനം മറ്റെനിക്കില്ല ദൈവമേ!
ശയനിലൊരു കരുണ മമ നഹിനഹി ജഗല്പതേ!
സത്യം പിഴപ്പിക്ക യോഗ്യമോ മാധവ!"
ശ്രീകൃഷ്ണൻ.—
"പടപൊരുക! വിജയ! ശഠ! മതി മതി മുഖസ്തുതി
പാടവമെല്ലാം കുറച്ചുവച്ചീടുവൻ!"
മുഖവുര പിന്നെ നീണ്ടില്ല. യുദ്ധം തുടങ്ങി.
മല്ലാന്തകനും പോരിക്കൊരുമിച്ചു
വില്ലുകുലച്ചു വലിച്ചുപതുക്കെ
ബാണമദാന്ധകനതിശയമായൊരു
ബാണമെടുത്തുതൊടുത്തരുൾചെയ്തു;
"നിയമവിരോധം ചെയ്തോരു ശയനെ-
ത്തരിക ധനഞ്ജയ! മടിക്കൂടാതെ"
അൎജ്ജുനൻ:—
"വളരെപ്പറയുന്നെന്തിനു കൃഷ്ണ!
ഒരുനാളും ഞാൻ തരികയുമില്ല.
ബാണംകണ്ടു ഭയപ്പെട്ടോടാൻ
ആണല്ലാത്തവനല്ലകിരീടി"
പിന്നെ സംശയമുണ്ടായില്ല:—
അച്യുതനപ്പോളൎജ്ജുനമാൎവ്വതു
ലക്ഷ്യവുമാക്കിശ്ശരവുംവിട്ടു.
മാൎവ്വിനു നേരെ വരുന്നൊരു വിശിഖം
നൂറായങ്ങു മുറിച്ചിതു വിജയൻ
പഞ്ചായുധരിപുതന്നെ വണങ്ങീ-
ട്ടഞ്ചാറസ്ത്രമൊരിക്കലയച്ചു.
ചക്രായുധനവയൊക്കെ മുറിച്ചു;
വിക്രമമോടു ശരങ്ങളയച്ചു
അതു് അങ്ങനെ നടക്കവേ, വേറൊരിടത്തു്
നീലാംബരനതുനേരമുഴറ്റൊടു
കോലാഹലമോടോടിയടുത്തു;
ഭീമനനുമൊരു ഗദകൈയിലെടുത്തു
ഭൂമികുലുക്കിയിളക്കിച്ചാട

മറെറാരിടത്ത്.—

കൃതവമ്മാവും ധമ്മാത്മജനും
ചതിക്രൂടാതെ കഴിച്ചിതുകലഹം

ഇനിയൊരിടത്ത്:—

ഉദ്ധവരോടു സുയോധനഭൂപൻ
യുദ്ധംചെയ്തു മരിച്ചകണക്കായ

ചിലനാഴികകൾക്കകം ഇന്നവർ ഇന്നസ്ഥലത്ത് എന്നു പറഞ്ഞുക്രൂടാതവണ്ണം യുദ്ധം എല്ലായിടവും കാണാറായ്:—

ലക്ഷ്മണനോടഥ സാംബൻതാനും
ലക്ഷ്മീപതിസുതരഖിലരുമധുനാ
മററുംയാദവസൈന്യമശേഷം
നൂററുവരോടു രണങ്ങൾതുടങ്ങി.'

പ്രധാനരംഗത്തേക്കു നോക്കുക. ശ്രീകൃഷ്ണനും അജ്ജുനനും തമ്മിലുള്ള പ്രയോഗം അമാനുഷികമായി വളൎന്നു. വിജയം കൃഷ്ണാജ്ജുനന്മാരിൽ ആൎക്കെന്നു തീർച്ചപ്പെടുത്തുവാൻ ഒരുത്തൎക്കും കഴിവില്ലാതായി:—

"പാൎത്ഥനമംബുജനേത്രൻതാനും
പാൎത്തലഗഗനം മൂടിശരത്താൽ,
ക്രൂരമറന്നു മുകുന്ദൻതിരുവടി
നൂറുശരങ്ങളൊരിക്കലെയച്ചു
നൂറംഖണ്ഡിച്ചജ്ജുനവീരൻ
നൂറുശതംശരമൊന്നായ വിട്ടു
അവയുംഖണ്ഡിച്ചഖിലജനേശൻ
അയുതംബാണമൊരിക്കലയച്ചു.
അയുതവുമെയ്തുമുറിച്ചുകിരീടി
നിയുതം ശരനിരവരഷംചെയ്തു
പട്ടുതയൊടവയുമൊഴിച്ചൊരുകോടി-
വിശിഖഗണത്താൽ മൂടിമുകുന്ദൻ
തൽക്ഷണമജ്ജുനനവയുംഭേദിച്ചാക്കി
ലക്ഷംകോടി ശരങ്ങളയച്ചു.
ശക്തിക്ഷയവുംപൂണ്ടുമുകുന്ദൻ
രക്തമണിഞ്ഞുകുഴഞ്ഞുവലഞ്ഞു
വില്ലുംവച്ചുകരഞ്ഞൊരുനേരം
മെല്ലെത്തേരിലിരുന്നു മുകുന്ദൻ"

അവിടം അങ്ങനെ നില്ക്കട്ടെ; അടുത്തരംഗത്തേക്ക ഒന്നു തിരിഞ്ഞുനില്ക്കാം:—

'സീരായുധനും മാരുതിതാനും
പോരതിഘോരംചെയ്യുംനേരം

പെരുമലസമനാം മാരുതിയപ്പോൾ
പടയുടെനേട്ടവേ പാച്ചിൽത്തുടങ്ങി
കരികളെയനവധി തെരുതെരെയപ്പോൾ
പരിചൊടുതച്ചുമുടിച്ചുതുടങ്ങി;
തുരഗഗണങ്ങടെ ചരണംപിടിപെ-
ട്ടടിയിലോളം ദൂരെയെറിഞ്ഞു,
കാലാൾപ്പടയെ ധൂളിപ്പിച്ചിഹ
ചോരയണിഞ്ഞു മദിച്ചുപുളച്ചു.
സീരായുധനടെരഥതുരഗത്തെ
പാരം തച്ചുഹനിപ്പാൻചെന്നു,
ഫലിയും മുസലംകൊണ്ടുകുമച്ചു,
പെരുമലപോലെ പതിച്ചിതുഭീമൻ'

സ്വല്പസമയത്തേക്കു തേരിൽ ഇരുന്നുപോയ ശ്രീകൃഷ്ണൻ അതാ എഴുന്നേററു. അങ്ങോട്ടുനോക്കുക.

'പന്നഗജാലസമാനശരങ്ങളെ
എണ്ണമൊഴിച്ചുപൊഴിച്ചുമുകുന്ദൻ
വൃത്രാരാതിസുതന്റെശരീരം
അസ്ത്രംകൊണ്ടുപിളന്നുസമസ്തം
ശക്തികുറഞ്ഞുകിരീടിയുമപ്പോൾ
ബദ്ധവിമോഹം വീണിതുതേരിൽ'

അർജ്ജുനൻ വീണുകണ്ടയുടനെ 'ശയൻ ഏറിടെ' എന്നു ശ്രീകൃഷ്ണൻ, അടുത്തു. എങ്കിലും, പ്രബുദ്ധനായ അർജ്ജുനൻ 'നില്ലു' കൃഷ്ണ! എന്നു തടുക്കുകയും ചെയ്തു.

യുദ്ധം നാരദനുകാട്ടുതീപോലെ പടന്നുപിടിച്ചു.

"പല പല വിശിഖങ്ങളയച്ചീടുന്നു.
ഫലമില്ലെന്നിരുവരും നിനച്ചീടുന്നു
യദുപതിമുഖമൊന്നു കറുത്തിടുന്നു
അതുകണ്ടുവിജയനും ചെറുത്തിടുന്നു
അനവധികബന്ധങ്ങൾ നിറഞ്ഞീടുന്നു
കഴുക്കളുംശവാക്കളും നിറഞ്ഞീടുന്നു
ജലധിയുംകലങ്ങീട്ടു മറിഞ്ഞീടുന്നു
ഗിരികളുംവടിവോടെ കുലുങ്ങീടുന്നു
വനതലമൃഗമെല്ലാം ഭ്രമിച്ചീടുന്നു
പടയുടെ വിധമെല്ലാം പകന്നീടുന്നു
ഇടയിടെ വിജയനും വലഞ്ഞീടുന്നു
കലഹത്തിൽമുനിതാനുംരസിച്ചീടുന്നു"

അത്രയുമായായാറെയും ജയാപജയങ്ങൾ കണ്ടുതുടങ്ങാഞ്ഞതുകൊണ്ട് മാനത്തിന്റെ അളവനുസരിച്ച് വാശിയും, വാശിയുടെ അളവനുസരിച്ച് യുദ്ധവും, മുറുകിത്തന്നെ വന്നു. അർജ്ജുനനാവട്ടെ അർജ്ജുനപക്ഷമാവട്ടെ, കുറയുന്നില്ല എന്നു കണ്ടപ്പോൾ, ശ്രീകൃഷ്ണൻ കോപമധികമായി അവസാനക്കൈകൾ പ്രയോഗിക്കുമെന്നുള്ള ദിക്കായി.

ഗാന്ധർവ്വാസ്ത്രമെടുത്തു തൊടുത്തു
കൗന്തേയന്റെശിരസ്സിനുവിട്ടു
ഗുഹ്യകമസ്ത്രം കൊണ്ടുതടുത്തു
വിഫലമാനസനായ കിരീടി
പർവ്വതവിശിഖമയച്ചിതുകൃഷ്ണൻ
ഗർവ്വൊട്ട വജ്രശരത്താൽനിർത്തി
പവനശരം പുനരീശശരത്താൽ
ശമനംചെയ്തതു കണ്ടൊരുഭഗവാൻ
നാഗാസ്ത്രത്തെ അയച്ചിതുകൃഷ്ണൻ
ഗരുഡാസ്ത്രേണതടുത്തുകിരീടി
ആഗ്നേയാസ്ത്രമയച്ചിതുകൃഷ്ണൻ
വരുണാസ്ത്രേണ തടുത്തിതു വിജയൻ."

ശരി. ഒന്നുകൊണ്ടും വിജയനു മടക്കമില്ലെന്നുകണ്ട് ശ്രീകൃഷ്ണൻ സാക്ഷാൽ സുദർശനചക്രം കൈയിൽ എടുത്തു.

അർജ്ജുനൻ ശ്രീപരമേശ്വരനെ നമസ്കരിച്ചു, സാക്ഷാൽ പാശുപതാസ്ത്രം കൈയിൽഎടുത്തു. മഹാവിഷ്ണുപരമേശ്വരന്മാരുടെശക്തികൾ പ്രതികൂലങ്ങളായി എതിരിട്ടാൽ എന്താണു നടക്കുന്നത് എന്നൊ, നടക്കാത്തത് എന്നൊ ഉറയ്ക്കുവാൻ ധൈര്യം കാണാതെയും അമ്പരന്നുകൊണ്ടും ബ്രഹ്മാവ് അഷ്ടദിക്പാലന്മാർ, ദേവന്മാർ, ഭൂതഗണങ്ങൾ മുതലായവർ വാനഭാഗങ്ങളിൽ നിരന്നു. ശ്രീകൃഷ്ണൻ അടങ്ങിയില്ല. സുദർശനം പ്രയോഗിക്കുവാൻതന്നെ ഉറച്ച്, ഇങ്ങനെ വിളിച്ചുപറഞ്ഞു:—

"വിക്രമജലധേ! പാണ്ഡവ! നമ്മുടെ
ചക്രമിതാശു വരുന്നതുകാൺക!
വിക്രമമൊക്കെയുമിവിടെക്കാണാം
ചക്രമിതാശു തടുക്കുന്നാകിൽ."

ശ്രീകൃഷ്ണൻ അതു പ്രയോഗിച്ചു.

"കോടി ദിവാകര മണ്ഡലസദൃശം
ശോഭകലർന്നു ജ്വലിച്ചുതുടങ്ങി

ദീപിച്ചണയും ജ്വാലകൾ തന്നിൽ
ദീപ്രപുക്കൊരുശലഭകംപോലെ
പടകളശേഷംവെന്തുതുടങ്ങി
പട്ടതരമൊന്നു നടുങ്ങി സുരന്മാർ"

അജ്ജുനൻ പാശുപതാസ്ത്രം പ്രയോഗിച്ചു.

"ത്രിഭുവനമൊക്കെ നശിച്ചുതുടങ്ങി
ദിനകരശോഭയുമില്ലാതായി."

അഖിലാണ്ഡചരിത്രത്തിൽ നടന്നിട്ടില്ലാത്ത പ്രസ്തുത സംഭവം കണ്ടിട്ട്:—

ചക്രാസ്ത്രങ്ങളടുത്തിട ചേന്നാൽ
ഇക്കാണായ പ്രപഞ്ചം നാസ്തി.

എന്നുള്ള വാസ്തവമറിഞ്ഞു്,

"അംബരചാരികളൊക്കെയുമോടി
നാൻമുഖനപ്പോൾ ഭീതിമുഴത്തു"

ചിന്താതീതമായ വേഗത്തിൽ, ബ്രഹ്മാവുതന്നെ യുദ്ധക്കളത്തിലെത്തി രണ്ടുപേരെയും തടുത്തുകൊണ്ടു്,

"നന്ദാത്മജഹരി! നാരായണഹരി!
നരകമുരാരേ! പങ്കജനേത്ര!
ചക്രമടക്കുകവേണം ഭഗവാൻ
കൈക്കെ നശിക്കും ത്രിഭുവനമിപ്പോൾ
പാണ്ഡവവീര! ധനഞ്ജയ! നീയും
തൂണ്ണം ശരമുടനാവാഹിക്ക"

എന്നു കല്പിച്ചു.

ആവൂ!! ഒരു ആശ്വാസമുണ്ടായി. പതിന്നാലു ലോകങ്ങളുടെ ചരിത്രം അവസാനിക്കാതെ കഴിഞ്ഞു.

ശ്രീകൃഷ്ണൻ ചക്രത്തേയും അജ്ജുനൻ പാശുപതത്തേയും ഉപസംഹരിച്ചു. രണ്ടുപേരും ബ്രഹ്മാവിനെ നമസ്കരിച്ച്, കല്പനകേൾക്കുവാനെന്നതുപോലെ തയാറായിനിന്നു. പ്രസ്തുത മത്സരം രാജിയായിത്തീരുവാനായി, ബ്രഹ്മാവ് ഇങ്ങനെ അരുളിച്ചെയ്തു:—

"നിമ്മലമാനസ! വിജയ! കേൾക്ക
ഗയനാമിവനെനമുക്കുതരേണം
അപജയമൊന്നും വരുകയുമില്ല

ഞാനങ്ങോട്ടിഹനൽകാംഗയനെ
ഊനംവരുമെന്നാധികരം വേണ്ടാ'

അർജ്ജുനൻ-

"ഉല്പലസംഭവ! നിന്തിരുവടിയുടെ
കല്പനകേൾപ്പാനീഷലുമില്ല."

അങ്ങനെ കല്പന കിട്ടിയ ഉടനെ, അർജ്ജുനൻ സ്വല്പനേരം കണ്ണടച്ചു. സ്വേച്ഛപോലെ ചെയ്തുകൊള്ളുവാൻ അനുവദിച്ച് ഗയനെ ബ്രഹ്മാവുതന്നെ ശ്രീകൃഷ്ണനെ ഏല്പിച്ചു. ശ്രീകൃഷ്ണൻെറ സത്യം നിവൃത്തിക്കുവാനുള്ള സന്ദർഭമായി.

"തൃക്കൈകൊണ്ടുപിടിച്ചുമുകുന്ദൻ
ചക്രംകൊണ്ടു ശിരസ്സുമുറിച്ചു
പൃത്ഥ്വയിലിട്ടു ചിരിച്ചിതുഭഗവാൻ"

ബ്രഹ്മാവാകട്ടെ, ശിരസ്സെടുത്തു പൂർവ്വസ്ഥാനത്തു വച്ച്

"ഉൾക്കനിവോടും യോജിപ്പിച്ചു
പ്രാണബലങ്ങളുമാശു വരുത്തി"

അർജ്ജുനനെ വിളിച്ചു,

'വീര! ധനഞ്ജയ! ഗയനിത! ചാരേ
ആരുംകൊല്ലുകയില്ലിനിയിവനെ'

എന്ന് അരുളിച്ചെയ്ത്, കൃഷ്ണാർജ്ജുനന്മാരെ പ്രത്യേകം പ്രത്യേകം അഭിനന്ദിച്ചു, ബ്രഹ്മാവ് അവിടെത്തന്നെ അന്തർദ്ധാനംചെയ്തു.

ആ യുദ്ധവിഭ്രമത്തിനിടയിൽക്കൂടെയും ഹൃദയത്തിൻെറ അഗാധതയിൽ പാണ്ഡവന്മാരോടു കപടതയില്ലാത്തകരുണയുണ്ടായിരുന്ന ശ്രീകൃഷ്ണനും, ശ്രീകൃഷ്ണനെക്കുറിച്ച് അഗാധമായഭക്തിനിറഞ്ഞിരുന്നപാണ്ഡവന്മാരും, ചിറമുറിഞ്ഞ നദീപ്രവാഹങ്ങൾപോലെ തടവില്ലാതെയും തടുത്താൽ നില്ക്കാതേയും, അന്യോന്യം ആശ്ലേഷിച്ചു വീണ്ടും ഒരുമിച്ചു.

ധർമ്മപുത്രർ;—

"മല്ലാരിദേവ! പോററി! വല്ലായ്മവന്നതെല്ലാം
മെല്ലെന്നുബോധിക്കേണം, കല്യാണമൂർത്തേ! കൃഷ്ണ!
നിന്തിരുവടിയല്ലാതാധാരം ഞങ്ങൾക്കോർത്താൽ
ബന്ധുവാരംബുജാക്ഷ! സന്തതംവണങ്ങുന്നേൻ.
കാരുണ്യമൂർത്തേ! നിൻെറ കാരുണ്യമുണ്ടാവാനായ്
പാരിച്ചഭക്തിയോടും, പൂജിച്ചുവണങ്ങുന്നേൻ.'

ശ്രീകൃഷ്ണൻ:—

"കുന്തീതനയന്മാരേ! സന്താപമുണ്ടാകേണ്ട
ബന്ധുഞാനുണ്ടു നിങ്ങൾക്കന്തരം തെല്ലുമില്ല
വത്സന്മാർ നിങ്ങളോടുമത്സരംവേണ്ടതല്ല.
ഉത്സാഹംചെയ്യേനത്തു ദുസ്സഹമെന്നേവേണ്ടു.
ധർമ്മതനയ! വീര! വന്നാലുമരികത്തു
നിർമ്മല! ഭീമ! നീയും സമ്മാനിച്ചയയ്ക്കേണം
ഇന്ദ്രതനൂജ! വീര! വന്നാലുമരികത്തു
എന്നോടുശണ്ഠതെല്ലും, നിന്നാണതോന്നീടേണ്ട."

ധർമ്മപുത്രർ—

"സാരസ്യമൂർത്തേ! കൃഷ്ണ! പാരുഷ്യം നിന്നോടൊരു-
കാലത്തുമുണ്ടാമെന്നോരാലസ്യംതോന്നീടേണ്ടാ
എന്നാലുംശോഭകളേറ്റം മാധവ! നമസ്കാരം
വേണംനിൻകൃപകൊണ്ടു ക്ഷീണങ്ങൾപോണംനാഥ!"

കഥ ഇനിയും വിസ്തരിക്കുവാനൊന്നുമില്ല. ഇങ്ങനെ സംക്ഷേപിക്കാം.

"പെരുകിനഭക്ത്യാ പാണ്ഡുസുതന്മാർ
തെരുതെരവീണു നമിച്ചൊരുശേഷം
അതികുതുകത്തോടു ഭഗവാനവരെ-
യതിശയമായി അനുഗ്രഹമേകി.
മലിനതപോവാൻ സ്നാനംചെയ്തു,
മലിനമകന്നൊരുയമുനാസലിലേ.
സ്നാനംചെയ്തവരൊക്കെക്കൂടി-
ട്ടനംക്രീഡാത്തുണകഴിച്ചു.
സോദനപാത്രമഹതപത്താലഥ
ബഹുതരവിഭവാൽ സദ്യകഴിച്ചു
പാണ്ഡവവൃഷ്ണികളൊന്നായപ്പോൾ
കണ്ണാടികളുടെ മുഞ്ഞികരുത്തു
ക്രൂരാഷ്ടന്നു യദുക്കളിവക്കിനി
ഘോരംവേണ്ട നമുക്കിനിയെന്ന്
വേറായ് മയ്യതിവിരുതന്മാരതി-
വേഗാൽ വാങ്ങി നിനച്ചിതുസപല്ലം
ബ്രഹ്മാത്മജനാം നാരദമുനിയുടെ
എഷണികേട്ടതു മേററമബദ്ധം
കൃഷ്ണനു ശണ്ഠ വിശേഷിച്ചുണ്ടാം

[…]ഷ്ണപരാക്രമനായ ഹലിക്കം.
[…]കൾക്കിവർ പാത്രവുമായി
അത്തൽമുഴുത്തഥ വൈരവുമായി
ഇത്തരമോൎത്തു കുരുക്കളെശേഷം
യാത്രകഥിക്കാതങ്ങു ഗമിച്ചു.
ധൎമ്മജനാദികളോടിടചേൎന്നൊരു-
നിൎമ്മലമാനസനാകിയഭഗവാൻ
വെണ്മതിശോഭ ജനിച്ചൊരുബലനും
നന്മയിലമ്പൊടു യാത്രപറഞ്ഞു.
പോവതിനായഥ തുനിയുന്നേരം
നാരദമുനിയും വന്നുകരേറി.
മുനിയെവണങ്ങിഹലായുധനപ്പോ-
ളിനിയെന്തുള്ളു ജഗത് ത്രയവാൎത്ത.
കനിവേറുന്നൊരു നിങ്ങളിലിങ്ങനെ
കനിവില്ലാതായെന്തൊരുകഷ്ടം!
ഇങ്ങനെ കേട്ടൊരു മാമുനിയപ്പോൾ
മംഗലവാക്കുകൾകൊണ്ടങ്ങവരെ
സംഗതിയഖിലവു മരുളിച്ചെയ്തി-
ട്ടങ്ങു മറഞ്ഞു നാരദമുനിയും
മംഗലദേവതകാമുകനോടും
മങ്ങിടാതൊരു സേനകളോടും
മംഗലമാകിന ദ്വാരാപുരിയതി-
ലങ്ങുഗമിച്ചു ഹരിയും ഹലിയും."

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00003321*
T61 C42

T61
C42